Reg. No. M. 2293

ഒറ്റപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 29 | 1956 ജനവരി 18—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 മകരം 4 | ലക്കം 23

# ആ മണിദീപം അണഞ്ഞുപോയി

## സഹായമെത്രാൻ തിരുമനസ്സിലെ ഹസ്തങ്ങളിൽനിന്നു അന്ത്യകൂദാശകൾ സ്വീകരിച്ചുകൊണ്ടു്

### എറണാകുളം മെത്രാപ്പോലീത്താ തിരുമേനി ജനവരി 10-ാംനു- വൈകിട്ടു 5 മണിക്കു കർത്താവിൽ നിദ്രപ്രാപിച്ചു



തിരുമേനിയുടെ വിയോഗവാർത്ത കർണ്ണാകർണ്ണികയാ പുറത്തായതോടുകൂടി ആ സ്നേഹതാതനോടുള്ള ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുന്നതിനു ജനാവലി അഹമഹമികയാ അരമനയിലേക്കു പ്രവഹിക്കുവാൻ തുടങ്ങി. 7 മണിയോടുകൂടി സ്ഥാനവസ്ത്രങ്ങൾ അണിയിച്ചു മൃതദേഹം അരമനഹാളിൽ തയാറാക്കിയ പീഠത്തിന്മേൽ സ്ഥാപിച്ചു. സഹായമെത്രാൻ തിരുമനസ്സിലെ കാർമ്മികത്വത്തിൽ ഒപ്പീസ് നടത്തി. തുടർന്നു വരാപ്പുഴ അതിരൂപതാ വികാരി ജനറാളുടെ പ്രധാന കാർമ്മികത്വത്തിലും സുറിയാനി കർമ്മലീത്താ മദ്ധ്യപ്രോവിൻസു പ്രൊവിൻഷ്യാളിന്റെ പ്രധാന കാർമ്മികത്വത്തിലും ഒപ്പീസുകൾ നടത്തപ്പെട്ടു. ബുധനാഴ്ച രാവിലെ മൃതദേഹം ആഘോഷമായി മെത്രാപ്പോലീത്തൻ ദേവാലയത്തിലേക്കു ആനയിക്കപ്പെടുകയും സഹായമെത്രാൻ തിരുമനസ്സുകൊണ്ടു പൊന്തിഫിക്കൽറാസ പാടുകയുംചെയ്തു. വൈകിട്ടു 5മണിക്കു ശവമഞ്ചം ദേവാലയത്തിൽനിന്നും പള്ളിയങ്കണത്തിൽ രാജോചിതമായി സജ്ജമാക്കിയിരുന്ന മണിമണ്ഡപത്തിലേക്കു മാററിസ്ഥാപിക്കപ്പെട്ടു. വ്യാഴാഴ്ച രാവിലെ 7 മണിക്കു ചങ്ങനാശ്ശേരിമെത്രാൻ തിരുമനസ്സിലെ പൊന്തിഫിക്കൽറാസ, തിരുവനന്തപുരം മെത്രാപ്പോലീത്താതിരുമനസ്സിലെ ചരമപ്രഭാഷണം എന്നിവയ്ക്കുശേഷം ആഡംബരപൂർണ്ണവും വികാരതരളിതവുമായ വിലാപയാത്ര സമാരംഭിച്ചു. സഹായമെത്രാൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിൽ പ്രത്യേകം തയാറാക്കിയ കല്ലറയിൽ ഭാരതത്തിന്റെ ആധുനികചരിത്രത്തിലെ ഏതദ്ദേശീയനായ ആദ്യമെത്രാപ്പോലീത്തായുടെ മൃതശരീരം സംസ്കരിക്കപ്പെട്ടു.

R. I. P.

# തിരുമേനിയുടെ ഹൃദയസ്പർശകമായ അന്തിമരംഗം



തിരുമേനി കാലംചെയ്തു ഉടനെ മുറിയിൽവച്ചെടുത്ത ഫോട്ടോ
സഹായമെത്രാൻ തിരുമേനിയും സമീപത്തുണ്ടായിരുന്ന വൈദികരും അരമനയിലെ മററു അന്തേവാസികളും.

ഇന്ത്യയിലെ കത്തോലിക്കാസഭയുടെ തൊടുകുറിയായി വിരാജിച്ചിരുന്ന ആ മണിദീപം പൊലിഞ്ഞുപോയി. 82 കൊല്ലം ദീർഘിച്ച അനുഗൃഹീതമായ ആയുഷ്കാലത്തിൽ 55 കൊല്ലം ഒരു വൈദികനായും 44 വത്സരക്കാലം വൈദികാദ്ധ്യക്ഷനെന്ന നിലയിലും കഴിഞ്ഞ 33 വർഷങ്ങളായി സീറോ-മലബാർ ഹയരാർക്കിയുടെ അധിനാഥനായും പ്രശോഭിച്ചിരുന്ന മഹാവന്ദ്യ ദിവ്യശ്രീ മാർ അഗസ്റ്റീൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു് ഹ്രസ്വമായ അസ്വാസ്ഥ്യത്തെത്തുടർന്നു് ജനു: 10-ാംനു വൈകുന്നേരം 5 മണിക്കു് തന്റെ നിത്യസമ്മാനം വാങ്ങുന്നതിനായി സ്വർഗ്ഗീയപിതാവിന്റെ സന്നിധിയിലേക്കു കടന്നുപോയിരിക്കുന്നു.

ഏറണാകുളം പട്ടണത്തെ മാത്രമല്ല കേരളക്കരയെ ആകമാനം സ്തബ്ധമാക്കി ആ ദാരുണസംഭവം. ശതാഭിഷേകം കഴിഞ്ഞെങ്കിലും ബാലസഹജമായ നിഷ്കളങ്കതയോടെയും യുവാക്കളെ വെല്ലുന്ന ചുറുചുറുക്കോടെയും ബുദ്ധികൂർമ്മതയോടെയും ഇന്നു പ്രഭാതംവരെ തന്റെ ചുമതലകൾ അനന്യസാധാരണമായ കൃത്യനിഷ്ഠയോടും പ്രാഗത്ഭ്യത്തോടുംകൂടി നിർവഹിച്ചിരുന്ന ആ മഹാരഥൻ—മാർ അഗസ്റ്റീൻ കണ്ടത്തിൽ തിരുമേനി—നമ്മുടെ മദ്ധ്യേനിന്നും ഇത്രവേഗം തിരോധാനം ചെയ്യുമെന്നു് ആരു കരുതി!

വലിയ പിതാവിന്റെ വിശ്വസ്തസഹായിയും വലംകൈയുമായ നിതാന്തവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ കരങ്ങളിൽനിന്നും അന്ത്യകൂദാശകൾ കൈക്കൊണ്ടു് സ്വന്തം വൈദികരുടെയും അജഗണങ്ങളുടെയും പ്രാർത്ഥനകൾക്കിടയിൽ അവിടുന്നു ദിവംഗതനായി.

ഏററവും സമാധാനപരമായിരുന്നു അവിടുത്തെ അന്തിമരംഗം. തിരുമനസ്സിലേക്കു കാലത്തു് അല്പം അസ്വാസ്ഥ്യം തോന്നുകയും ഉടനെതന്നെ സ്വന്തം ഡോക്ടറെ വരുത്തുകയും ഡോക്ടർ വേണ്ട വൈദ്യസഹായങ്ങളെല്ലാം നൽകുകയും ചെയ്തു. അതേത്തുടർന്നു് ആലസ്യത്തിനു അല്പം ശമനം കണ്ടു. ഉച്ചതിരിഞ്ഞപ്പോൾ ആലസ്യം വീണ്ടും വർദ്ധിച്ചു. അന്ത്യകൂദാശകളെല്ലാം നൽകണമെന്നു തിരുമനസ്സുകൊണ്ടുതന്നെ ആവശ്യപ്പെട്ടു. അതനുസരിച്ചു് സഹായമെത്രാൻ തിരുമേനി തിരുപാഥേയം നൽകി. ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ കരങ്ങളിൽനിന്നുതന്നെ അവിടുന്നു അന്ത്യകൂദാശകൾ സ്വീകരിക്കുകയും ചെയ്തു. തദവസരത്തിൽ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു തന്നെയാണു് പ്രാർത്ഥനകൾ ഏററുചൊല്ലിയിരുന്നതു്.

അടുത്തുനിന്നിരുന്ന സഹായമെത്രാൻ തിരുമേനിയോടും ചാൻസലർ വെ. റവ. മോൺ: വറുഗീസ് പുളുക്കേരി അവർകളോടും അത്യാവശ്യമായ ചില കാര്യങ്ങളെപ്പററി അരുളിച്ചെയ്യുകയും അരമനയിലെ മററു വൈദികരെപ്പററി താല്പര്യപൂർവ്വം അന്വേഷണം നടത്തുകയും Sacred Heart of Jesus, I trust in Thee (ഈശോയുടെ തിരുഹൃദയമേ അങ്ങയിൽ ഞാൻ വിശ്വാസമർപ്പിക്കുന്നു) എന്നു രണ്ടു പ്രാവശ്യം ഉച്ചരിച്ചുകൊണ്ടു് വീണ്ടും ശയ്യയെ പ്രാപിക്കയും ഏതാനും നിമിഷങ്ങൾക്കുള്ളിൽ എല്ലാവരുടെയും പ്രാർത്ഥനകൾക്കിടയിൽ അവിടുന്നു സമാധാനപൂർവ്വം ഇഹലോകവാസം വെടിയുകയും ചെയ്തു.

തിരുമനസ്സുകൊണ്ടു കാലം ചെയ്തുവെന്ന വാർത്ത കാട്ടുതീപോലെ പട്ടണത്തിലെങ്ങും പരക്കുകയും വൈദികരും കന്യാസ്ത്രീകളും പൗരജനങ്ങളുമുൾപ്പെടെ ധാരാളം പേർ കൂട്ടംകൂട്ടമായി അതിമെത്രാസനാരമനയിലേക്കു പ്രവഹിച്ചുതുടങ്ങുകയും ചെയ്തു.

ഏഴുമണിയോടുകൂടി തിരുമേനിയെ സ്ഥാനവസ്ത്രങ്ങൾ അണിയിച്ചു് അരമനഹാളിൽ പ്രത്യേകം സജ്ജമാക്കിയ മണ്ഡപത്തിൽ പ്രതിഷ്ഠിച്ചു. തുടർന്നു സഹായമെത്രാൻ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ചെറിയ ഒപ്പീസ് നടത്തപ്പെട്ടു. അനന്തരം വരാപ്പുഴ അതിരൂപതാ വികാരി ജനറൽ പ്രോട്ടോനോട്ടറി അപ്പസ്തോലിക്ക് റൈററ് റവ. മോൺ: അലക്സാണ്ടർ ലന്തപ്പറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും പിന്നീടു് കർമ്മലീത്താസൂറിയാനിസഭാമലബാർ പ്രോവിൻസിലെ പ്രൊവിൻഷ്യാൾ വെ. റവ. ഫാദർ ജോൺ ബെക്കുമാൻസ് അവർകളുടെ പ്രധാന കാർമ്മികത്വത്തിലും ഒപ്പീസ് നടന്നു.

അന്തിമോപചാരപ്രകടനാർത്ഥം നാനാമതസ്ഥരായ നിരവധിയാളുകൾ ഇടമുറിയാതെ അതിമെത്രാസനാരമനയിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു.

—o—

# മെത്രാപ്പോലീത്താ തിരുമനസ്സിലെ ജീവചരിത്രസംഗ്രഹം

കേരളകത്തോലിക്കാ സമുദായത്തിന്റെ ഈ നൂററാണ്ടിലെ അതിപ്രശസ്തസന്താനമായിരുന്ന മഹാനായ മാർ അഗസ്റ്റീൻ കണ്ടത്തിൽ തിരുമേനി 1874 ആഗസ്റ്റ് 25-ാംനു ചെമ്പിൽ ഇടവകയിൽപ്പെട്ട കണ്ടത്തിൽ കുടുംബത്തിൽ, വർക്കി, ത്രേസ്യാ എന്ന അനുഗൃഹീത ദമ്പതികളുടെ സന്താനമായി ഭൂജാതനായി. കേരളീയ കത്തോലിക്കാസഭയ്ക്കു അനേകം വൈദികരെയും കന്യാസ്ത്രീകളെയും പ്രദാനം ചെയ്തിട്ടുള്ള പ്രശസ്തമായ ഒരു കുടുംബമാണു് കണ്ടത്തിൽകുടുംബം.

സ്വപിതാവിൽനിന്നും നിലത്തെഴുത്തു പഠിച്ചശേഷം ചെമ്പു പ്രവൃത്തിപ്പള്ളിക്കൂടത്തിൽ ചേർന്നു പ്രാരംഭവിദ്യാഭ്യാസവും വൈക്കം ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ ചേർന്നു ഇംഗ്ലീഷ് വിദ്യാഭ്യാസവും നിർവഹിച്ചു. ഇക്കാലത്തുതന്നെ ഒരു വൈദികനാകണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിൽ രൂഢമൂലമായിരുന്നു. അങ്ങനെ 1887 നവംബർ 4-ാംനു വൈക്കം ഇംഗ്ലീഷ് സ്കൂളിൽനിന്നു വാഴക്കുളത്തു കർമ്മലീത്താ സന്യാസികൾ നടത്തിയിരുന്ന സെമിനാരിയിൽ ചേർന്നു സുറിയാനിഭാഷാപഠനം നടത്തി. 1888 ജൂലൈമാസത്തിൽ മാന്നാനം വൈദികവിദ്യാലയത്തിൽ ചേർന്നു. മാന്നാനത്തു നാലഞ്ചുകൊല്ലം പഠിച്ചശേഷം, കൂടുതൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നിർവഹിക്കുന്നതിനായി ചങ്ങനാശേരി സെൻറു് ബെർക്കുമാൻസ് ഹൈസ്കൂളിൽ ചേർന്നു.

ചങ്ങനാശേരിയിൽ പഠിച്ചുകൊണ്ടിരിക്കെ, 19-ാമത്തെ വയസ്സിൽ വൈദികവിദ്യാഭ്യാസപൂർത്തീകരണത്തിനായി അവിടുന്നു കാൻഡിയിലേക്കു് അയക്കപ്പെട്ടു. 1893 മുതൽ 1901 വരെ പ്രശസ്തമായ വിധത്തിൽ അവിടെ വിദ്യാഭ്യാസം ചെയ്തു. അവിടുത്തെ അനിതരസാധാരണമായ ഗുണവിശേഷങ്ങളും ഭരണനൈപുണ്യവും മനസ്സിലാക്കിയ സെമിനാരി അധികാരികൾ അവിടുത്തെ സഹപാഠികളായ വൈദികവിദ്യാർത്ഥികളുടെയും സെൻ ഡാ ചിററിസംഘത്തിന്റെയും പ്രീഫെക്ടായി നിയമിച്ചിരുന്നു. 1901 ഡിസംബർ 21-ാംനു കാൻഡിമെത്രാൻ മോൺ: പഞ്ഞാനിതിരുമേനിയിൽ നിന്നും അവിടുന്നു ഗുരുപ്പട്ടം സ്വീകരിക്കുകയും പിറേറദിവസം ദിവ്യപൂജ അർപ്പിക്കുകയും ചെയ്തു.

1902 ജനുവരി 1-ാംനു കാൻഡിയിൽനിന്നും എറണാകുളത്തു തിരിച്ചെത്തിയ ഉടനെ അവിടുന്നു എറണാകുളം പെററിസെമിനാരി റെക്ടറായി നിയമിതനായി. 1911 വരെ അവിടുന്നു ആ ഉദ്യോഗം തന്നെ പ്രശസ്തമായ നിലയിൽ നിർവഹിച്ചുപോന്നു. ഇതിനിടയ്ക്കു ചുരുങ്ങിയ കാലത്തേക്കു വടയാർ, കുടശേഖരമംഗലം എന്നീ പള്ളികളിൽ വികാരിയായി ജോലി നോക്കുകയുണ്ടായി.

എറണാകുളം വികാരി അപ്പസ്തോലിക്കയായിരുന്ന പഴേപറമ്പിൽ മാർ ളൂയിസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പിന്തുടർച്ചാവകാശത്തോടുകൂടിയ ഒരു സഹായിയെ തനിക്കു അനുവദിച്ചുതരണമെന്നു തിരുസിംഹാസനത്തിങ്കൽ ചെയ്തിരുന്ന അഭ്യർത്ഥന അനുവദിക്കുകയും അങ്ങനെ പെററിസെമിനാരി റെക്ടറായ കണ്ടത്തിൽ അഗസ്റ്റീനോസ് അച്ചനെ ആരാദിന്റെ മെത്രാനും എറണാകുളം വികാരി അപ്പസ്തോലിക്കയുടെ പിന്തുടർച്ചാവകാശത്തോടുകൂടിയ സഹായിയും ആയി തിരുസിംഹാസനത്തിൽനിന്നും നിയമിക്കുകയും ചെയ്തു. 1911 ആഗസ്റ്റ് 29-ാം തിയതിയാണു് ഈ തിരഞ്ഞെടുപ്പു നടന്നതു്. അക്കൊല്ലം ഡിസംബർ 3-ാംനു കാൻഡി ഭദ്രാസനപ്പള്ളിയിൽവച്ചു അവിടുന്നു മെത്രാൻ പട്ടം സ്വീകരിച്ചു.

മെത്രാൻ പട്ടാഭിഷേകാനന്തരം ഡിസംബർ 11-ാംനു എറണാകുളത്തു തിരിച്ചെത്തി, മാർ ളൂയിസ് മെത്രാനച്ചൻ തിരുമനസ്സിലെ സഹായി ആയി വർത്തിച്ചുപോന്നു. 1919 ഡിസംബർ 9-ാംനു മാർ ളൂയിസ് തിരുമനസ്സുകൊണ്ടു് നിര്യാതനായപ്പോൾ പിന്തുടർച്ചാവകാശം വഴി അവിടുന്നു എറണാകുളം വികാരി അപ്പസ്തോലിക്കയായി. പ്രസ്തുത മാസം 18-ാംനു മുറപ്രകാരം അവിടുന്നു വികാരിയാത്തുഭരണം ഏറെറടുത്തു.

അവിടുന്നു എറണാകുളം വികാരിയാത്തിന്റെ ഭരണം കൈയേററിട്ടു കൃത്യം നാലുകൊല്ലം തികഞ്ഞ ദിവസംതന്നെ അവിടുന്നു മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ടു. കേരളീയ സുറിയാനിക്കാർക്കായി തിരുസിംഹാസനത്തിൽനിന്നു ഹയരാർക്കി കല്പിച്ചനുവദിച്ചപ്പോൾ ഹയരാർക്കിയുടെ ആസ്ഥാനമായി എറണാകുളം നിശ്ചയിക്കുകയും ഹയരാർക്കി സ്ഥാപനത്തിനുവേണ്ടി വളരെയധികം യത്നിച്ചിരുന്ന തിരുമേനിയെത്തന്നെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കുകയും ചെയ്തു. അങ്ങനെ അവിടുന്നു ഭാരതത്തിലെ ഒന്നാമത്തെ ഏതദ്ദേശീയ മെത്രാപ്പോലീത്തയായി.

1923 ഡിസംബർ 21-ാംതിയതിയാണു് പതിനൊന്നാംപിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കേരളീയ സുറിയാനി ഹയരാർക്കി സ്ഥാപിച്ചതു്. 1924 നവംബർ 16-ാംനു ഹയരാർക്കി സ്ഥാപനബൂളമാർപ്പാപ്പായാൽ പ്രത്യേകം നിയുക്തനായിരുന്ന ലെപ്പിസിയെ മെത്രാപ്പോലീത്താ എറണാകുളത്തുവച്ചു പരസ്യം ചെയ്യുകയും മാർ അഗസ്റ്റീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേ

(ശേഷം 13-ാംപേജിൽ)



**For Favours Received**

Excuse for delay
Akkarapadam

# അവിടത്തെ പരിശ്രമങ്ങൾ

## ഒന്നിനു നൂറായി ഫലം പുറപ്പെടുവിച്ചു

### തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമേനി ചെയ്ത ചരമപ്രഭാഷണം

"ഇടയന്മാരുടെ നാഥൻ പ്രത്യക്ഷപ്പെടുമ്പോൾ ഒരിക്കലും ക്ഷയിച്ചുപോകാത്ത മഹിമയുടെ കിരീടം അങ്ങേക്കു നൽകും"

1 Pet 5·4

ഇന്നു് ഒരു തലമുറ കടന്നുപോകുന്നു. മറെറാന്നു് ആരംഭിക്കുന്നു. അതിശ്രേഷ്ഠമായ ഒരു ഭൂതകാലവുമായി നമുക്കുള്ള സജീവബന്ധത്തിന്റെ അവസാനത്തേതും, സർവപ്രധാനവും ഏറ്റം ബലിഷ്ഠവുമായ ശൃംഖല ഛേദിക്കപ്പെട്ടിരിക്കുന്നു. ഉദ്ദേശം അരശതാബ്ദക്കാലമായി ക്രിസ്ത്യാനികളുടെ എല്ലാവരുടെയും അഭിമാനസ്തംഭമായി പരിലസിച്ചിരുന്ന ആ വന്ദ്യപിതാവു് നമ്മോടു് എന്നേക്കുമായി യാത്രപറഞ്ഞുകൊണ്ടു് നിത്യതയിലേക്കു കടന്നുപോയിരിക്കുന്നു. ദൈവപരിപാലനയിലുള്ള നമ്മുടെ അചഞ്ചലമായ വിശ്വാസം മാത്രമാണു് ഇപ്രകാരമുള്ള ഒരു നഷ്ടം സഹിക്കുന്നതിനു് നമ്മെ ശക്തിപ്പെടുത്തുന്നതു്.

ദൈവപരിപാലനയുടെ അത്ഭുതാവഹമായ മാർഗ്ഗങ്ങൾ ഈ വന്ദ്യപിതാവിന്റെ ജീവിതത്തിൽ ആദ്യവസാനം നമുക്കു കാണാം. അദ്ദേഹം വഹിച്ചിരുന്ന സമുന്നതമായ സ്ഥാനത്തിനു സർവഥാ അർഹനാകത്തക്കവണ്ണം ദൈവം അദ്ദേഹത്തെ ഒരുക്കി.




പന്തലിലെ ജനക്കൂട്ടം

കുലീനത, സംസ്കാരസമ്പത്തു്, ആദ്ധ്യാത്മികപ്രബുദ്ധത ഇവയാൽ പ്രശസ്തമായ ഒരു കുടുംബത്തിൽ അദ്ദേഹം ജനിച്ചു. പൗരസ്ത്യദേശങ്ങളിലെന്നല്ല കത്തോലിക്കാലോകം ആകമാനമുള്ള വിദ്യാകേന്ദ്രങ്ങളിൽ അദ്വിതീയമായ ഒരു സ്ഥാനത്തുനിൽക്കുന്ന കാൻഡി വൈദികകലാശാലയിൽനിന്നും അതിലെ പ്രഥമസന്താനങ്ങളിൽ ഒരാളായി ഈ നൂററാണ്ടിന്റെ ആരംഭത്തിൽ അദ്ദേഹം വൈദികനായി അവരോധിക്കപ്പെട്ടു. സുറിയാനിക്കാരായ നമ്മുടെ വൈദികാദ്ധ്യക്ഷന്മാർ മിക്കവാറും എല്ലാവരും തന്നെ ജനിക്കുന്നതിനുമുമ്പു് ഈ വന്ദ്യദേഹം ഒരു വൈദികനായിരുന്നു. 55 കൊല്ലത്തെ വൈദികവൃത്തി, അതിരൂപതയുടെ കേന്ദ്രമായ ഈ മെത്രാപ്പോലീത്തൻ അരമനയിൽതന്നെയാണു അദ്ദേഹം ചെലവഴിച്ചതു്. 55 കൊല്ലം വൈദികനായും 44 കൊല്ലം മെത്രാനായും 33 കൊല്ലം മെത്രാപ്പോലീത്തായായും അദ്ദേഹം തിരുസഭയെ ശുശ്രൂഷിച്ചു. ഭാരതസഭയുടെ ആധുനികചരിത്രത്തിലെ ഒന്നാമത്തെ ഏതദ്ദേശീയ മെത്രാപ്പോലീത്തായായിരുന്നു ഈ വന്ദ്യപിതാവു്.

ഇന്നു എറണാകുളം അതിരൂപതക്കു് ഇൻഡ്യയിലെ ഭദ്രാസനങ്ങളുടെയിടയിലുള്ള സ്ഥാനം അസൂയാവഹമായ ഒന്നാണു്. സുശക്തവും വിശാലവും മനോഹരവുമായ ഈ സൗധത്തിന്റെ ശില്പിയാണു് നിദ്രചെയ്യുന്നതായി നമ്മുടെമദ്ധ്യേ നിദ്രകൊള്ളുന്ന ഈ ദൈവഭൃത്യൻ.

ദൈവസ്നേഹത്തെപ്രതി അയൽക്കാരുടെ സേവനത്തിനായി തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചിട്ടുള്ള 1500 കന്യകകൾ ഇന്നു ഈ അതിരൂപതയിലുണ്ടു്. വൈദികരായും വൈദികവിദ്യാർത്ഥികളായും 500 ലധികം ആളുകൾ ഈ അതിരൂപതയെ സേവിക്കുന്നു. വിശ്വാസചൈതന്യം തുളുമ്പുന്നവരായി 3 ലക്ഷത്തോളം വരുന്ന ജനങ്ങളും ഈ ഭദ്രാസനത്തിൽ ഇന്നുണ്ടു്.

അതിരൂപതയിലുള്ളവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ നന്മയ്ക്കായി തിരുമനസ്സുകൊണ്ടു് ചെയ്തിട്ടുള്ള സംരംഭങ്ങൾ ഓരോന്നായി ഇവിടെ എടുത്തുപറയുവാൻ സമയമില്ല. ആവശ്യവുമില്ല. എങ്കിലും അവയിൽ ഒന്നുരണ്ടു കാര്യങ്ങൾ പറയാതിരിക്കുന്നതു് അപരാധമായിരിക്കും.

ദൈവരാജ്യത്തിലെ പൗരന്മാരെ പരിശീലിപ്പിക്കുന്ന ചുമതല മനുഷ്യനു് ദൈവം തന്നെ ഭരമേല്പിച്ചിരിക്കുന്നതെന്നു് കത്തോലിക്കാസഭയ്ക്കു് ഉത്തമബോദ്ധ്യമുണ്ടു്. ഈ ബോദ്ധ്യംകൊണ്ടാണു് വിദ്യാഭ്യാസകാര്യത്തിൽ സഭ ഇത്രമാത്രം താല്പര്യം പ്രദർശിപ്പിക്കുന്നതു്. വിശ്വാസവും മതബോധവുമുള്ള പൗരന്മാരെ വാർത്തെടുക്കുന്ന മൂശകളാണു് നമ്മുടെ വിദ്യാലയങ്ങൾ.

ഉപരിവിദ്യാഭ്യാസം പ്രാധാന്യമർഹിക്കുന്ന കാര്യമെങ്കിലും യഥാർത്ഥമായ സ്വഭാവരൂപീകരണവും സ്ഥായിയായ സംസ്കാരസമ്പത്തും ലഭിക്കുന്നതു് വിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടങ്ങളിലാണെന്നുള്ളതു് സംശയരഹിതമാണു്. ഈ ബോദ്ധ്യത്തെ മുൻനിർത്തി അഭിവന്ദ്യപിതാവും മററു വൈദികാദ്ധ്യക്ഷന്മാരും നിസ്തന്ദ്രം പരിശ്രമിച്ചതിന്റെ ഫലമാണു് ഇന്നു നമ്മുടെ ജനങ്ങളുടെയിടയിൽ കാണുന്നതായ വിശ്വാസചൈതന്യം. ഈ വിശ്വാസചൈതന്യത്തിന്റെ തെളിവു് എന്തെന്നു് എന്നോടു ചോദിച്ചാൽ എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു് ഇന്നു നമ്മുടെ യുവാക്കന്മാരുടെയും യുവതികളുടെയുമിടയിലുള്ള ധാരാളമായ ദൈവവിളിയാണു്. നമ്മുടെ സെമിനാരികളും നൊവിഷ്യേററുകളും നിറഞ്ഞു കവിയുന്നു. ധീരന്മാരായ നമ്മുടെ യുവാക്കൾ നൂറുകണക്കിനു് ഓരോ വർഷവും ദൈവസേവനത്തിനായി പുറപ്പെടുന്നു. വിശ്വാസവും ഭക്തിയും നിറഞ്ഞ കുടുംബങ്ങളിൽനിന്നും ജനങ്ങളിൽനിന്നും മാത്രമേ ഇത്ര സമൃദ്ധമായ ദൈവവിളിയുണ്ടാകയുള്ളൂ. ദൈവം നമ്മെ ഇന്നു സമൃദ്ധമായി അനുഗ്രഹിക്കയാണു.

ഈ വിശ്വാസചൈതന്യം നമ്മുടെ ജനങ്ങളിൽ നിലനില്ക്കുകയും വളരുകയും ചെയ്യണമെങ്കിൽ, ക്രിസ്തീയവിദ്യാഭ്യാസത്തിന്റെ മൂല്യങ്ങൾ സുരക്ഷിതമായിരിക്കണമെന്നു് ആത്മാർത്ഥമായി വിശ്വസിക്കുകയും അതിനായി നിരന്തരം പരിശ്രമിക്കുകയും ചെയ്ത ഒരാളായിരുന്നു പരേതനായ വന്ദ്യപിതാവു്. സഭയുടെ പാവനമായ ഈ അവകാശത്തിന്മേൽ എതിർശക്തികൾ കൈവയ്ക്കുകയും നമ്മുടെ നേതാക്കന്മാരുടെ പലരുടെയും മനസ്സിൽ സന്ദേഹങ്ങൾ ഉണ്ടാകുകയും അവരുടെ സ്വരം പതറുകയും ചെയ്തപ്പോൾ മററെല്ലാവർക്കും മാതൃകയും, പ്രചോദനവും നേതൃത്വവും നൽകിക്കൊണ്ടു് മുന്നേറിയ വീരഭടനാണു് നമ്മുടെമദ്ധ്യേ മറിഞ്ഞുവീണുകിടക്കുന്ന ഈ പുണ്യപുരുഷൻ. അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയുടെയും ധൈര്യത്തിന്റെയും ദൈവാശ്രയത്തിന്റെയും ഫലമായി സംരക്ഷിച്ചു് നമുക്കു് ശേഷിപ്പിച്ചിരിക്കുന്ന ഈ പിതൃസ്വത്തിനെ—കത്തോലിക്കാ വിദ്യാഭ്യാസത്തിൽ സഭക്കുള്ള പാവനാവകാശത്തെ—തന്റെ പിൻഗാമികളായ നാം സർവശക്തിയോടുംകൂടി പരിപാലിച്ചുകൊണ്ടുപോകണമെന്നാണു് നിശ്ശബ്ദമായി ആ പിതാവു് നമ്മെ ഉൽബോധിപ്പിക്കുന്നതു്. നിരവധി ത്യാഗങ്ങൾ സഹിച്ചു് "സത്യദീപം" "മലബാർ മെയിൽ" മുതലായ ഉത്തമ പ്രസിദ്ധീകരണങ്ങൾ ഏർപ്പെടുത്തിയതും വിശ്വാസത്തിന്റെ വർദ്ധനവിനും ശരിയായ വിജ്ഞാനവിതരണത്തിനും വേണ്ടിയാണു്.

വിശ്വാസത്തിനു് താങ്ങും തണലുമായിരിക്കുന്നതു് ശരിയായ വിദ്യാഭ്യാസമെങ്കിൽ, ക്രിസ്തീയ ജീവിതത്തിന്റെ മാനദണ്ഡം പരസ്നേഹമാണു്. "നിങ്ങൾക്കു് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നുവെന്നു് എല്ലാവരുമറിയും." ഏതൊരു വിശ്വാസഹീനനും പരിപൂർണ്ണബോദ്ധ്യമുണ്ടാകത്തക്കവണ്ണം ക്രിസ്തീയ ഉപവിയെ ഈ വന്ദ്യപിതാവു് പ്രത്യക്ഷമാക്കി. "ജനക്കൂട്ടത്തിന്മേൽ എന്റെ മനസ്സലിയുന്നു"വെന്നു പറഞ്ഞ ദിവ്യനാഥനെ അനുകരിച്ചുകൊണ്ടു് എല്ലാവരോടും പ്രത്യേകിച്ചു് അശരണരും നിരാധാരരും മനുഷ്യസമുദായത്താൽ നിന്ദിതരുമായ മനുഷ്യരോടുള്ള ആർദ്രമായ സ്നേഹത്താൽ പ്രേരിതനായി അവരെ പരിപാലിക്കുന്നതിലും, അവർക്കു വേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിലും ഈ വന്ദ്യപിതാവു സദാ ബദ്ധശ്രദ്ധനായിരുന്നു. ഇങ്ങനെയുള്ളവരുടെ സംരക്ഷണത്തിനായി സ്ഥാപിതങ്ങളായ ആസ്പത്രികൾ, അനാഥശാലകൾ, അഗതിമന്ദിരങ്ങൾ, അഭയാലയസങ്കേതങ്ങൾ എന്നിവ ഈ അതിരൂപതയിൽ അങ്ങുമിങ്ങും കാണാവുന്നതാണു്. ചേത്തലയിലെ കുഷ്ഠരോഗാശുപത്രി വന്ദ്യപിതാവിനു് പ്രത്യേകം പ്രിയംകരമായിരുന്നു. "ഈ ചെറിയവരിൽ ഒരുവനു ചെയ്തപ്പോൾ എനിക്കു ചെയ്തു" വെന്നു് കല്പിച്ചരുളിയ ദിവ്യനാഥൻ ഈ വിശ്വസ്തനായ ഭൃത്യനു് എത്ര വലുതായ പ്രതിഫലമായിരിക്കണം നൽകുന്നതു്! ഈ കാരുണ്യപ്രവൃത്തികൾ സ്ഥായിയായും സ്ഥിരമായും നടത്തത്തക്കവണ്ണം വന്ദ്യപിതാവു് വേണ്ട ഏർപ്പാടുകൾ ചെയ്കയും പ്രസ്തുത സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവർക്കു വേണ്ടി പരിശീലനകേന്ദ്രങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

ഇപ്രകാരമുള്ള പരിശ്രമങ്ങളിലും അതിരൂപതയുടെ നാനാമുഖമായ അഭിവൃദ്ധിക്കുവേണ്ടിയുള്ള എല്ലാ സംരംഭങ്ങളിലും വന്ദ്യപിതാവിനു് വിജയം നൽകിയതു് അങ്ങേ സുകൃതജീവിതവും സർവോപരി അങ്ങേ പരിപൂർണ്ണമായ ദൈവാശ്രയവുമായിരുന്നു. തന്റെ വൈദികർക്കും വിശ്വാസികൾക്കും വാക്കുകൊണ്ടെന്നതിനേക്കാൾ തന്റെ സുകൃതമാതൃക കൊണ്ടും ജീവിതംകൊണ്ടുമാണു് അദ്ദേഹം മാർഗ്ഗനിർദ്ദേശം നൽകിയതു്.

ഏതു വിഷമസന്ധിയിലും സമചിത്തതയോടെ വർത്തിക്കുന്നതിനും ഏതു പ്രതിബന്ധത്തെയും ധൈര്യപൂർവം തരണം ചെയ്യുന്നതിനും അദ്ദേഹത്തെ സഹായിച്ചതു് കേവലം മാനുഷികമായ ഏതെങ്കിലും സാമർത്ഥ്യമോ കഴിവോ ആയിരുന്നില്ല "കർത്താവേ നിന്നിൽ ഞാൻ ആശ്രയിച്ചു. ഞാൻ ഒരുനാളും ലജ്ജിക്കുകയില്ല" ഇതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. ദൈവം വിശ്വസ്തനാണു്. തന്നിൽ ആശ്രയിക്കുന്നവരെ അവിടുന്നു കൈവിടുകയില്ല. വന്ദ്യപിതാവു് തന്റെ എല്ലാ സംരംഭങ്ങളിലും തനിക്കു നേരിട്ട എല്ലാ വൈഷമ്യങ്ങളിലും ദൈവത്തിൽ തന്റെ ആശ്രയം വച്ചു ധൈര്യമവലംബിച്ചു. സർവത്തിലും ദൈവം അദ്ദേഹത്തെ വിജയിപ്പിച്ചു. "ലോകത്തെ ജയിക്കുന്ന വിജയം ഇതാകുന്നു, നമ്മുടെ വിശ്വാസം"

എറണാകുളം അതിരൂപതയുടെ പ്രത്യേക പ്രവർത്തനരംഗമായിരുന്നുവെങ്കിലും സീറോ മലബാർ സംസ്ഥാനത്തെ നേരിട്ടും മലങ്കരസംസ്ഥാനത്തെ പരോക്ഷമായും നയിക്കുകയും രണ്ടിനും ഇന്നു കൈവന്നിരിക്കുന്ന അഭിവൃദ്ധിക്കു് വേണ്ട മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും നൽകുകയും ചെയ്തതു് ഈ വത്സലപിതാവായിരുന്നു

മാർ തോമ്മാശ്ലീഹായുടെ ജൂബിലി യഥോചിതം ആഘോഷിക്കുന്നതിനു് ഈ വന്ദ്യപിതാവു പരിശ്രമിച്ചു. നമുക്കെല്ലാവർക്കും അഭിമാനംകൊള്ളത്തക്കവണ്ണം അതു വിജയകരമായി പര്യവസാനിക്കുകയും ചെയ്തു. അന്നു അദ്ദേഹത്തിനു് ആരോഗ്യമില്ലായിരുന്നുവെങ്കിലും ഈ ജൂബിലിസംബന്ധിച്ചുള്ള സമ്മേളനത്തിൽ ചെയ്ത പ്രസംഗംകേട്ടവർക്കു് ഒരു സിംഹത്തിന്റെ ഗർജ്ജനംപോലെയാണു് അതനുഭവപ്പെട്ടതു്.

ഒരു ജൂബിലിസമ്മാനമെന്നവണ്ണം പുണ്യംകൊണ്ടും ജ്ഞാനംകൊണ്ടും ഭരണസാമർത്ഥ്യംകൊണ്ടും തനിക്കു് ഏററവും അനുരൂപനായ ഒരു സഹായിയെ—നമ്മുടെ കൊച്ചുതിരുമേനിയെ—ലഭിക്കുന്നതിനും അദ്ദേഹത്തിനു ഭാഗ്യമുണ്ടായി.

മാർതോമ്മാശ്ലീഹായുടെ മക്കളായ നമുക്കു് ഭാരതത്തിൽ വലിയതൊക്കെ ചെയ്യുവാനുണ്ടെന്നും ഭാരതത്തിലെ പ്രേഷിതവേലക്കുള്ള വെല്ലുവിളി സ്വീകരിച്ചു് അതിനായി മുന്നിട്ടു പ്രവർത്തിക്കേണ്ടതു് കേരളത്തിലെ ക്രൈസ്തവരാണെന്നും അദ്ദേഹത്തിനു് നന്നായറിയാമായിരുന്നു. ഈ വേലയുടെ പ്രാരംഭമെന്നവണ്ണം സുറിയാനിക്കാരായി ഈ ക്ഷീണപ്രദേശങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്നവരെ സംഘടിപ്പിക്കുകയും അവർക്കു ശരിയായ ഭരണക്രമമുണ്ടാക്കുകയും ചെയ്യുന്നതിനു് അദ്ദേഹം ദീർഘകാലമായി ശ്രമിച്ചുകൊണ്ടിരുന്നു. സീറോ മലബാർ ഹയരാർക്കിയുടെ അധികാരസീമ കേരളമാകെയും ദക്ഷിണേന്ത്യയുടെ മററു ചില പ്രധാന ഭാഗങ്ങളിലും വ്യാപിക്കുന്നതു കാണുന്നതിനും, സർവോപരി തലശ്ശേരി ഭദ്രാസനം രൂപമെടുത്തു അതിന്റെ പ്രഥമമെത്രാൻ വാഴിക്കപ്പെട്ടുവെന്നു അറിയുന്നതിനും അദ്ദേഹത്തിനിടയായി. ഇതു സംബന്ധിച്ചു തിരുമനസ്സുകൊണ്ടുതന്നെ ഇങ്ങനെയാണു് പറയുകയുണ്ടായതു്. "വ്യക്തിപരമായി പറയുകയാണെങ്കിൽ ഈ കാര്യങ്ങളെല്ലാം സാധിച്ചുകിട്ടുന്നതിനു് നമ്മുടെ സാമന്തമെത്രാന്മാരുടെ സഹകരണത്തോടുകൂടി നാം വള്ള

(ശേഷം 11-ാംപേജിൽ)




ബ: കന്യാസ്ത്രീകൾ വിലാപയാത്രയിൽ



സിസ്റ്റർ അൽഫോൻസായുടെ മാദ്ധ്യസ്ഥംതേടി കഴിമാടം സന്ദർശിച്ചതുനിമിത്തം എന്റെ സുഖക്കേടു് തീരെ വിട്ടുമാറിയിരിക്കകൊണ്ടു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

ത്രേസ്യ ഇട്ടൂപ്പു് ചാലിശ്ശേരി
എടത്തുരുത്തി

# വന്ദ്യപിതാവിന്റെ ജീവിതമാതൃക

## നാം അനുകരിക്കണം

### ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ അനുസ്മരണ

ശവസംസ്കാരച്ചടങ്ങുകളുടെ അവസാനത്തിൽ എല്ലാവരോടും കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് ഇങ്ങനെ പ്രസ്താവിച്ചു:-

നമ്മുടെ വത്സലപിതാവ് കേവലം അപ്രതീക്ഷിതമായ സമയത്ത്, നമ്മെയെല്ലാവരെയും ദുഃഖാബ്ധിയിൽ താഴ്ത്തിക്കൊണ്ട്, പൊടുന്നനവെ നമ്മോട് യാത്ര പറഞ്ഞു പിരിഞ്ഞിരിക്കയാണ്. ഹൃദയം സങ്കടംകൊണ്ട് നിറഞ്ഞിരിക്കുന്ന ഈ അവസരത്തിൽ, അവസാനമായി രണ്ടു വാക്ക് നിങ്ങളോട് പറയുന്നതിന് എന്റെ നാവിനു ശക്തിയില്ല. ആകയാൽ, നമ്മുടെ വന്ദ്യപിതാവിന്റെ ഉത്തേജകമായ മാതൃക അനുസരിച്ചു ജീവിക്കുവാൻ നാം ദൃഢപ്രതിജ്ഞ ചെയ്യണമെന്ന് അനുസ്മരിപ്പിക്കുവാൻ മാത്രമേ പ്രധാനമായും ഞാനുദ്ദേശിക്കുന്നുള്ളു. പിതാവിനോടുള്ള കടപ്പാട് നിർവഹിക്കുവാനുള്ള ഏറ്റം ഉത്തമമായ മാർഗ്ഗം അതായിരിക്കും.

വന്ദ്യപിതാവ് ദൈവത്തിൽ സർവംകഷമായ വിശ്വാസമർപ്പിച്ചിരുന്ന ഒരാളാണ്. In Te Speravi "കർത്താവേ, അങ്ങിൽ ഞാൻ ശരണപ്പെട്ടു" എന്നതായിരുന്നു അവിടുത്തെ മുദ്രാവാക്യം. അതിനനുസൃതമായി അവിടുന്ന് അവസാനംവരെ ജീവിച്ചു.



വിലാപയാത്ര

തന്റെ സകല കഴിവുകളും ശക്തിവിശേഷങ്ങളും ദൈവത്തിൽനിന്നാകുന്നുവെന്ന ഉത്തമബോധത്തോടെ തിരുമനസ്സുകൊണ്ട് സദാപി വർത്തിച്ചിരുന്നു. ആകയാൽ ദൈവം വന്ദ്യപിതാവിനെ താങ്ങി; തിരുമേനിയുടെ കരങ്ങൾക്കു കരുത്തുകൂട്ടി. തത്ഫലമായി സംഭവബഹുലമായ അവിടുത്തെ ജീവിതകാലത്തു അവിസ്മരണീയങ്ങളായ പല വൻകാര്യങ്ങളും നിർവഹിക്കുവാൻ അവിടുത്തേക്കു സാധിച്ചു.

വിദ്യാഭ്യാസരംഗത്തും ജീവകാരുണ്യപ്രവർത്തനങ്ങളുടെ വിശാലമണ്ഡലത്തിലും തിരുമനസ്സുകൊണ്ടു മായാമുദ്ര പതിച്ചിട്ടുള്ള സംഗതി മാർ ഗ്രീഗോറിയോസ് തിരുമേനി തന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായല്ലോ. അന്ത്യശ്വാസം വിടുന്നതിനു മുമ്പുപോലും തിരുമനസ്സുകൊണ്ടു ഞങ്ങളെ വിളിച്ചു ഒരു ധർമ്മസ്ഥാപനത്തിന്റെ കാര്യം പ്രത്യേകം പറയുകയുണ്ടായി. ചുരുക്കിപ്പറഞ്ഞാൽ എറണാകുളം അതിരൂപതയുടെ ശില്പിവര്യൻ എന്ന സംപൂജ്യനാമം വന്ദ്യപിതാവു അർഹിക്കുന്നു. ഏവംവിധം സ്വജീവിതം മുഴുവൻ സേവനത്തിന്റെ ബലിവേദിയിൽ അർപ്പിക്കുവാൻ തിരുമനസ്സിലേക്കു പ്രചോദനം നൽകിയതും തിരുമനസ്സിലെ പ്രവർത്തനങ്ങളെ സർവഥാ വിജയശ്രീലാളിതമാക്കിയതും വിഷമസന്ധികളിലും പ്രതികൂലസാഹചര്യങ്ങളിലും പാദങ്ങൾ പതറാതെ മുന്നോട്ടു പോകുവാൻ ശേഷി നൽകിയതും തിരുമനസ്സിലെ അടിയുറച്ച ദൈവവിശ്വാസമാണ്. "കർത്താവേ, അങ്ങിൽ ഞാൻ ആശ്രയിച്ചു; ഞാനൊരിക്കലും ലജ്ജിതനാകയില്ല" എന്ന സങ്കീർത്തനവാക്യം തിരുമനസ്സിലെ ജീവിതത്തിൽ എത്ര അന്വർത്ഥമായിരിക്കുന്നു.

പ്രാർത്ഥനാനിരതമായ ഒരു ജീവിതമാണ് അടിയുറച്ച ദൈവവിശ്വാസത്തിന്റെ പ്രത്യക്ഷഫലവും പ്രകടസാക്ഷ്യവും. എത്രയോ മണിക്കൂറുകളാണ് തിരുമനസ്സുകൊണ്ട് ദിവസംതോറും പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങളിലായി പ്രത്യേകിച്ചും അതു എന്റെ ശ്രദ്ധയിൽപെട്ടിട്ടുള്ളതാണ്. ഏതെങ്കിലും കാര്യം ചോദിക്കുവാനായി തിരുമേനിയെ സമീപിച്ചിരുന്ന അവസരങ്ങളിൽ മിക്കപ്പോഴും തിരുമേനി കൊന്ത ചൊല്ലിക്കൊണ്ടിരിക്കുന്നതായിട്ടാണ് കണ്ടിട്ടുള്ളത്.

താദൃശമായ ദൈവവിശ്വാസത്തിന്റെയും പ്രാർത്ഥനാനിരതമായ ജീവിതത്തിന്റെയും പരിണതഫലമായി സൗഭാഗ്യകരമായ മരണം പ്രാപിക്കുവാൻ നമ്മുടെ വന്ദ്യപിതാവിനു സാധിച്ചു. അന്ത്യകൂദാശകളെല്ലാം തിരുമനസ്സുകൊണ്ടു സുബോധത്തോടും ഏററവും വലിയ ഭക്തിയോടുംകൂടി സ്വീകരിച്ചു. ഒടുവിലത്തെ ഒപ്പുശുശ്രൂഷ കൊടുക്കുവാൻ ചെന്നപ്പോൾ തിരുപ്പാഥേയംകൂടി വേണമെന്നു തിരുമേനിതന്നെ ആവശ്യപ്പെട്ടു. വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുമുമ്പ് "ഞാൻ പിഴയാളി" എന്ന ജപം, പശ്ചാത്താപത്തോടുകൂടി സ്ഫുടമായ സ്വരത്തിൽ തിരുമേനി ചൊല്ലി. അന്ത്യലേപനത്തിന്റെ സമയത്തു ഓരോ അവയവവും പൂശിക്കഴിയുമ്പോൾ "ആമ്മേൻ" എന്നുത്തരിച്ചു. അന്ത്യശ്വാസം വിടുന്നതിനുമുമ്പായി തിരുമനസ്സുകൊണ്ട് അരുളിച്ചെയ്ത വാക്കുകൾ "Sacred Heart of Jesus I trust in Thee" (ഈശോയുടെ തിരുഹൃദയമേ, നിന്നിൽ ഞാനെന്റെ വിശ്വാസമർപ്പിക്കുന്നു) എന്നതാണ്. അങ്ങനെ തന്റെ നിസ്തുലമായ വിശ്വാസചൈതന്യത്തിനു അവസാനമുദ്ര വച്ചുകൊണ്ട് തിരുമേനി തന്റെ പാവനാത്മാവിനെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരങ്ങളിൽ കയ്യേല്പിച്ചു. ഏവംവിധം തിരുമനസ്സിലെ സുദീർഘമായ ജീവിതം, സഭയ്ക്കും സമുദായത്തിനും രാജ്യത്തിനും വേണ്ടി ഉഴിഞ്ഞുവച്ചിരുന്ന ജീവിതം, വിജയമകുടം ചൂടി. മരിക്കുന്നതിനു രണ്ടു ദിവസം മുമ്പ്, വത്തിക്കാൻ റേഡിയോവിലൂടെ, തലശ്ശേരിയുടെ അഭിനവമെത്രാൻ, തിരുമനസ്സിലെ പ്രശസ്തസേവനങ്ങളെ സംക്ഷിപ്തമായിട്ടാണെങ്കിലും ലോകംമുഴുവൻ വിളംബരം ചെയ്തുവെന്ന വസ്തുതയും പ്രത്യേകം സ്മരണാർഹമാണ്. അതു ദൈവത്തിന്റെ പരിപാലനാവിശേഷത്താൽ സംഭവിച്ചതായി നമുക്കു വിചാരിക്കാം.

നമ്മുടെ വത്സലപിതാവ് ബാഹ്യദൃഷ്ടികൾക്ക് അദൃശ്യമായി ഭവിച്ചെങ്കിലും തിരുമേനി യഥാർത്ഥത്തിൽ മരിച്ചിട്ടില്ല. അവിടുത്തെ മഹനീയാദർശങ്ങൾ നമ്മോടുകൂടി എന്നും ജീവിക്കുന്നുണ്ട്. അവിടുത്തെ സ്വരം അന്തരീക്ഷത്തിൽ ലയിച്ചെങ്കിലും അവിടുത്തെ സന്ദേശങ്ങൾ നമ്മുടെ ഹൃത്തടങ്ങളിൽ പതിഞ്ഞുകിടക്കുന്നുണ്ട്. നമ്മുടെ വന്ദ്യപിതാവിന്റെ ജീവിതമാതൃക ഒരു മണിദീപമായി നമ്മുടെ കൺമുമ്പിൽ പ്രകാശിക്കുകയും പരിശുദ്ധവും ത്യാഗസുരഭിലവുമായ ഒരു ജീവിതത്തിലേക്കു നമ്മെ അനുനിമിഷം മാടിവിളിച്ചുകൊണ്ടിരിക്കുകയും ചെയ്യും. നമ്മുടെ വന്ദ്യപിതാവ് നമ്മെ പഠിപ്പിച്ചിട്ടുള്ള പാഠങ്ങൾക്കനുസൃതമായി ജീവിക്കുവാൻ ശ്രമിക്കുന്നതായിരിക്കും നമ്മിൽനിന്നു പിരിഞ്ഞുപോയ നമ്മുടെ പിതാവിനു ഏററവും പ്രിയങ്കരമായ സംഗതി. പിതാവിന്റെനേർക്കുള്ള സ്നേഹം പ്രകടിപ്പിക്കുവാനുള്ള അതിവിശിഷ്ടമായ ഒരു മാർഗ്ഗവും അതാണ്.

വന്ദ്യപിതാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ നമുക്കുള്ള ചുമതലയെയും നിങ്ങളെ ഞാൻ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ഏതൽസംബന്ധമായ വിശദവിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്. വന്ദ്യപിതാവിനോടു പ്രാർത്ഥിക്കുന്നതും നമുക്കു ഗുണപ്രദമായിരിക്കും. തിരുമേനി ദൈവസന്നിധിയിൽ നമുക്കുവേണ്ട പ്രാർത്ഥനകൾ അർപ്പിക്കാതിരിക്കുകയില്ല. നമ്മുടെ അതിരൂപതയെയും കേരളക്രൈസ്തവസഭയെയും തിരുമേനി സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുമെന്നു എനിക്കുറപ്പുണ്ട്.

തിരുമനസ്സിലെ ബന്ധുമിത്രാദികളോടു അനുശോചിക്കുന്നതിനു ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളട്ടെ.

അവസാനമായി ഞാൻ നിർവഹിക്കേണ്ട ചുമതല കബറടക്കച്ചടങ്ങുകളിൽ സംബന്ധിച്ച എല്ലാവരോടും കൃതജ്ഞത പ്രകാശിപ്പിക്കുകയാണ്. ഇവിടെ സന്നിഹിതരായി ഓരോ തിരുകർമ്മങ്ങൾ നിർവഹിച്ചും തിരുകർമ്മങ്ങളിൽ പങ്കുവഹിച്ചും ചടങ്ങുകളെ വിജയപ്രദമാക്കിയ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരോടും, വിശിഷ്യ ഞങ്ങളുടെ അയൽക്കാരനും സഹപ്രവർത്തകനുമായ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയോടും മലങ്കര സഭാദ്ധ്യക്ഷനായ മാർ ഗ്രീഗോറിയോസ് തിരുമേനിയോടും എറണാകുളം അതിരൂപതയുടെ നാമത്തിൽ ഞാൻ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. മോൺസിഞ്ഞോർമാർ, ഷെവലിയർമാർ മററു സ്ഥാനധാരികൾ, റെക്ടർമാർ, ആശ്രമശ്രേഷ്ഠന്മാർ, വൈദികർ, ശെമ്മാശന്മാർ, കന്യാസ്ത്രീകൾ തുടങ്ങിയ എല്ലാവരോടും ഞങ്ങൾക്കുള്ള നന്ദി അപാരമാണ്. ശവസംസ്കാരച്ചടങ്ങുകൾ ഭംഗിയാക്കിത്തീർക്കുന്നതിനു എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുതന്ന മുനിസിപ്പൽ അധികാരികളോടും, പോലീസുദ്യോഗസ്ഥന്മാരോടും, വന്ദ്യപിതാവിന്റെ ശവമഞ്ചത്തിൽ റീത്തുകൾ അർപ്പിച്ചുമററും ഉപചാരം പ്രകടിപ്പിച്ച നാനാജാതിമതസ്ഥരായ എല്ലാവരോടും ഞാൻ കൃതജ്ഞനായിരിക്കുന്നു.

വി. റീത്തായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Teresa Xavier

അനുശോചനസന്ദേശങ്ങളയച്ചും സ്വസാന്നിദ്ധ്യംകൊണ്ടും ഞങ്ങളെ അനുഗ്രഹിച്ചവരായ ഇന്ത്യൻ പ്രസിഡണ്ട് ഡോക്ടർ രാജേന്ദ്രപ്രസാദ്, രാജപ്രമുഖൻ തിരുമേനി, മുഖ്യമന്ത്രി, മററു മന്ത്രിമാർ, എം. പി. മാർ, എം. എൽ. എ. മാർ, ജസ്റ്റീസുമാർ, അഡ്വക്കേററ് ജനറൽ, അഭിഭാഷകന്മാർ, ഉദ്യോഗസ്ഥന്മാർ, കത്തോലിക്കാകോൺഗ്രസ്സ് തുടങ്ങിയ സംഘടനകളുടെ ഭാരവാഹികൾ ആദിയായവരോടും ഞങ്ങളുടെ കടപ്പാട് നിസ്സീമമാണ്. അർത്ഥവത്തായ അനുശോചനസന്ദേശങ്ങളയച്ച ഇന്ത്യയുടെ കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനിയെയും ഇൻറർനൺഷിയേച്ചറിലെ ചാർജ് ഡി അഫയേഴ്സിനെയും ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. ആരംഭംമുതൽ അവസാനംവരെ പിതാവിനെ ചികിത്സിച്ചിട്ടുള്ള ഡോക്ടർമാരോടും ഈ അതിരൂപത കടപ്പെട്ടിരിക്കുന്നു.

പിതാവ് ചരമം പ്രാപിച്ച ദുഃഖവാർത്ത ശ്രവിച്ച നിമിഷം മുതൽ ഊണും ഉറക്കവും ഉപേക്ഷിച്ച് ചടങ്ങുകൾ ഭംഗിയാക്കുവാൻവേണ്ടി അദ്ധ്വാനിച്ച ഈ ഇടവകയിലെ കർമ്മശൂരരായ യുവജനങ്ങളെ എത്ര അഭിനന്ദിച്ചാലും അധികമാകയില്ല. ദൂരസ്ഥിതങ്ങളായ മററു ഇടവകകളിൽനിന്നെല്ലാം, മററു രൂപതകളിൽനിന്നുപോലും കാർ, ബസ്സ് മുതലായവ കൊണ്ടുവന്നു വിലാപയാത്രയെ സമാകർഷകമാക്കിയ ഭക്തസംഘടനകളോടും ഇതരവിശ്വാസികളോടും പരിനായിരക്കണക്കിനു ഇവിടെ തടിച്ചുകൂടിയ ജനങ്ങളോടും എങ്ങനെ നന്ദിപറയേണ്ടുവെന്നു എനിക്കറിഞ്ഞുകൂടാ.

ഒരശനിപാതംകണക്കെ ഞങ്ങളുടെമേൽ പതിച്ച ഈ അത്യാഹിതം ഞങ്ങളെ ഏവരെയും പരിഭ്രാന്തചിത്തരാക്കിയതിനാൽ പല കൃത്യവിലോപങ്ങളും സംഭവിച്ചിട്ടുണ്ടാകാം. അവയ്ക്കെല്ലാം ക്ഷമായാചനം ചെയ്യുന്നതിനും ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. ഈ അതിരൂപതയിലെ വിശ്വാസികളോടും വൈദികരോടും എനിക്കു അവസാനമായി പറയാനുള്ളത് വന്ദ്യപിതാവ് നമ്മെ പഠിപ്പിച്ചിട്ടുള്ളതനുസരിച്ച് സ്നേഹത്തോടും ഐക്യത്തോടുംകൂടി മുന്നോട്ടു പോകുവാൻ ശ്രമിക്കണമെന്നും നമ്മുടെ അതിരൂപതയുടെയും ഭാരതത്തിലെ ക്രൈസ്തവസഭയുടെയും അഭ്യുദയത്തിനായി പ്രവർത്തിക്കണമെന്നുമാണ്. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ. വന്ദ്യപിതാവിന്റെ ആത്മാവ് സമാധാനത്തിൽ അധിവസിക്കട്ടെ.



കറുത്ത ബാഡ്ജുകൾ ധരിച്ച ജനക്കൂട്ടം വിലാപയാത്രയിൽ




കുറഞ്ഞ പലിശ നിരക്ക്

സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശക്ക് പാലാ സെൻട്രൽ ബാങ്കിൽ നിന്നും എളുപ്പത്തിൽ നിങ്ങൾക്ക് കടം വാങ്ങുവാൻ സാധിക്കും.

- ★ ഇടപാടുകൾ രഹസ്യമായിരിക്കുന്നതാണ്.
- ★ ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കും.
- ★ പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതുസംഖ്യയും കടം എടുക്കാം.

അടുത്തുള്ള ബ്രാഞ്ചുമാനേജരോട് വിശദവിവരങ്ങൾ ചോദിച്ചറിയുക.

ESTD 1927

പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

ഹെഡാഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

P.C. 2560

# മെത്രാപ്പോലീത്താ തിരുമനസ്സിലെ അന്തിമയാത്ര




മെത്രാപ്പോലീത്താ തിരുമനസ്സിലെ മൃതദേഹം മെത്രാപ്പോലീത്തൻ അരമനയുടെ താഴത്തെ നിലയിൽ ശവമഞ്ചത്തിൽ കിടത്തിയിരിക്കുന്നു, പെററിസെമ്മിനാരി വിദ്യാർത്ഥികളാണു പാർശ്വത്തിൽ

കാലം ചെയ്ത അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയോടു നാനാജാതിമതസ്ഥരായ കേരളീയജനാവലിക്കുള്ള അതിരററ ഭക്ത്യാദരങ്ങൾ നിതരാം വ്യക്തമാക്കമാറു് ചൊവ്വാഴ്ച വൈകിട്ടു മുതൽ അതിമെത്രാസനാരമനയിലേക്കു ജനക്കൂട്ടം പ്രവഹിച്ചുകൊണ്ടിരുന്നു. ബുധനാഴ്ച പ്രഭാതമായപ്പോഴേക്കും ജനക്കൂട്ടം പൂർവ്വാധികം വർദ്ധിച്ചു. കേരളക്കരയുടെ നാനാഭാഗത്തുനിന്നുമായി ആബാലവൃദ്ധം ജനങ്ങൾ തിരുമനസ്സിലെ സവിധത്തിലേക്കു സഹസ്രക്കണക്കിനു നീങ്ങിക്കൊണ്ടിരുന്നു.

കാലത്തു് 7 മണിക്കു് അതിമെത്രാസനാരമനയിൽനിന്നു സഹായമെത്രാൻ റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും ചങ്ങനാശേരി മെത്രാൻ തിരുമേനിയുടെയും ഒട്ടനേകം വൈദികരുടെയും സഹകരണത്തിലും കന്യാസ്ത്രീകളുടെയും വൈദികവിദ്യാർത്ഥികളുടെയും വമ്പിച്ച ഒരു ജനാവലിയുടെയും സാന്നിദ്ധ്യത്തിലും മൃതശരീരം എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിലേക്കു സംവഹിക്കപ്പെട്ടു.

മൃതദേഹം മെത്രാപ്പോലീത്തൻ പള്ളിയിൽ ഉയർന്ന പീഠത്തിൽ പ്രതിഷ്ഠിക്കപ്പെട്ടശേഷം സഹായമെത്രാൻ തിരുമനസ്സുകൊണ്ടു് പൊന്തിഫിക്കൽ റാസ അർപ്പിച്ചു. തുടർന്നു തിരുവല്ലാ മെത്രാൻ റൈററു് റവ. മാർ അത്തനാസിയോസ് തിരുമനസ്സുകൊണ്ടു് ദിവ്യപൂജ അർപ്പിച്ചു. തദനന്തരം റവ. ഫാദർ അഗസ്റ്റിൻ കണ്ടത്തിൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ റാസ നടന്നു. അതിനുശേഷം വിവിധ റീത്തുകളിൽ ഒപ്പീസ് ഇടമുറിയാതെ നടന്നുകൊണ്ടിരുന്നു. 11-30നു് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു വികാരി ജനറൽ മോൺ: ലന്തപ്പറമ്പിൽ മുതലായവരുടെ സഹകരണത്തിൽ ഒപ്പീസ് നടത്തി. തിരുവനന്തപുരം ആർച്ചുബിഷപ്പ്, തൃശ്ശൂർ, ചങ്ങനാശേരി, കോട്ടയം, പാലാ, കൊച്ചി, ഊട്ടി രൂപതാദ്ധ്യക്ഷന്മാർ എന്നീ അഭിവന്ദ്യ തിരുമേനിമാരും പ്രാർത്ഥനകൾ നടത്തുകയുണ്ടായി.

അനേകായിരമാളുകൾ കാലം ചെയ്ത തിരുമേനിയുടെ തിരുവാഴി ചുംബിച്ചു് അന്തിമാദരപ്രകടനം നടത്തി.

ഉച്ചതിരിഞ്ഞു് 4-30നു് മൃതദേഹം പന്തലിൽ പ്രത്യേക സജ്ജമാക്കിയ മണ്ഡപത്തിലേക്കു് സംവഹിക്കപ്പെട്ടു. അവിടെവച്ചു തൃശ്ശൂർ മെത്രാൻ തിരുമേനി സീറോ-മലബാർ ഹയരാർക്കിയിലെ മററു വൈദികാദ്ധ്യക്ഷന്മാരുടെ സഹകരണത്തിൽ ഒപ്പീസ് നടത്തി. തുടർന്നു തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമേനി, തിരുവല്ലാ മെത്രാൻ തിരുമേനിയുടെയും മററും സഹകരണത്തിൽ ഒപ്പീസ് നടത്തുകയുണ്ടായി.

—o—



തിരുമനസ്സിലെ മൃതദേഹം അരമനഹാളിൽനിന്നു മെത്രാപ്പോലീത്തൻ പള്ളിയിലേക്കു സംവഹിക്കുന്നു.



മൃതദേഹം അരമനയുടെ മുൻവശത്തു (നടവാതിൽക്കൽ)



മൃതദേഹം വഹിച്ചുകൊണ്ടുള്ള യാത്ര. (ബ്രോഡ്വേയിൽ)



മെത്രാപ്പോലീത്താ തിരുമനസ്സിലെ മൃതദേഹം മെത്രാപ്പോലീത്തൻ പള്ളിയിൽ. സഹായമെത്രാൻ തിരുമേനി പൊന്തിഫിക്കൽ റാസ അർപ്പിക്കുന്നു



മൃതദേഹംവഹിച്ചുള്ള യാത്ര. (സത്യദീപമാഫീസിനു മുൻപിൽ)

## ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി

### എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ

എറണാകുളം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയി, സഹായമെത്രാൻ റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ അംഗീകരിച്ചുകൊണ്ടുള്ള സന്ദേശം ഇൻറർനുൺഷിയേച്ചറിൽനിന്നു് ലഭിച്ചിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || JANUARY 18, ERNAKULAM || No. 23


## പിതൃവിയോഗം

പിതൃവിയോഗദുഃഖാർത്തമായ സത്യദീപത്തിന് ഈ അത്യാഹിതത്തെ വർണ്ണിക്കുവാൻ കെല്പില്ല. അതിവന്ദ്യമെത്രാപ്പോലീത്താ തിരുമനസ്സിലെ അപ്രതീക്ഷിതമായ ദേഹവിയോഗത്തിൽ ഓരോ വിധത്തിൽ ക്ലേശിക്കുന്ന വ്യക്തികളും സമൂഹങ്ങളും സ്ഥാപനങ്ങളുമുണ്ട്. എന്നാൽ സത്യദീപത്തിന്റെ ദുഃഖം സർവ്വവിധത്തിലുമുള്ളതാണ്. അതിന്റെ സ്നേഹനിധിയായ പിതാവു പോയി; ശക്തികേന്ദ്രമായ സംവിധാതാവു നഷ്ടപ്പെട്ടു; ആലംബമായ മാതൃഹൃദയം അപ്രത്യക്ഷമായി; പ്രചോദനനികേതനമായ കലവറ ശൂന്യമായി. തോരാത്ത കണ്ണീരിലൂടെയല്ലാതെ ആ സംഭവം സ്മരിക്കുക വയ്യ.

ക്രിസ്തുവിന്റെ പ്രതിരൂപമായ മാർ അഗസ്റ്റീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രാഗത്ഭ്യപ്രകർഷത്തിന്റെയും, പ്രേഷിതാസക്തിയുടേയും, ക്രിസ്തീയസ്നേഹത്തിന്റെയും, സേവനതൃഷ്ണയുടേയും ആകത്തുകയാണ് സത്യദീപം പ്രതിനിധാനംചെയ്യുന്നതെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. സത്യദീപത്തിനു ഓരോ ഭവനത്തിലും പ്രവേശം ലഭിക്കണമെന്നും അതു് ഓരോ മനുഷ്യമനസ്സിനും പ്രകാശമായിത്തീരണമെന്നുമുള്ള അഭിവാഞ്ഛയായിരുന്നു തിരുമേനിയുടെ ഹൃദയത്തിൽ സർവ്വോപരിയായി സ്ഥലംപിടിച്ചിരുന്നതെന്നു അവിടുത്തെ സമീപിച്ചിട്ടുള്ള ഓരോരുത്തർക്കും മനസ്സിലാക്കാൻ വിഷമമില്ല. പലേ കുഴഞ്ഞ പ്രശ്നങ്ങളേയും നേരിടേണ്ട ആധുനിക ജീവിതസാഹചര്യങ്ങളിൽ സത്യത്തെ പ്രകാശിപ്പിക്കുന്നതിനും സത്യമാർഗ്ഗം കാണിച്ചുകൊടുക്കുന്നതിനുമുള്ള മുദ്രാലയപ്രേഷിതത്വത്തിന്റെ അനിവാര്യമായ ആവശ്യകതയെ തിരുമേനി സ്പഷ്ടമായി കണ്ടതുകൊണ്ടാണ് അതിന്റെ സാഫല്യത്തിനു തക്കതായ ഈ ഉപാധിയെ അവിടുന്നു ആസൂത്രണം ചെയ്തതു്. വിശദമായ തത്വങ്ങളേയും വിശിഷ്ടമായ ആദർശങ്ങളേയും പ്രായോഗികമാക്കുന്നതിനുവേണ്ടി അനിരോദ്ധ്യമായ മനസ്ഥൈര്യത്തോടുകൂടി പ്രവർത്തിക്കുന്നതിൽ അദ്വിതീയനായ ആ കർമ്മപടു, 1927ൽ, സത്യദീപത്തിന്റെ ഉദയം മുതൽ അതിന്റെ ഭാസുരമായ പുരോഗതിക്കുവേണ്ടി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരുന്നു. സത്യദീപത്തെ പരിഷ്കരിക്കുന്നതിലും പുതിയ പുതിയ പ്രതിപാദ്യങ്ങളെകാലോചിതമായി സ്വീകരിക്കുന്നതിലും തിരുമനസ്സിലെ ദീർഘദൃഷ്ടിയോടുകൂടിയ നിർദ്ദേശങ്ങൾ അന്ത്യനിമിഷംവരെയും അവിടുന്നു നൽകിക്കൊണ്ടാണിരുന്നതു്. അതിനു ഒരുലക്ഷം തികയുന്ന ഒരു പ്രചാരത്തിനുവേണ്ടി തിരുമേനി ഉൽക്കണ്ഠ പ്രദർശിപ്പിച്ചിരുന്നു. എത്രപ്രാവശ്യമാണ് "ഒരു ലക്ഷ"മായോ എന്നു് ജിജ്ഞാസയോടുകൂടി അവിടുന്നാരാഞ്ഞിട്ടുള്ളതു്.

മഹത്തായ ഒരു ലക്ഷ്യത്തെ മുൻനിർത്തി, മഹാനായ ഒരു വിധാതാവു നിർമ്മിച്ചതാണ് "സത്യദീപം". അവിടുന്നിതാ മൺമറഞ്ഞു! എങ്കിലും അവിടുത്തെ പ്രചോദനം നമ്മെ ഉൽബുദ്ധമാക്കുമെങ്കിൽ, മഹത്തായ ആ ആദർശത്തിനുവേണ്ടി പണിയെടുക്കുന്നതിനുള്ള ഭാഗധേയം നമുക്കു തുടന്നാസ്വദിക്കാം.

ദിവംഗതനായ തിരുമേനിയുടെ പ്രകൃതിസിദ്ധവും പരിശ്രമലബ്ധവും ദൈവദത്തവുമായ ഗുണപൗഷ്കല്യങ്ങളെപ്പററി പ്രതിപാദിക്കുന്നതിനു തുനിയുന്നതു വലിയ സാഹസമായിരിക്കും. അദ്ദേഹം ദൈവത്തിനും തിരുസഭയ്ക്കും മാനവസമുദായത്തിനുംവേണ്ടി ജീവിച്ച ഒരു യതിവര്യനായിരുന്നു. ആദ്ധ്യാത്മികമൂല്യങ്ങളുടെ സംരക്ഷണത്തിനും, മനുഷ്യന്റെ മൗലികാവകാശങ്ങളുടെ സുരക്ഷിതത്വത്തിനും, മതപരവും സാമൂഹികവും വിദ്യാഭ്യാസപരവും, സദാചാരസ്പർശിയുമായ തത്വങ്ങളുടേയും അവകാശസ്വാതന്ത്ര്യങ്ങളുടേയും സന്ധാരണത്തിനുംവേണ്ടി പലേ രംഗങ്ങളിലും ധീരസമരം നടത്തി വിജയം കൈവരിച്ചിട്ടുള്ള ഒരു വീരസേനാനിയാണ് സ്മര്യപുരുഷൻ. ദൈവാനുഗ്രഹത്താൽ സുദീർഘമായ അവിടുത്തെ 81 കൊല്ലത്തെ ജീവിതത്തിൽ 55-ം ക്രിസ്തുവിന്റെ വൈദികോദ്യാനത്തിലെ ചുറുചുറുക്കുള്ള വേലക്കാരനായി അവിടുന്നു നിർവ്വഹിച്ചു. 44 നീണ്ട വർഷങ്ങളാണ് ഒരു വൈദികമേലദ്ധ്യക്ഷനായി അവിടുന്നു മാനവസേവനമനുഷ്ഠിച്ചതു്. അവിടുത്തെ മെത്രാനായി തിരഞ്ഞെടുത്ത പത്താംപീയൂസ് മാർപ്പാപ്പായെ, തിരുവൾത്താരകളിൽ വണങ്ങപ്പെടുന്ന ഒരു വിശുദ്ധനായി കത്തോലിക്കാസഭാമാതാവു് അപ്രമാദം പ്രഖ്യാപിച്ചുകഴിഞ്ഞു. വിശുദ്ധ പത്താംപീയൂസിന്റെ ഭക്തനും അനുയായിയുമായ മാർ അഗസ്റ്റീനോസിനു എത്ര സന്തോഷകരമായ ഒരു സംഭവമായിരുന്നു അതു്. 33 കൊല്ലത്തോളം ഇന്ത്യയിലെ പ്രഥമ ഏതദ്ദേശീയഹയരാർക്കിയുടെ അധിനാഥനായി ഉത്തരവാദിത്വപൂർണ്ണമായ സേവനമാണ് തിരുമേനി അനുഷ്ഠിച്ചതു്. പലേവിധത്തിൽ അതു വിജയമടഞ്ഞുവെന്നു അടിക്കടി നടന്ന സംഭവങ്ങൾ തെളിയിച്ചുകഴിഞ്ഞു. ഹയരാർക്കിയുടെ ന്യായമായ അവകാശാധികാരങ്ങൾ വ്യവസ്ഥാപിതമായി അംഗീകരിപ്പിക്കുന്നതിനും, അതിന്റെ പ്രവർത്തനോപാധികളെ ഫലപ്രദമായവിധത്തിൽ വികസിപ്പിക്കുന്നതിനും ധീരപോരാട്ടങ്ങളും, ശക്തിയായ സമ്മർദ്ദങ്ങളും, ഇടതടവില്ലാത്ത നിവേദനങ്ങളും തിരുമനസ്സുകൊണ്ടു് നടത്തിയിട്ടുണ്ടു്. അവയെല്ലാം വിജയമണിയുന്നതു കൺകുളുക്കെ കാണുന്നതിനു അവിടുത്തേക്കു ഭാഗ്യംലഭിക്കുകയുംചെയ്തു. തിരുമനസ്സിലെ വീരോചിതമായ സഭാസേവനത്തെ അംഗീകരിച്ചനുമോദിക്കുന്നതിനായി പരിശുദ്ധ സിംഹാസനം തിരുമേനിക്കു് "അസിസ്റ്റൻറ് അററ് ദി പോണ്ടിഫിക്കൽ ത്രോൺ", "ഡൊമെസ്റ്റിക്ക് പ്രിലേററ്", "റോമൻ കൗണ്ട്" എന്നീ സ്ഥാനങ്ങൾ കല്പിച്ചുനൽകുകയുണ്ടായി. പൗരസ്ത്യറീത്തുകളുടെ തിരുസംഘം സിക്രട്ടറിയായ അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമനസ്സിലെ ആഗമനവും മാർത്തോമ്മാശ്ലീഹായുടെ തിരുവവശിഷ്ടങ്ങളുടെ പ്രത്യാഗമനവും, ഏററം യോഗ്യനായ ഒരു സഹായമെത്രാനെ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയിൽ നിയമിച്ചുകിട്ടിയതും എല്ലാം അവിടുത്തെ ശ്രമങ്ങളുടേയും അവിടുത്തോടു് തിരുസിംഹാസനത്തിനുള്ള സ്നേഹവാത്സല്യങ്ങളുടേയും പരിണതഫലങ്ങളാണ്. 1926-ൽ ആഘോഷിച്ച ഗുരുപ്പട്ടരജതജൂബിലിയും, 1936-ൽനടന്ന മെത്രാൻപട്ടാഭിഷേകരജതജൂബിലിയും, 1951-ൽ വി. കർബാനയുടെ അഭൂതപൂർവ്വമായ നഗരപ്രദക്ഷിണത്തോടുകൂടി ആഘോഷിക്കപ്പെട്ട പൗരോഹിത്യസ്വർണ്ണജൂബിലിയും അവിടുത്തെ വൈദികജീവിതവിജയത്തിന്റെ മനോമോഹനമായ നാഴികക്കല്ലുകളായിരുന്നു. ആസന്നമായ മെത്രാൻപട്ടാഭിഷേകസ്വർണ്ണജൂബിലികൂടി ആഘോഷിക്കുന്നതിനുള്ള ഭരണീയലക്ഷങ്ങളുടെ അഭിവാഞ്ഛ ദൈവം അനുവദിച്ചില്ല. "അന്യഥാ ചിന്തിതം കാര്യം, ദൈവമന്യത്ര ചിന്തയേത്."

അനേകം നീണ്ടുനീണ്ട വാല്യങ്ങൾ എഴുതിച്ചേർക്കുവാൻപോരുന്ന ഭാസുരമായ ഒരു ജീവിതചരിത്രം വിരചിച്ചുകൊണ്ടു് സ്മര്യപുരുഷൻ ലോകയവനികയ്ക്കപ്പുറത്തേക്കു തിരോഭവിച്ചു. അവിടുത്തെ വിയോഗാവസരത്തിൽ അവിടുത്തെപ്പററി അനുസ്മരിച്ച ഓരോരുത്തരും ശക്തിയുക്തം വ്യക്തമാക്കിയതുപോലെ, അവിടുത്തെ മഹദ്ദാദർശം നമുക്കു മാർഗ്ഗനിർദ്ദേശം തുടന്നു നൽകുമാറാകട്ടെ. അവിടുത്തെ ആദർശാഭിലാഷങ്ങളുടെ വഴിത്താരയെ പ്രകാശമാനമാക്കുകയാണ് സത്യദീപത്തിന്റെ കർത്തവ്യം. അതിൽ സഹകരിക്കുന്നതിനു അവിടുത്തെ സ്നേഹിതലക്ഷങ്ങളെ വിനീതമായി ആഹ്വാനം ചെയ്യുകയാണ് ഞങ്ങൾ ഈ അവസരത്തിൽ. നമുക്കൊത്തൊരുമിച്ചു് ആ വീരനേതാവിനെ അനുഗമിക്കാം. അതായിരിക്കട്ടെ നാം അവിടുത്തേക്കു സമർപ്പിക്കുന്ന സ്നേഹോപഹാരം. പുത്രനിർവ്വിശേഷമായ ആത്മാർത്ഥസ്നേഹത്തോടും സേവനസന്നദ്ധതയോടുംകൂടി ഈ ആദർശത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടി സത്യദീപം അതിന്റെ സർവ്വകഴിവുകളും അവിടുത്തേക്കർപ്പിക്കുന്നു.

തിരുമേനിയുടെ പാവനാത്മാവു
നിത്യാനന്ദം അനുഭവിക്കട്ടെ!

## അനുശോചനസന്ദേശങ്ങൾ

**അതിവന്ദ്യ മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്റ്റീനോസ് തിരുമനസ്സിലെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു നാടിന്റെ നാനാഭാഗങ്ങളിൽനിന്നും അതിരൂപതാ അഡ്മിനിസ്ട്രേററർ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലേക്കു ലഭിച്ചിരിക്കുന്ന അനേകം കമ്പി സന്ദേശങ്ങളിൽ ഏതാനും ചിലവയുടെ പരിഭാഷ താഴെ ചേർത്തുകൊള്ളുന്നു.**

—ആർച്ചുബിഷപ്പ് കണ്ടത്തിൽ തിരുമനസ്സിലെ നിര്യാണം അറിഞ്ഞു പരിശുദ്ധപിതാവു ദുഃഖിക്കുകയും സഹതാപം രേഖപ്പെടുത്തുകയും ചെയ്യുന്നു. വൈദികർക്കും വിശ്വാസികൾക്കും, ദുഃഖിതയായ രൂപതയ്ക്കും പൈതൃകവും അപ്പസ്തോലികവുമായ ആശീർവാദം നൽകുകയും ചെയ്യുന്നു.

ഡെല്ലാക്കൂറാ, സബ്സ്റ്റിററ്യൂട്ട്
വത്തിക്കാൻസിററി.

—പ്രിയപ്പെട്ട മെത്രാപ്പോലീത്തായുടെ നിര്യാണത്തിൽ ഹൃദയപൂർവ്വമായ അനുശോചനം. തിരുമനസ്സിലേക്കുവേണ്ടി ദിവ്യബലി സമർപ്പിക്കുന്നതാണ്.

കർദ്ദിനാൾ ഗിൽറോയി
സിഡ്നി

—അഗാധമായ അനുശോചനങ്ങൾ. സംസ്കാരകർമ്മങ്ങളിൽ സംബന്ധിക്കുമായിരുന്നു. എന്നാൽ ബുധൻ വ്യാഴം വെള്ളി എന്നീ ദിവസങ്ങളിൽ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത പരിപാടികളിൽ ഏർപ്പെട്ടുപോയി.

കർദ്ദിനാൾ ഗ്രേഷ്യസ് ബോംബെ

—സുദീർഘവും ഫലസമൃദ്ധവുമായ വൈദികാദ്ധ്യക്ഷജോലിയിൽ വ്യാപൃതനായിരുന്ന മഹാനും നല്ലവനുമായ മെത്രാപ്പോലീത്തായുടെ നിര്യാണത്തിൽ ഹൃദയംഗമമായ അനുശോചനങ്ങൾ. കത്തോലിക്കാ അവകാശങ്ങളുടെ ഒരു നിർഭയസംരക്ഷകനായിരുന്നു അവിടുന്നു്. സംസ്കാരകർമ്മത്തിൽ സംബന്ധിക്കുവാൻ സാധിക്കാത്തതിൽ അത്യന്തം ദുഃഖിക്കുന്നു. വൈദികരുമൊത്തു ധ്യാനത്തിലാണ്.

ആർച്ചുബിഷപ്പ് പോത്തക്കാമുറി, ബാംഗ്ളൂർ

—മോസ്റ്റ് റവ. ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ നിര്യാണവാർത്ത അറിഞ്ഞു് പ്രസിഡണ്ടു് അത്യന്തം ദുഃഖിക്കുകയും ആത്മാർത്ഥമായ അനുശോചനങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു.

പ്രസിഡൻറു സിക്രട്ടറി
ന്യൂഡൽഹി

—മോസ്റ്റ് റവ. ആർച്ചുബിഷപ്പ് കണ്ടത്തിൽ തിരുമനസ്സിലെ നിര്യാണവാർത്ത അറിഞ്ഞു രാജപ്രമുഖൻ തിരുമേനി സ്തബ്ധനായിപ്പോയി. വ്യഥാകരമായ ഈ വേർപാടിൽ തിരുമേനി ആത്മാർത്ഥമായ സഹതാപവും അനുശോചനവും രേഖപ്പെടുത്തുന്നു.

രാജപ്രമുഖൻ തിരുമനസ്സിലെ
സിക്രട്ടറി തിരുവനന്തപുരം

—ആർച്ചുബിഷപ്പ് കണ്ടത്തിൽ തിരുമനസ്സിലെ ആകസ്മികനിര്യാണത്തിൽ കൊച്ചി മഹാരാജാവു തിരുമനസ്സിലേക്കുള്ള ഹൃദയംഗമമായ അനുശോചനം അറിയിക്കുവാൻ ഞാൻ ആജ്ഞാപിതനായിരിക്കുന്നു.

കൊച്ചിമഹാരാജാവു തിരുമനസ്സിലെ പ്രൈവററ് സിക്രട്ടറി,
തൃപ്പൂണിത്തുറ

# "ഉത്തമനും വിശ്വസ്തനുമായ ഭൃത്യാ, നിൻെറ യജമാനൻെറ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക"

## എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ റൈററ് റവ. ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സിലെ

# ഇ ട യ ലേ ഖ നം

നമ്മുടെ വന്ദ്യപിതാവു് നമ്മെയെല്ലാം ദുഃഖാർത്തരാക്കിക്കൊണ്ടു്, നാമാരും പ്രതീക്ഷിച്ചിരിക്കാത്ത സമയത്തു് നമ്മെ ഏവരേയും വിട്ടുപിരിഞ്ഞിരിക്കയാണല്ലോ. ഈ വേർപാടു നമുക്കെല്ലാവക്കും അത്യധികം സങ്കടമുളവാക്കുന്ന ഒന്നാണു്. തിരുമേനിക്കു നമ്മോടു ഓരോരുത്തരോടുമുണ്ടായിരുന്ന സ്നേഹവും വാത്സല്യവും അത്യഗാധമായിരുന്നു. യഥാർത്ഥത്തിൽ തിരുമേനി നമ്മുടെ ഏവരുടെയും പ്രിയപ്പെട്ട പിതാവു തന്നെയായിരുന്നു. വന്ദ്യപിതാവുതന്നെ സ്വന്തം കൈയ്പടയിൽ എഴുതി, തൻെറ മരണാനന്തരം, ശവസംസ്കാരത്തിനുമുമ്പു് ഉറക്കെ വായിക്കണമെന്ന നിർദ്ദേശത്തോടുകൂടി ഏല്പിച്ചിരുന്ന അവിടുത്തെ അന്ത്യശാസനത്തിൻെറ ഒരു ഭാഗത്തു് പറയുന്നതിപ്രകാരമാണു്: "പ്രിയ സഹോദരന്മാരായ ബ. പട്ടക്കാരെ, പ്രിയ മക്കളായ ശമ്മാശ്ശന്മാരെ, സന്യാസികളെ, കന്യാസ്ത്രീകളെ, വാത്സല്യകുഞ്ഞുമക്കളായ യുവജനങ്ങളെ, പ്രിയ ഭാജനങ്ങളായ മററു വിശ്വാസികളെ, നിങ്ങളോടു എന്തെങ്കിലും ഉപദ്രവങ്ങൾ ഞാൻ ചെയ്തുവോ, നിങ്ങൾക്കേതെങ്കിലും വിധത്തിൽ വല്ല ഉതപ്പുവരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ എന്നോടു നിങ്ങൾ പൊറുക്കണമെന്നു് നിങ്ങളോരോരുത്തരോടും വളരെ താഴ്മയായി അപേക്ഷിക്കുന്നു. നിങ്ങൾ പലപ്പോഴും എനിക്കു് ജ്ഞാനപൂക്കെട്ടു തന്നിട്ടുണ്ടു്. ഈ അവസരം സംബന്ധിച്ചും അവരവരുടെ ഹൃദയത്തിൽ തോന്നുന്നപ്രകാരം എനിക്കു്, ആത്മാവിൻെറ ആശ്വാസത്തിനായും, ദൈവതിരുമുമ്പിൽ കഴിയുന്നതും വേഗം എത്തിച്ചേരുന്നതിനായും വേണ്ടതു ചെയ്തുതരണമെന്നു് ഞാൻ നിങ്ങളുടെ ഓരോരുത്തരുടേയും കാല്ക്കൽ വീണു് പ്രാർത്ഥിക്കുന്നു. ഞാൻ ഓരോവിധത്തിൽ പണം കൊണ്ടും മററും സഹായിച്ചിട്ടുള്ളവരെങ്കിലും ഗ്രിഗോരിയൻ കുർബാന മുതലായതു നടത്തി എൻെറ ആത്മാവിൻെറ ആശ്വാസത്തിനു വേണ്ടതു ചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുന്നു. അവർ അങ്ങനെ ചെയ്യുമെന്നു് ഉറപ്പായി വിശ്വസിക്കയും ചെയ്യുന്നു. നിങ്ങൾക്കെല്ലാവക്കും, ഓരോരുത്തക്കും ഹൃദയപൂർവ്വമായ ആശീർവ്വാദം തരുന്നു. നിങ്ങളെയെല്ലാം നമ്മുടെ കർത്താവിൻെറ സ്നേഹം നിറഞ്ഞ തിരുഹൃദയവും നമ്മുടെ പരിശുദ്ധ അമ്മയും ആശീർവ്വദിച്ചു കാക്കട്ടെ."

അതിവന്ദ്യപിതാവിൻെറ അന്ത്യനിമിഷങ്ങളെപ്പററി കൃത്യതയായി മനസ്സിലാക്കുന്നതിനു്, അവിടുത്തെ മക്കളായ എല്ലാവർക്കും അതിയായ ആഗ്രഹമുണ്ടാകുക സ്വാഭാവികമാണല്ലോ. പിതാവിൻെറ ഇഹലോകജീവിതത്തിലെ അവസാനദിവസമായിരുന്ന ജനുവരി 10-ാംനു ചൊവ്വാഴ്ച കാലത്തും, പതിവുപോലെ തിരുമേനി ദിവ്യബലി അർപ്പിച്ചു. ഒൻപതരമണിയോടുകൂടി കപ്പേളയിൽ വിശുദ്ധകുർബാനയുടെ മുമ്പിൽ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോഴാണു് അല്പം അസ്വാസ്ഥ്യം തോന്നിയതു്. ഉടനെ പോയി കിടക്കുകയും വിവരം മററുള്ളവരെ അറിയിക്കുകയും ചെയ്തു. വേഗത്തിൽ ഡോക്ടറെ വരുത്തി വേണ്ട പ്രതിവിധികൾ നടത്തി. അസ്വസ്ഥതകൾക്കു തെല്ലൊലം ശമനമുണ്ടായെങ്കിലും, അവ തീരെ വിട്ടുമാറിയിരുന്നില്ല. എങ്കിലും പതിവുപോലെ തിരുമേനി അവയെല്ലാം ശാന്തമായി സഹിക്കയും സന്തോഷമായി വർത്തിക്കയുമാണ ചെയ്തുകൊണ്ടിരുന്നതു്. ഇതിനിടയിൽ, പിതാവു് എല്ലാവരുടേയും പ്രാർത്ഥന അഭ്യർത്ഥിക്കയും, കന്യകാലയങ്ങളിൽ ആരാധന നടത്തുവാനായി അറിയിക്കണമെന്നു നിർദ്ദേശിക്കയും ചെയ്തു. പിതാവിൻെറ കപ്പേളയിൽ, രണ്ടരമണിക്കു് ഞങ്ങളെല്ലാവരും കൂടി തിരുമണിക്കൂർ ആരാധന നടത്തി. ഏകദേശം നാലുമണിക്കു്, അസ്വസ്ഥതകൾ വർദ്ധിക്കുന്നതായി കണ്ടതുകൊണ്ടു് വീണ്ടും ഡോക്ടറെ വരുത്തി. പിതാവിനെ ബാധിച്ചിരുന്ന ഹൃദ്രോഗം ഗുരുതരമാണെന്നും, പിതാവിൻെറ സ്ഥിതി ആശങ്കാജനകമാണെന്നും ഡോക്ടർ ഖണ്ഡിതമായി അറിയിച്ചു. അന്ത്യകൂദാശകൾ സ്വീകരിപ്പാനുള്ള ആഗ്രഹം തിരുമേനി നേരത്തെതന്നെ പ്രദർശിപ്പിച്ചതാണു്. അപകടനില മനസ്സിലാക്കിയ ഉടനെ അന്ത്യകൂദാശകൾ കൊടുക്കുവാൻ ഞങ്ങൾ തയ്യാറായി. ഈ അവസരത്തിൽ പിതാവുതന്നെ ആവശ്യപ്പെട്ടതനുസരിച്ചു് അവിടുത്തേക്കു പാപമോചനം നൽകപ്പെട്ടു. അതേത്തുടന്നു അവിടുത്തേക്കു തിരുപ്പാഥേയവും ഒടുവിലത്തെ ലേപനവും നൽകുന്നതിനുള്ള ഏററവും വലിയ ഭാഗ്യം അവിടുന്നു തൻെറ സഹായമെത്രാനായി തിരഞ്ഞെടുത്തിരുന്ന അയോഗ്യദാസനായ എനിക്കുണ്ടായി. ശാന്തതയോടും ഭക്തിതീക്ഷ്ണതയോടും പരിപൂണ്ണമായ സുബോധത്തോടുംകൂടിയാണു് പിതാവു് അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചതു്. ഓരോ പ്രാർത്ഥനകളുടേയും മറുപടികൾ പിതാവുതന്നെ വ്യക്തമായി ഉച്ചരിക്കുകയുണ്ടായി.

അസ്വാസ്ഥ്യം അനുനിമിഷം വർദ്ധിച്ചുകൊണ്ടിരുന്നു. അതിനിടയിൽ എന്നേയും മററച്ചന്മാരേയും വിളിക്കയും, ചുരുക്കം ചില വാക്കുകൾ കല്പിച്ചുസംസാരിക്കയുംചെയ്തു. ഇവിടത്തെ മററു് അച്ചന്മാരും, പുറമെനിന്നും വന്നിരുന്ന ഒന്നുരണ്ടു വൈദികരും, പിതാവിൻെറ ഇപ്പോൾ ജീവിച്ചിരിക്കുന്ന ഏകസഹോദരനും, ബന്ധത്തിൽപ്പെട്ട മററു ചിലരും, അരമനയിലെ മറെറല്ലാ അംഗങ്ങളും ഞാനും തദവസരത്തിൽ പിതാവിൻെറ കിടക്കയ്ക്കു ചുററും പ്രാർത്ഥനയിലും ശുശ്രൂഷയിലും വ്യാപൃതരായി നിലകൊണ്ടിരുന്നു. പെട്ടെന്നു് പിതാവിൻെറ ആലസ്യം മൂർദ്ധന്യാവസ്ഥയെ പ്രാപിക്കുന്നതുകണ്ടു് പൂണ്ണദണ്ഡവിമോചനമുള്ള ശ്ലൈഹികാശീർവ്വാദം നൽകപ്പെട്ടു. "ഈശോയുടെ ഏററവും പരിശുദ്ധ ഹൃദയമേ, അങ്ങിൽ ഞാൻ ശരണപ്പെടുന്നു" എന്നു് ഭക്തിവിശ്വാസത്തോടെ ചൊല്ലിയ സുകൃതജപമായിരുന്നു തിരുമേനിയുടെ അന്ത്യവചസ്സുകൾ. എല്ലാ വൈദികരും പാപമോചനാശീർവ്വാദം നൽകിക്കൊണ്ടിരുന്നതിനിടയ്ക്കു്, കൃത്യം 5 മണിക്കു്, അവിടുത്തെ പാവനാത്മാവു് നിത്യസമ്മാനം പ്രാപിപ്പാനായി ശരീരം വിട്ടുപിരിഞ്ഞു. "ഉത്തമനും വിശ്വസ്തനുമായ ഭൃത്യാ, നിൻെറ യജമാനൻെറ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക" എന്നു് ദൈവം തൻെറ മുന്തിരിത്തോട്ടത്തിൽ അവസാന നിമിഷംവരെ വേലചെയ്ത അവിടുത്തെ ഈ വിശ്വസ്തദാസനോടു് സ്നേഹപൂർവ്വം പ്രസ്താവിച്ചിരിക്കണം. വന്ദ്യപിതാവിൻെറ അചഞ്ചലമായ ദൈവവിശ്വാസത്തിനും മാതൃകാപരമായ സുകൃതജീവിതത്തിനും ലഭിച്ച ഈ സൗഭാഗ്യകരമായ അന്ത്യം നമുക്കു് സമാശ്വാസം നൽകുന്നതിനു് പര്യാപ്തമാണു്. "ഞാൻ ഒരു നല്ല യുദ്ധംചെയ്തു; എൻെറ ഓട്ടം പൂത്തിയാക്കി; എൻെറ വിശ്വാസം സംരക്ഷിച്ചു; നീതിയുള്ള ന്യായാധിപതിയായിരിക്കുന്ന എൻെറ കർത്താവു് ആ ദിവസത്തിൽ എനിക്കു്—എനിക്കു മാത്രമല്ല, തൻെറ വെളിപാടിനെ സ്നേഹിച്ചവക്കും—പ്രതിഫലമായി തരുവാനിരിക്കുന്ന നീതിയുടെ കിരീടം ഇപ്പോൾ മുതൽ എനിക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു" (2 തിമോ. 4: 7—8) എന്നുള്ള വി. പൗലോസ് ശ്ലീഹായുടെ വാക്യം തിരുമേനിയുടെ ജീവിതത്തിൽ അന്വർത്ഥമായിരിക്കുന്നതു നാം കാണുന്നു.

വാത്സല്യഭാജനങ്ങളേ,

നമ്മിൽനിന്നും വേർപെട്ട തിരുമേനിയെ ഒരിക്കലും നമുക്കു മറക്കുവാൻ സാദ്ധ്യമല്ല. തൻെറ അജഗണങ്ങളുടെ ആദ്ധ്യാത്മികവും ലൗകികവുമായ ഉന്നമനത്തിനും സഭയുടേയും സമുദായത്തിൻെറയും ശ്രേയസ്സിനുംവേണ്ടി ജീവൻ ബലിയർപ്പിച്ച ഒരു മഹാത്മാവാണു് അവിടുന്നു്. അവിടുത്തെ പ്രശസ്തനായ പുരോഗാമി, പഴേപറമ്പിൽ മാർ ളൂയിസ് മെത്രാൻ തിരുമനസ്സുകൊണ്ടു് തുടങ്ങിവച്ച എല്ലാ പ്രസ്ഥാനങ്ങളേയും അവിടുന്നു പൂർത്തിയാക്കുകയും, കാലോചിതമായ പലതും പുതുതായി സമാരംഭിക്കുകയുംചെയ്തു. ഈ അതിരൂപതയ്ക്കും, ഹൈരാർക്കിക്കും ഭാരതത്തിൽ സമുന്നതമായ ഒരു സ്ഥാനം അവിടുന്നു നേടിത്തന്നുവെന്നതു് അഭിമാനപൂർവ്വം എന്നും നമുക്കു അനുസ്മരിക്കാവുന്ന ഒരു വസ്തുതയാണു്. തിരുമേനിയുടെ ജീവിതമാതൃക നമുക്കു മാർഗ്ഗദർശകമായിരിക്കട്ടെ.

ഏവംവിധം നമ്മുടെ വന്ദ്യപിതാവു് നമ്മോടു കാണിച്ചിട്ടുള്ള സ്നേഹവാത്സല്യങ്ങൾക്കും, നമ്മുടെ അതിരൂപതയ്ക്കും കേരളക്രൈസ്തവസഭയ്ക്കുംവേണ്ടി ചെയ്തിട്ടുള്ള മഹത്തായ സേവനങ്ങൾക്കും, പ്രതിനന്ദികാണിക്കേണ്ടതു് മക്കളായ നമ്മുടെ ഓരോരുത്തരുടേയും ഒഴിച്ചുകൂടാത്ത ചുമതലയായിരിക്കുന്നു. പിതാവു് നാമോരോരുത്തരിൽനിന്നും സർവ്വപ്രധാനമായി പ്രതീക്ഷിക്കുന്നതു് നമ്മുടെ പ്രാർത്ഥനാസഹായങ്ങളാണു്. ആകയാൽ എല്ലാവരും പിതാവിനെ എല്ലായ്പ്പോഴും അനുസ്മരിക്കണമെന്നും പിതാവിനുവേണ്ടി പ്രാർത്ഥനകളും സൽകൃത്യങ്ങളും കാഴ്ചവയ്ക്കണമെന്നും ഞാൻ പ്രത്യേകം ഓർപ്പിക്കുന്നു.

പിതാവിൻെറ മരണംമുതൽ ദിവസംതോറും, മെത്രാപ്പോലീത്തൻപള്ളിയിൽ അവിടുത്തെ കബറിടത്തിങ്കൽ റാസ, കുർബാന, ഒപ്പീസ് തുടങ്ങിയ തിരുകർമ്മങ്ങൾ മുടങ്ങാതെ നടത്തിപ്പോരുന്നുണ്ടു്. ചരമത്തിൻെറ 30-ാം ദിവസമായ ഫെബ്രുവരി 8-ാംനു ബുധനാഴ്ച മെത്രാപ്പോലീത്തൻപള്ളിയിൽ രാവിലെ അഞ്ചുമണിമുതൽ ഉച്ചയ്ക്കു 12 മണിവരെ റാസകൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. അന്നു് 7 മണിക്കു് വന്ദ്യ പിതാവിനുവേണ്ടി പൊന്തിഫിക്കാൾ റാസയും, കബറിടത്തുങ്കൽ വലിയ ഒപ്പീസും നടത്തുന്നതാണു്. തുടന്നു പ്രസംഗവുമുണ്ടായിരിക്കും. സൗകര്യമുള്ള എല്ലാ ബ: വൈദികരും ജനങ്ങളും ഇവിടെവന്നു് അന്നത്തെ തിരുകർമ്മങ്ങളിൽ സംബന്ധിക്കയും കബറിടം സന്ദർശിച്ചു് വന്ദ്യ പിതാവിനുവേണ്ടി പ്രാർത്ഥിക്കയും ചെയ്യണമെന്നു് ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. അന്നേദിവസം സാധുക്കൾക്കു് അന്നദാനവും ഉണ്ടായിരിക്കുന്നതാണു്.

കൂടാതെ, പിതാവിൻെറ ആത്മശാന്തിക്കായി ഈ അതിരൂപത മുഴുവനിലും താഴെ പറയുന്ന തിരുകർമ്മങ്ങളും സൽകൃത്യങ്ങളും നടത്തണമെന്നു് നിർദ്ദേശിക്കുന്നു.

1. വന്ദ്യപിതാവിൻെറ ചരമത്തിൻെറ 30-ാം ദിവസമായ ഫെബ്രുവരി 8-ാംനു ബുധനാഴ്ചക്കകം, സൗകര്യമുള്ള ഏതെങ്കിലും ഒരുദിവസം ഓരോ പള്ളിയിലും സ്ഥാപനത്തിലും, അതതിൻെറ സ്ഥിതിയനുസരിച്ചു് ഒരു റാസയോ, സ്കപ്പസ്സുകുർബാനയോ, പാട്ടുകുർബാനയോ ചൊല്ലുകയും വലിയ ഒപ്പീസ് നടത്തുകയുംചെയ്യണം. ഇതിനുള്ള ദിവസം മുൻകൂട്ടിനിശ്ചയിക്കയും കഴിവുള്ളവരെല്ലാവരും തിരുകർമ്മങ്ങളിൽ സംബന്ധിച്ചു് പൊതുദിവ്യകാരുണ്യസ്വീകരണം മുതലായവ നടത്തി പിതാവിൻെറ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യണം. അന്നേദിവസം, ധനസ്ഥിതി ഏററവും കുറഞ്ഞ പള്ളിയായാലും 20 രൂപായിൽ കുറയാതേയും, അതിനുമേൽ പള്ളിയുടെ സ്ഥിതിയനുസരിച്ചും ഒരു സംഖ്യ നിശ്ചയിച്ചു് സാധുക്കൾക്കു ധർമ്മംകൊടുക്കണം.

2. ഈ അതിരൂപതയിലെ ഓരോ വൈദികനും വന്ദ്യപിതാവിനുവേണ്ടി, പിതാവിൻെറ ചരമത്തിൻെറ 30-ാം ദിവസത്തിനകം, രണ്ടു കുർബാനയെങ്കിലും ചൊല്ലണം.

3. ഫെബ്രുവരി 8-ാംനു ബുധനാഴ്ച എല്ലാ പള്ളികളിലും കറുപ്പുകൊടി തൂക്കുകയും ദുഃഖസൂചകമായി മൂന്നുപ്രാവശ്യം (കാലത്തും ഉച്ചയ്ക്കും വൈകുന്നേരവും) മണിയടിക്കയുംവേണം.

4. ഫെബ്രുവരി 8-ാംനു വരെ ഈ അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലേയും സ്ഥാപനങ്ങളിലേയും കൊന്തനമസ്കാരം തുടങ്ങിയ കൂട്ടപ്രാർത്ഥനകളും ഇതര സൽകൃത്യങ്ങളും വന്ദ്യപിതാവി


# ഏവരസ്ററ് കോളർ



സി. എ. ഔസേഫ് & സൺസ്

ആഭരണവ്യാപാരം, തൃശൂർ

ന്റെ ആത്മാനുകൂലാർത്ഥം കാഴ്ചവയ്ക്കണം. നിവൃത്തിയുള്ളവരെല്ലാവരും, എല്ലാദിവസവും വിശുദ്ധ കുർബാന കണ്ടും, വി കുർബാന ഉൾക്കൊണ്ടും പിതാവിനുവേണ്ടി കാഴ്ചവയ്ക്കുന്നത് ഏറ്റവും അഭിലഷണീയമായിരിക്കും.

5. മുപ്പതാംദിവസംവരെ അതിരൂപത മുഴുവനിലും, പാട്ടുള്ള വിധത്തിലെല്ലാം ദുഃഖമാചരിക്കയും ആഘോഷങ്ങൾ കുറയ്ക്കുകയും ചെയ്യണമെന്ന് എല്ലാവരേയും പ്രത്യേകം ഓർപ്പിക്കുന്നു.

—o—

(10-ാംപേജു തുടർച്ച)

സുമാർ മുക്കാൽ മൈലോളം ദൈർഘ്യം വരുന്ന ഈ വിലാപയാത്ര ദർശിക്കുവാനായി യാത്രാവീഥിയുടെ ഇരുവശങ്ങളിലും കെട്ടിടങ്ങളുടെ മുകളിലും വൃക്ഷശിഖരങ്ങളിലും മററുമായി തിങ്ങിക്കൂടിയിരുന്ന പ്രേക്ഷകർ ലക്ഷക്കണക്കിനായിരുന്നു. വൻപിച്ച ഈ ജനാവലിയെ വാളണ്ടിയർ സംഘം സമർത്ഥമായി നിയന്ത്രിച്ചുകൊണ്ടിരുന്നു. കൂടാതെ എ. എസ്. പി. യുടെ നേതൃത്വത്തിൽ പോലീസ് വ്യൂഹവും ഗതാഗതനിയന്ത്രണത്തിനു കാര്യക്ഷമമായ ക്രമീകരണങ്ങൾ ചെയ്തിരുന്നു.

വിലാപയാത്ര മെത്രാപ്പോലീത്തൻ പള്ളിയിൽനിന്നും പുറപ്പെട്ടു വടക്കോട്ട് മന്ദം മന്ദം നീങ്ങുകയും ബ്രോഡ്‌വേജംക്ഷനിൽചെന്ന് ബാനർജിറോഡിലൂടെ കിഴക്കോട്ടു പോകുകയും മാർക്കററു റോഡ്, മാർക്കററു ബേസിൻറോഡ് വഴി ബ്രോഡ്‌വേയിൽ ബസാർഭാഗത്തു എത്തിച്ചേരുകയും ചെയ്തു. എറണാകുളം വ്യാപാരമണ്ഡലത്തിന്റെ ആഹ്വാനമനുസരിച്ച് ഉച്ചവരെ കടകളെല്ലാംതന്നെ അടച്ചിരുന്നു. കൂടാതെ ദുഃഖസൂചകമായി കറുപ്പുതോരണങ്ങൾ കെട്ടുകയും കറുപ്പുകൊടികൾ തൂക്കുകയും ചെയ്തിരുന്നു. മാർഗ്ഗമദ്ധ്യേ എറണാകുളം മുനിസിപ്പൽ ചെയർമൻ ശ്രീമതി ജാനകിയമ്മയും. മർച്ചൻറ്സ് ബാങ്ക്, ഡോക്ടർ മുഹമ്മദ്, കൊച്ചിൻ കമ്മേർഷ്യൽസ്, വളവി ആൻഡ് കോ., കൊറോനേഷൻ ഹാൾ, പാലാ സെൻട്രൽ ബാങ്ക്, മാമ്പിള്ളി ഡിസ്പെൻസറി, കണിയാമ്പുറം ബ്രദേഴ്സ്, സെൻറു് ഫ്രാൻസിസ് ഡെയിൽസ് പ്രസ്, കാട്ടുക്കാരൻ ബുക്കുസ്റ്റാൾ, ജെയിംസ് ആൻഡ് കോ., വെറൈററിസ്റ്റോഴ്സ്, ലിററിൽ ഫ്ളവർ ബുക്കുസ്റ്റാൾ, കോൾഡ് ഫോൾഡ് എഞ്ചിനിയറിംഗ്, ബോട്ടുസ്റ്റാൾ കലാസമിതി എന്നീ സ്ഥാപനങ്ങളുടെവകയായി അതാതിന്റെ ഉടമസ്ഥരും പ്രതിനിധികളും ശവമഞ്ചത്തിൽ റീത്തുകൾ സമർപ്പിക്കുകയുണ്ടായി.

വിലാപയാത്ര ബ്രോഡ്‌വേ കടന്ന് ഷൺമുഖം റോഡിലേക്കു പ്രവേശിച്ചപ്പോൾ പത്തരമണികഴിഞ്ഞിരുന്നു. വിലാപയാത്ര ഷൺമുഖം റോഡിൽ ആംഡ് റിസർവ്വ് ക്യാമ്പിന്റെ മുൻപിലെത്തിയപ്പോൾ റിസർവ്വ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ റിസർവ്വ് പോലീസ് സല്യൂട്ട് നൽകുകയുണ്ടായി. അനന്തരം ഹൈക്കോർട്ടുറോഡ് കടന്നു വിലാപയാത്ര വീണ്ടും ബ്രോഡ്‌വേയിലെത്തുകയും അതിമെത്രാസനാരമനഗേററുവരെ പോകുകയും ചെയ്തു. മാർഗ്ഗമദ്ധ്യേ മാർളയിസ് പ്രസ്സ് വകയായും റീത്തു സമർപ്പിച്ചു. വിലാപയാത്ര അതിമെത്രാസനാരമന വരെ ചെന്നശേഷം മെത്രാപ്പോലീത്തൻപള്ളിയിൽ 11-30ഓടുകൂടി തിരിച്ചെത്തിച്ചേർന്നു.

# ഒരു ക്രൂപ്പുകൈ

(പി. കെ. പരമേശ്വരൻപിള്ള, ചൊവ്വര)

1 "കണ്ടത്തി" മെത്രാനതിപുണ്യശാലി,
കണ്ടെത്തിയീശോപദമെന്നുകേട്ടു,
കണ്ടെത്തി വന്ദിപ്പതിനാഗ്രഹിച്ചു-
കൊണ്ടെത്തി ക്രിസ്തീയമഹാജനങ്ങൾ.

2 ആത്മീയബോധമുളവാക്കുവതിന്നു ലോക-
ക്കാരാദ്ധ്യരാം പല പുരോഹിതരാത്തമോദം
പൂജിച്ചിടുന്നൊരു കലാനിധി ക്രിസ്തുരാജ-
ചൈതന്യദമേ! കരളലിഞ്ഞിതകൈതൊഴുന്നേൻ.

3 വിദ്യാലയങ്ങൾ പണിയിച്ചു, മതതരക്കും
വിദ്യാപ്രദാനമിഹ; സത്യമതോപദേശം
ഇത്യാദികാര്യതതിയൊത്തു നടത്തിവന്ന-
മെത്രാസനപ്പുരമെ, ഞാനിത കൈതൊഴുന്നേൻ.

4 ഞാനാരെനിക്കെന്തിതിലുള്ള ബന്ധം?
നേരായകാര്യങ്ങളുരപ്പുമാത്രം.
പോരായ്മവന്നാലതു തീർക്കുവാനും
പോരാത്തതെന്തോ? സൂരികൾ ക്രൂപ്പുകൈയേ!

# ആലങ്ങാട്ടുകുന്നിൽ

## ദിവ്യഉണ്ണീശോയുടെ തിരുനാൾ

1956 ജനുവരി 26-ാംതിയതി വ്യാഴാഴ്ച ആഘോഷപൂർവ്വം കൊണ്ടാടുന്നു. ഫെബ്രുവരി 2-ാംതിയതി വ്യാഴാഴ്ച എട്ടാമിടം

# കാലംചെയ്ത തിരുമേനിക്കുവേണ്ടി

# റോമിൽ പൊന്തിഫിക്കൽ റാസ

എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സിലെ ദേഹവിയോഗവാർത്ത കേബിൾമൂലം റോമിൽ അറിഞ്ഞ ഉടനെ അവിടെയുള്ള എല്ലാവരും, പ്രത്യേകിച്ച് അഭിനവാഭിഷിക്തനായ തലശ്ശേരി മെത്രാൻ ഡോക്ടർ വള്ളോപ്പിള്ളി തിരുമേനിയും കേരളത്തിൽനിന്നുള്ള എല്ലാ വൈദികരും വൈദികവിദ്യാർത്ഥികളും ഭാരതീയരായ മററുള്ളവരും അപ്രതീക്ഷിതമായ ഈ വിരഹത്തിൽ അനുശോചിക്കുകയും പരേതൻവേണ്ടി പ്രാർത്ഥനകൾ നടത്തി ദുഃഖമാചരിക്കുകയും ചെയ്തു. ശവസംസ്കാരദിനത്തിനു തൊട്ടടുത്ത വെള്ളിയാഴ്ച തന്നെ ഡോക്ടർ വള്ളോപ്പിള്ളി തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ സീറോമലബാർ റീത്തിൽ ഒരു പൊന്തിഫിക്കൽ റാസ അവിടെ പാടുന്നതിനു ഏർപ്പാടു ചെയ്തു. മനോഹരവും ഭക്ത്യുജ്ജ്വലവുമായ ഈ കർമ്മത്തിൽ എറണാകുളം അതിരൂപതയോടും, കേരള സിറിയൻ ഹയരാർക്കിയോടും നേരിട്ടു ബന്ധപ്പെട്ട വൈദികരേയും, വൈദികവിദ്യാർത്ഥികളേയും, വിശ്വാസികളേയും കൂടാതെ ഉന്നതസ്ഥാനികളും ബഹുമാന്യരുമായ അനേകം പ്രശസ്തവ്യക്തികളും, വൈദികരും അൽമായരുമായ ഒരു വലിയ ഗണവും പങ്കുകൊണ്ടു് പരേതനായ തിരുമേനിക്കുവേണ്ടി പ്രാർത്ഥിച്ചു.

# നിര്യാതനായി

## ബ. പഞ്ഞിക്കാരൻ കൊച്ചുവുസേപ്പച്ചൻ

ഏതാനും നാളുകളായി കുത്യതോട്ടിലുള്ള ബംഗ്ലാവിൽ വിശ്രമിച്ചുകൊണ്ടിരുന്നപഞ്ഞിക്കാരൻ ബ. യൗസേപ്പച്ചൻ വാർദ്ധക്യസഹജമായ രോഗങ്ങളാൽ, 1956 ജനുവരി 13-ാംതിയതി വെളുപ്പിനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പിറേറദിവസം കാലത്തുതന്നെ മൃതശരീരം, പരേതന്റെ ബംഗ്ലാവിൽനിന്നു കുത്യതോട് കിഴക്കേപള്ളിയിലേക്കു കൊണ്ടുവരികയും റാസ മുതലായ തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു. അനന്തരം സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ ചരമപ്രസംഗം നടത്തി. തുടന്ന് റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും, 20-ൽപരം ബ. വൈദികരുടെ സഹകരണത്തിലും ചെറിയ ഒപ്പീസ് നടത്തുകയും, പള്ളിയകത്തു പ്രത്യേകം സജ്ജമാക്കിയിരുന്ന കല്ലറയിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു. ശവസംസ്കാരാനന്തരം അനേകം സാധുക്കൾക്കു ധർമ്മം കൊടുക്കുകയുണ്ടായി.

പരേതനായ ഈ വന്ദ്യവൈദികൻ കുത്തിയതോട്ട പള്ളിയിടവകയിൽ 1881-ൽ ഭൂജാതനായി. 1909-ൽ വൈദികപട്ടം സ്വീകരിച്ചു. അനന്തരം ഉഴവാ, എറണാകുളം, മഞ്ഞപ്ര, എളൂർ, കുത്യതോട്ട് മുതലായ പള്ളികളിൽ വികാരിയായി ജോലി നോക്കുകയുണ്ടായി. എറണാകുളത്തെ, മെത്രാപ്പോലീത്തൻ പള്ളി അങ്കണത്തിലുള്ള സെൻറു് അഗസ്റ്റിൻസ് സ്കൂൾ, സിമിത്തേരി പള്ളി, സെൻറു് മേരീസ് കോൺവെൻറു്, കോൺവെൻറു് സ്കൂൾ മുതലായവ അദ്ദേഹത്തിന്റെ ശാശ്വതസ്മാരകങ്ങളാകുന്നു. ഈ വന്ദ്യവൈദികന്റെ നിര്യാണത്തിൽ അനുശോചിക്കുകയും, അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്യുന്നു.

R. I. P.



വിശുദ്ധ പത്താംപീയൂസിന്റെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ,
മറിയക്കുട്ടി ഐസക്ക്.
മാവേലിക്കര

# 1956ലെ കലണ്ടർ

കൽക്കട്ടായിലെ കാത്തലിക്ക് ഓർഫൻ പ്രസ്സ് വക 1956ലെ കാത്തലിക്ക് ബുക്കു കലണ്ടർ കൈപ്പററിയിരിക്കുന്നു. പ്രതിദിനമുള്ള വിശുദ്ധന്മാരുടെ തിരുനാളുകളുടെ പട്ടികയ്ക്കു പുറമേ ഓരോ മാസത്തിലും ഓരോ പ്രത്യേകവിശുദ്ധന്റെ ചുരുങ്ങിയ ജീവചരിത്രവും ഇതിചടങ്ങിയിരിക്കുന്നു. ത്രിവർണ്ണത്തിൽ ഗ്ലേസ് ആർട്ടുപേപ്പറിൽ ചേർത്തിരിക്കുന്ന വിശുദ്ധ ഡോമിനിക്ക് സാവിയോയുടെ കവർ ചിത്രവും അകത്തു സുലഭമായും സന്ദർഭോചിതമായും ഉൾപ്പെടുത്തിയിട്ടുള്ള ചിത്രങ്ങളും ഓർഫൻപ്രസ്സിന്റെ കലാവൈദഗ്ധ്യത്തിനു ഉത്തമോദാഹരണങ്ങളാണ്.

മനോഹരമായ ഒരു കലണ്ടർ എന്നതിനു പുറമെ ഇതു ഉത്തമമായ ഒരു സോവനിർഗ്രന്ഥമായി പരിഗണിക്കാം. വിശിഷ്ടങ്ങളായ നിരവധി ലേഖനങ്ങളും ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും ബർമ്മയിലേയും സിലോണിലേയും കത്തോലിക്കാസഭയെ സംബന്ധിച്ച വിജ്ഞാനീയവും വളരെ ഉപകാരപ്രദവുമായ മററു വിവരങ്ങളും ഉൾക്കൊള്ളുന്ന 150ൽപരം പേജുകളുള്ള ഒരുത്തമഗ്രന്ഥമാണിതെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. കാത്തലിക്ക് ഓർഫൻപ്രസ്സിനെ ഈ വിജയത്തിൽ അനുമോദിക്കുകയും ഞങ്ങൾക്കു ഒരു പ്രതി അയച്ചുതന്നതിനു നന്ദി പ്രകടിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.


# തെക്കാട്ടു് മൂസ്സ് വക

# ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ

## ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.




# മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസ് ഡി. ഡി.



Photo by Royal Studio, Ernakulam

കേരളസീറിയൻ ഹയരാർക്കിയുടെ മെത്രാപ്പോലീത്താ;
"തിരുസിംഹാസനസഹായി"—(Assistant to the Pontifical Throne);
"പേപ്പൽ അന്തേവാസി മെത്രാൻ"—(Domestic Prelate);
"റോമൻ മാടമ്പി"—(Roman Count)

തിരുമേനി 1874 ആഗസ്റ്റ് 25-ാം തീയതി ജനിച്ചു; 1901 ഡിസമ്പർ 21-ാം തീയതി കാണ്ടി പേപ്പൽസെമ്മിനാരിയിൽ വച്ച് വൈദികപട്ടമേററു; 1911 ആഗസ്റ്റ് 29-ാം തീയതി നിതാന്തവന്ദ്യ ദിവ്യശ്രീ എറണാകുളം വികാരിഅപ്പസ്തോലിക്കാ പഴേപറമ്പിൽ മാർ ളൂയിസ് മെത്രാൻ തിരുമനസ്സിലെ അനന്തരാവകാശത്തോടുകൂടിയ കോഅദ്ജുത്തോരായി നിയമിക്കപ്പെട്ടു; ഡിസമ്പർ 3-ാം തീയതി കാണ്ടിയിൽവച്ചു അത്യുന്നത ദലഗാദപ്പസ്തോലിക്കാ മോസ്റ്റ് റവ. ഡോക്ടർ സലേസ്കി തിരുമനസ്സിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചു; 1919 ഡിസമ്പർ 9-ാം തീയതി മാർ ളൂയിസ് മെത്രാനച്ചൻ കാലംചെയ്കയാൽ എറണാകുളം രൂപതയുടെ വികാരിയപ്പസ്തോലിക്കായായി; 1923 ഡിസമ്പർ 21-ാം തീയതി കേരളസീറിയൻ ഹയരാർക്കി സ്ഥാപിക്കപ്പെട്ടപ്പോൾ എറണാകുളം മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടു; 1924 നവമ്പർ 16-ാം തീയതി സ്ഥാനാരോഹണവും "പാലിയം" സ്വീകരണവും മാർപ്പാപ്പായുടെ പ്രതിനിധിയായ വിസിറ്റർ അപ്പസ്തോലിക്കാ മോസ്റ്റ് റവ. ഡോക്ടർ (പിന്നീടു കർദ്ദിനാൾ) ലെപ്പിസിയെ തിരുമേനിയുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. 1956 ജനുവരി 10-ാം തീയതി 5 മണിക്ക് കാലധർമ്മം പ്രാപിച്ചു.

R. I. P.

(11-ാം പേജ് തുടർച്ച)

...ത്തോലിക്കർ അത്യന്തം ആത്മീ... ...തയും പ്രേഷിതചൈ... ...ിറഞ്ഞവരായിതിന്നി... ...ഭാരതത്തിലെന്ന... ...ലവുമുള്ള ഏതെ... ...ാലിക്കാജനതയോടും ...ിടപിടിക്കത്തക്കവണ്ണം അത്ര ...ധികമായി അവ്വ പുരോഗമിച്ചിട്ടുണ്ട്. ഉണർന്നവരായി പ്രേഷിതോന്മുഖരായിരിക്കുന്ന ഈ ജനത്തെ പുരോഗമനത്തിന്റെ മാർഗ്ഗത്തിൽകൂടി ദൈവം ഇനിയും നടത്തട്ടെ. അതിന് ഈ വന്ദ്യപിതാവിന്റെ ദൃഷ്ടാന്തം നമുക്കു പ്രചോദനം നൽകട്ടെ.

കത്തോലിക്കർ മാത്രമല്ല ക്രൈസ്തവരായ എല്ലാവർക്കും ഈ കഴിഞ്ഞ അരശതാബ്ദക്കാലത്തെ അഭിമാനസ്തംഭവും നേതാവുമായിരുന്നു ഈ വന്ദ്യപിതാവ്. മനുഷ്യസ്ഥാപിതങ്ങളായ അധികാരങ്ങളും സ്ഥാനമാനങ്ങളും നാളുതോറുമെന്നവണ്ണം നിലംപതിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന ഈ കാലത്തു പ്രതാപവാനും രാജകീയമായവിധം സർവരാലും ബഹുമാനിക്കപ്പെട്ടവനുമായിരുന്നു ഈ വന്ദ്യപുരുഷൻ. ദൈവദത്തമായ തന്റെ അധികാരത്തെ ആർഭാടരഹിതവും, സേവനാനിരതവും, സ്നേഹസമന്വിതവുമായ ജീവിതത്താൽ അദ്ദേഹം അലങ്കരിച്ചു.

ഇപ്പോൾ ഈ എറണാകുളം അതിഭദ്രാസനത്തിന്റെ പിതാവും സുറിയാനി ജനത്തിന്റെ നേതാവും ക്രൈസ്തവരുടെ അഭിമാനപാത്രവും സർവമനുഷ്യരുടെയും സ്നേഹാദരങ്ങൾക്ക് ഒരുപോലെ പാത്രവാനുമായ ആ പുണ്യപുരുഷൻ നമ്മെയെല്ലാം തീരാത്ത ദുഃഖത്തിൽ നിമഗ്നരാക്കിക്കൊണ്ടു തന്റെ സ്രഷ്ടാവിന്റെയും ന്യായാധിപന്റെയും സന്നിധിയിലേക്കു പോയിരിക്കുന്നു.

അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന അദ്ദേഹത്തിന്റെ ബന്ധുജനങ്ങളോടും ആത്മീയമക്കളോടും സ്നേഹിതന്മാരോടും പ്രത്യേകമായി കൊച്ചുതിരുമേനിയോടും നമുക്കുള്ള അനുശോചനം രേഖപ്പെടുത്തുന്നു. കാരുണ്യവാനായ ദൈവം നമ്മെ ഓരോരുത്തരേയും സമാശ്വസിപ്പിക്കട്ടെ.

അതേസമയംതന്നെ നമ്മെവിട്ടുപോയ വത്സലപിതാവിന് എത്രയും ഭാരമേറിയ തന്റെ ചുമതലാനിർവ്വഹണത്തിൽ മാനുഷികമായ എന്തെങ്കിലും ബലഹീനത വന്നുപോയിട്ടുണ്ടെങ്കിൽ സ്നേഹസ്വരൂപനായ ദൈവം അവയെ ക്ഷമിക്കുവാനും നിത്യസൌഭാഗ്യത്തിലേക്ക് തന്റെ ഭൃത്യനെ പ്രവേശിപ്പിക്കുവാനും നമുക്കു പ്രാർത്ഥിക്കാം.

ഞങ്ങളുടെ വത്സലപിതാവെ, "പരാക്രമശാലിയെപ്പോലെ തന്റെ വഴി ഓടുന്നവൻ സന്തോഷിക്കു"മെന്നുള്ള സങ്കീർത്തകന്റെ വാക്കുകൾ അങ്ങിൽ എത്രയോ അർത്ഥവത്തായിരിക്കുന്നു. അതേ, സന്തോഷത്തോടെ, ആത്മവിശ്വാസത്തോടെ, വിജയശ്രീയോടെ അവിടുന്നു അങ്ങേവഴി ഓടി പൂർത്തിയാക്കി. അങ്ങ് ആരംഭിച്ച സമസ്തവും വിജയമായി പര്യവസാനിച്ചു. അങ്ങേ പരിശ്രമങ്ങൾ എല്ലാം ഒന്നിനു നൂറായി ഫലം പുറപ്പെടുവിച്ചു. ഈ എറണാകുളം അതിരൂപതയും സുറിയാനി സംസ്ഥാനങ്ങളും ആദ്ധ്യാത്മികപ്രബുദ്ധതനിറഞ്ഞ ഈ രാജ്യത്തെ കത്തോലിക്കാ ജനതയും ഇതിന്റെ തെളിവത്രെ. അങ്ങേ വിജയത്തിനെല്ലാം കാരണം ദൈവത്തിലുള്ള അങ്ങേ പരിപൂർണ്ണമായ ആശ്രയമത്രെ. "കർത്താവെ നിന്നിൽ ഞാൻ ശരണപ്പെട്ടു ഞാൻ ഒരുനാളും ലജ്ജിക്കയില്ല."

"ഉത്തമനും വിശ്വസ്തനുമായ ഭൃത്യാ, നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക"യെന്നുള്ള ആനന്ദകരമായ മറുപടി നമ്മുടെ ദിവ്യനാഥന്റെ അധരങ്ങളിൽനിന്നു കേൾക്കുവാൻ അങ്ങേക്കാൾ കൂടുതൽ അർഹത ആർക്കാണുള്ളതു?

"ഇടയന്മാരുടെ നാഥൻ പ്രത്യക്ഷപ്പെടുമ്പോൾ ഒരിക്കലും ക്ഷയിച്ചുപോകാത്ത മഹിമയുടെ കിരീടം അങ്ങേയ്ക്കു നൽകും."

വാത്സല്യപിതാവെ, അങ്ങു ഞങ്ങൾക്കു കാണിച്ചുതരികയും അങ്ങേ ജീവിതത്തിൽ ഞങ്ങളെ അഭ്യസിപ്പിക്കുകയുംചെയ്ത ആ മാർഗ്ഗത്തിൽ അങ്ങേ കാലടികളെ പിൻചെല്ലുന്നതിനും അങ്ങേ ഭാഗ്യത്തിൽ ഞങ്ങളും പങ്കാളരാകുന്നതിനും ദിവ്യനാഥനോടു ഞങ്ങൾക്കായി പ്രാർത്ഥിക്കണമെ. അങ്ങു അങ്ങേ ജീവിതകാലത്തു ആരോടൊരുമിച്ചു പ്രവർത്തിച്ചുവോ പുനരൈക്യത്തിന്റെ ആ നേതാക്കന്മാരോടൊന്നിച്ച് ഭാഗ്യപ്പെട്ട ആ രാജ്യത്തിൽ ക്രിസ്ത്യാനികളുടെ ഐക്യത്തിനായി അങ്ങു തുടർന്നു പരിശ്രമിക്കണമെ. "ഒരു തൊഴുത്തും ഒരിടയനുമെന്നു"ള്ള അങ്ങേ അന്ത്യാഗ്രഹം അങ്ങനെ നിറവേറട്ടെ. "കർത്താവെ അങ്ങിൽ ഞാൻ ശരണപ്പെട്ടു. ഒരുനാളും ഞാൻ ലജ്ജിക്കയില്ല."

# തിരുമേനിക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങളും വിലാപയാത്രയും

എറണാകുളം നഗരം ഇതിനുമുൻപൊരിക്കലും ദർശിച്ചിട്ടില്ലാത്തവിധം അത്ര ഗംഭീരവും ശോകമൂകവുമായ ഒരു വൻപിച്ച വിലാപയാത്രയാണ് വ്യാഴാഴ്ച കാലത്തു ഇവിടത്തെ പ്രധാന വീഥികളിലൂടെ നടന്നത്. കേരളത്തിലെ വൈദികാദ്ധ്യക്ഷന്മാർ മിക്കവരും ഈ വിലാപയാത്രയിലും കബറടക്കം സംബന്ധിച്ച തിരുക്കർമ്മങ്ങളിലും സംബന്ധിച്ചിരുന്നു. കൂടാതെ ബഹുശതം വൈദികരും കന്യാസ്ത്രീകളും വൈദികവിദ്യാർത്ഥികളും ലക്ഷക്കണക്കിനാളുകളും ഇവയിൽ പങ്കെടുത്തിരുന്നു.

കാലത്തു അഞ്ചരമണിക്കു പന്തലിൽ പ്രത്യേകം സജ്ജീകരിച്ചിരുന്ന അൾത്താരയിൽ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനി ദിവ്യപൂജ അർപ്പിച്ചു.

7 മണിക്കു ചങ്ങനാശേരി മെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു കാവുകാട്ടുതിരുമേനി ശവമഞ്ചത്തിൽ റീത്തു സമർപ്പിച്ചു. തുടർന്നു തിരുമേനി പൊന്തിഫിക്കൽ റാസ അനുഷ്ഠിച്ചു. അനേകായിരമാളുകൾ ദിവ്യകാരുണ്യസ്വീകരണം നടത്തുകയുമുണ്ടായി.

പൊന്തിഫിക്കൽ റാസയ്ക്കുശേഷം തിരുവനന്തപുരം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ ഗ്രിഗോരിയോസ് തിരുമേനി ഹൃദയസ്പർശകമായ ചരമപ്രസംഗം നിർവ്വഹിച്ചു (ചരമപ്രഭാഷണം അന്യത്ര) അനന്തരം വരാപ്പുഴ മെത്രാപ്പോലീത്താതിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും തിരുവനന്തപുരം മെത്രാപ്പോലീത്താതിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും ഒപ്പീസ് നടന്നു. ഇതിനകം എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയങ്കണവും പരിസരവീഥികളും പൂഴിയിട്ടാൽ താഴാത്തവിധം ജനനിബിഡമായിത്തീർന്നു. കൂടാതെ വിലാപയാത്ര കടന്നുപോകുന്ന വീഥികളുടെ ഉഭയപാർശ്വങ്ങളിലും പതിനായിരക്കണക്കിനാളുകൾ സ്ഥലംപിടിച്ചു കഴിഞ്ഞു. ഇതിനിടയിൽ ദേവാലയത്തിനകത്തു മർമ്മസ്പർശകമായ യാത്രപറയൽ കർമ്മം നടന്നുകൊണ്ടിരുന്നു. തിരുമേനിയുടെ ശവമഞ്ചം വൈദികർ സംവഹിച്ചും, അഭിവന്ദ്യ തിരുമേനിമാരാൽ അനുഗമിക്കപ്പെട്ടും ചെറിയ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിലും ദേവാലയത്തിന്റെ പ്രധാന അൾത്താരയിൽ മൂന്നു പ്രാവശ്യം മുട്ടിച്ച് വിരഹാനുവാദം യാചിക്കുന്നതും


# For favours received
Mrs· Mary Sebastian
Trichur

കരളലിയിക്കുന്നതുമായ സുറിയാനിഗീതം ആലപിച്ചു. അതുപോലെ ദേവാലയത്തിന്റെ ഇരുപാർശ്വങ്ങളിലും പ്രധാന പ്രവേശനദ്വാരത്തിലുമുള്ള വാതിലുകളുടെ കതകുകളിൽ മുട്ടിച്ചും, കർമ്മം ആവർത്തിച്ചു. അവിടത്തെ അധികാരസിംഹാസനം സ്ഥാപിച്ചിരുന്ന മെത്രാപ്പോലീത്തൻപള്ളിയോടു തിരുമേനി വിടവാങ്ങി. ഇനിയും അവിടുന്നു തന്റെ മെത്രാപ്പോലീത്തൻ ആസ്ഥാനനഗരത്തോടും സ്നേഹജനതയോടും യാത്രപറയുകയാണ് മൂകമായ ഭാഷയിൽ, വിലാപയാത്രവഴി.

9 മണിയോടുകൂടി വിലാപയാത്ര സ മാ രം ഭി ച്ചു. പതിനായിരക്കണക്കിനു ഭക്തജനങ്ങളുടെ കണ്ഠങ്ങളിൽനിന്നുയർന്ന പ്രാർത്ഥനകൾക്കിടയിൽ, പട്ടുവസ്ത്രങ്ങളാലും ദുഃഖസൂചകമായ കറുപ്പുറേന്ത വേലകളാലും വിഭൂഷിതമായ രഥത്തിലേക്കു റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ ശവമഞ്ചം സംവഹിക്കപ്പെട്ടു. തദവസരത്തിൽ ബാൻറു സെററുകാർ ശോകാത്മകമായ ഗാനാലാപം നടത്തി. ദുഃഖസൂചകമായ ഘണ്ടാരവം അനുസ്യൂതം മുഴങ്ങിക്കൊണ്ടിരുന്നു. അലങ്കരിച്ച കാറിൽ ശവമഞ്ചത്തിനു പിന്നിൽ എറണാകുളം സഹായമെത്രാൻ തിരുമേനിയും തിരുമേനിയുടെ ഇരുവശങ്ങളിലുമായി വരാപ്പുഴമെത്രാപ്പോലീത്താ, തിരുവനന്തപുരം മെത്രാപ്പോലീത്താ എന്നി അഭിവന്ദ്യ തിരുമേനിമാരും ഉപവിഷ്ടരായിരുന്നു.

വിലാപയാത്രയിൽ കോട്ടാർ മെത്രാൻറൈററ് റവ. ഡോ. അഗ്നിസ്വാമി, കൊല്ലം മെത്രാൻ റൈററു റവ. ഡോക്ടർ ജറോം ഫെർണാൻഡസ്, തിരുവല്ലാ മെത്രാൻ റൈററ് റവ. മാർ അത്തനാസ്യോസ്, ആലപ്പുഴമെത്രാൻ റൈററു റവ. ഡോക്ടർ മൈക്കിൾ ആറാട്ടുകുളം, വിജയപുരം മെത്രാൻ റൈററ് റവ. ഡോക്ടർ അംബ്രോസ്, കോഴിക്കോടു മെത്രാൻ റൈററു റവ. ഡോക്ടർ പത്രോണി, ചങ്ങനാശേരി മെത്രാൻ റൈററു റവ. ഡോക്ടർ മാത്യു കാവുകാട്ട്, കോട്ടയം മെത്രാൻ റൈററു റവ. ഡോക്ടർ തോമസ് തറയിൽ, പാലാ മെത്രാൻ റൈററു റവ. ഡോക്ടർ സെബാസ്ത്യൻ വയലിൽ, തൃശ്ശൂർ മെത്രാൻ റൈററു റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട്, കൊച്ചി മെത്രാൻ റൈററു റവ. ഡോക്ടർ അലക്സാണ്ടർ എടേഴത്ത്, ഊട്ടി മെത്രാൻ റൈററു റവ ഡോക്ടർ ആൻറണി പടിയറ എന്നി അഭിവന്ദ്യ തിരുമേനിമാരും കാറുകളിൽ രഥത്തെ അനുഗമിച്ചു. തലശ്ശേരിരൂപതയുടെ പ്രതിനിധിയും ഒട്ടനേകം മോൺസിഞ്ഞോർമാരും സുറിയാനി കർമ്മലീത്താ സഭാ പ്രിയോർ ജനറൽ വെരി റവ. ഫാ. മാവുരൂസ്, മംഗലപ്പുഴ സെമ്മിനാരി റെക്ടർ വെരി റവ. ഫാദർ ഔറേലിയൻ മുതലായ വൈദികപ്രധാനരും വിലാപയാത്രയിലും തുടർന്നുള്ള തിരുക്കർമ്മങ്ങളിലും സംബന്ധിച്ചിരുന്നു.

## വിലാപയാത്രയുടെ ക്രമം

വിലാപയാത്രയിൽ മുന്നണിയിൽ സ്ലീവാക്കുരിശും സ്ളീയാളും നിലകൊണ്ടു. തൊട്ടു പിന്നിൽ മർള്ളയിസ് മെമ്മോറിയൽ പ്രസ്സിലെയുംമലബാർമെയിലിലേയും സത്യദീപത്തിലേയും ജോലിക്കാർ, ബാൻഡ് (ഒന്നാംസെററ്) ആൺകുട്ടികൾ, പുരുഷന്മാർ, പെൺകുട്ടികൾ, സ്ത്രീകൾ എന്നി ക്രമത്തിൽ അണിനിരന്നു. എല്ലാവരും കറുപ്പുബാഡ്ജുകൾ ധരിച്ചിരുന്നു. ഇവരുടെ തൊട്ടു പിന്നിലായി സൊഡാലിററി, ലീജിയൻ ഓഫ് മേരി, മൂന്നാം സ ഭ, മാ തൃ സം ഘം മുതലായ ഭക്തസംഘങ്ങളിൽപ്പെട്ട മഹിളാമണികൾ, സൊഡാലിററി, ലീജിയൻ ഓഫ് മേരി, മൂന്നാംസഭ, വിൻസെൻറു ഡി പോൾ സഖ്യം ഈ ഭക്തസംഘടനകളിൽപെട്ട പുരുഷന്മാർ എന്നിവരും അവരുടെ പിന്നിലായി ദർശനസമൂഹവും നിലകൊണ്ടിരുന്നു.

അടുത്തനിര വെള്ളിക്കുരിശുകളും പൊൻകുരിശുകളുമായിരുന്നു. 130തോളം വെള്ളിക്കുരിശുകളും 17 പൊൻകുരിശുകളും കറുപ്പുനിറത്തിലുള്ള അനേകം മുത്തുക്കുടകളും വിലാപയാത്രയുടെ ഗാംഭീര്യം ദ്വിഗുണീഭവിപ്പിച്ചിരുന്നു. തുടർന്നു ബാൻഡ് (രണ്ടാംസെററ്) കന്യാസ്ത്രീകൾ, പെററിസെമ്മിനാരിക്കാർ സന്യാസസഹോദരന്മാർ, ശെമ്മാശന്മാർ, വൈദികർ മോൺസിഞ്ഞോർമാർ, ശവമഞ്ചം വഹിക്കുന്നരഥം, പേപ്പൽസ്ഥാനികൾ, അഭിവന്ദ്യതിരുമേനിമാർ, ഈ ക്രമത്തിലായിരുന്നു വിലാപയാത്ര.

(ശേഷം 8-ാംപേജിൽ)


പന്തലിൽ മൃതദേഹം സ്ഥാപിച്ചശേഷം സഹായമെത്രാൻ വലിയ ഒപ്പീസ് നടത്തുന്നു


വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ അട്ടിപ്പേററി തിരുമേനി ഒപ്പീസ് ചൊല്ലുന്നു


"നഗരികാണിക്കൽ" കർമ്മത്തിനു ശവമഞ്ചം രഥത്തിൽ കയററുന്നു


ഒപ്പീസിനിടയിൽ ധൂമാർപ്പണം നടത്തുന്നു


തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസ് തിരുമേനി ചരമപ്രഭാഷണം നടത്തുന്നു


വിലാപയാത്ര പട്ടണവീഥിയിലൂടെ നീങ്ങുന്നു.

# തിരുമനസ്സിലെ ഹൃദയസ്പൃക്കായ സംസ്കാരശുശ്രൂഷ




ശവമഞ്ചം പള്ളിയകത്തേക്കു പ്രവേശിക്കുന്നു

അതിവന്ദ്യ സഹായമെത്രാൻ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ കബറടക്കശുശ്രൂഷയുടെ അന്തിമതിരുകർമ്മങ്ങൾ 11½ മണിക്കു സമാരംഭിച്ചു. എല്ലാ വൈദികാദ്ധ്യക്ഷന്മാരും മോൺസിഞ്ഞോർമാരും ഷെവലിയർമാരും മററു പ്രമുഖസ്ഥാനികളും കാഴ്ചവെച്ചു തിരുമേനിയുടെ മോതിരം ചുംബിച്ചു. അനന്തരം ശവമഞ്ചത്തിൽ കുന്തിരിക്കം അർപ്പിക്കുകയും അവസാനമായി ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി മുഖം ചുംബിച്ചു് ശോശപ്പാകൊണ്ടു് മുഖംമൂടുകയും ചെയ്തു. 12-10 ഓടുകൂടി മൃതദേഹം മെത്രാപ്പോലീത്തൻപള്ളി മദ്ബഹായിൽ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള കല്ലറയിൽ കബറടക്കം ചെയ്തു.

അതിനുശേഷം സഹായമെത്രാൻ തിരുമേനി, കാലംചെയ്ത പിതാവിന്റെ ഓർമ്മയെ അനുകരിക്കുവാൻ ഏവരെയും ആഹ്വാനം ചെയ്തുകൊണ്ടു, ചടങ്ങുകൾ ഭംഗിയാക്കിത്തീർക്കുവാൻ സഹകരിക്കുകയും അനുശോചന സന്ദേശങ്ങൾ അയക്കുകയും ചെയ്ത എവരോടും കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും ഹൃദയാവർജ്ജകമായ ഒരു പ്രസംഗം ചെയ്തു. [പ്രസംഗം അന്യത്ര] അതോടുകൂടി കബറടക്കച്ചടങ്ങുകൾ സമാപിക്കുകയും സന്നിഹിതരായിരുന്ന ജനലക്ഷങ്ങൾ കാലം ചെയ്ത തിരുമേനിയുടെ ആത്മാവിനു നിത്യശാന്തി നേർന്നുകൊണ്ടു് പിരിഞ്ഞുപോകുകയും ചെയ്തു.



തിരുമേനിയുടെ കബറടക്കത്തിനു മദ്ബഹായിൽ പ്രത്യേകം തയ്യാർ ചെയ്തിരിക്കുന്ന കല്ലറ

## അനേകായിരം സാധുക്കൾക്കു അരിവിതരണം

വൈകുന്നേരം 4 മണിക്കു് എറണാകുളം മെത്രാപ്പോലീത്തൻ അരമന അങ്കണത്തിൽവച്ചു പരേതനായ തിരുമേനിക്കുവേണ്ടി അനേകായിരം സാധുക്കൾക്കു അരിവിതരണം ചെയ്യുകയുണ്ടായി. ഡോ. പാറേക്കാട്ടിൽ തിരുമേനി തന്നെ കൊണ്ടുതന്നെ എടുത്തുകൊടുത്തുകൊണ്ടാണു് അരിദാനകർമ്മം സമാരംഭിച്ചതു്. അരമനകവാടംമുതൽ തെരുവുവരെയും തൊട്ടു വടക്കുമാറത്തുള്ള വിശാലമായ അങ്കണത്തിലും തിങ്ങിക്കൂടിയ നാനാജാതിമതസ്ഥരായ ആബാലവൃദ്ധം ജനങ്ങൾക്കും അരിവിതരണം ചെയ്യപ്പെട്ടു.

തിരുമേനിയുടെ മൃതദേഹം സംസ്കരിച്ചിരിക്കുന്ന കുഴിമാടത്തിൽ ദിവസം മുഴുവനും ഭക്തജനങ്ങൾ വന്നു പുഷ്പാർച്ചനം നടത്തുകയും തിരുമേനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. തുടർന്നു ദിവസവും തിരുമേനിക്കുവേണ്ടി പള്ളിയിൽ തിരുകർമ്മങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്.




ശവമഞ്ചം കുഴിയിൽ വയ്ക്കുന്നതിനു മുമ്പുള്ള അന്തിമപ്രാർത്ഥന



അതിവന്ദ്യ തിരുമേനിമാർ മോതിരം ചുംബിച്ചു [redacted] വിടവാങ്ങുവാൻ പോകുന്നു



സാധുജനങ്ങൾ അരമനവളപ്പിൽ തിങ്ങിക്കൂടിയിരിക്കുന്നു



സഹായമെത്രാൻ തിരുമേനി സാധുക്കൾക്കു അരിവിതരണം ചെയ്യുന്നു

## അവിടത്തെ പരിശ്രമങ്ങൾ

(3-ാംപേജ് തുടർച്ച)

മെയേറെ പരിശ്രമിച്ചിട്ടുണ്ടു്. ആ പരിശ്രമങ്ങളെല്ലാം സഫലമായതിൽ നാം പ്രത്യേകം ദൈവത്തോടു നന്ദി പറയുന്നു. നമ്മുടെ കീഴിലുള്ള ജനങ്ങളുടെ ആദ്ധ്യാത്മികപുരോഗതിക്കും ഇൻഡ്യയിലെ ക്രൈസ്തവസഭയുടെ സുസ്ഥിതിക്കും ക്രമപ്രവൃദ്ധമായവളർച്ചയ്ക്കും അവ യഥാർത്ഥത്തിൽ സഹായകമാകുമെന്നാണു് നമ്മുടെ ആത്മാർത്ഥമായ വിശ്വാസം."

സ്വസഹോദരങ്ങളിൽ അനേകർ പരിശുദ്ധ സിംഹാസനത്തിൽനിന്നു് വേർപെട്ടിരിക്കുന്നതു് വളരെ ദുഃഖത്തോടെയാണു് അദ്ദേഹം വീക്ഷിച്ചിരുന്നതു്. അവരുടെ തിരിച്ചുവരവിനായി അദ്ദേഹം തീവ്രമായി ആഗ്രഹിക്കുകയും കഴിവതു പരിശ്രമിക്കുകയും ചെയ്തു. അവസാനമായി അദ്ദേഹം എഴുതിയ കല്പനയും ഇതിനെസംബന്ധിച്ചായിരുന്നു. "അകത്തോലിക്കരുടെ മാനസാന്തരം നമുക്കേറ്റവും സന്തോഷപ്രദമായ ഒരു സംഗതിയാണു്. നമ്മുടെ സഹോദരരായ യാക്കോബായക്കാരാദിയായവരുടെ പുനരൈക്യത്തിനായി നാം തീക്ഷ്ണമായി ഈ ദിവസങ്ങളിൽ പ്രാർത്ഥിക്കണം. കാലതാമസമെന്യേ ഒരിടയനും ഒരു തൊഴുത്തും എന്ന നില കൈവരട്ടെ. ആയതിനായി ഈ ഐക്യവാരപ്രാർത്ഥനാദിനങ്ങളെ ഭക്തിശുഷ്കാന്തിയോടെ നമുക്കാചരിക്കാം.

പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭത്തിൽ മാർ ഈവാനിയോസ് തിരുമേനിക്കും സഹപ്രവർത്തകർക്കും ഈ വന്ദ്യപിതാവു് നൽകിയ സംരക്ഷണയും പ്രോത്സാഹനവും നന്ദിപൂർവം ഞാൻ അനുസ്മരിക്കുന്നു. ഈ വന്ദ്യപിതാവിന്റെ ബലിഷ്ഠമായ കരങ്ങൾ താങ്ങിയില്ലായിരുന്നെങ്കിൽ ആരംഭത്തിലെ പ്രതിബന്ധങ്ങളെ പുനരൈക്യപ്രസ്ഥാനം വേണ്ടവണ്ണം തരണം ചെയ്യുമായിരുന്നുവോയെന്നുകൂടി സംശയിക്കണം. പുനരൈക്യത്തിന്റെ ആദ്യത്തെ വാർഷികത്തിൽ തിരുമനസ്സുകൊണ്ടുതന്നെ ആദ്ധ്യക്ഷം വഹിച്ചു. മോൺ പോത്തനാമൂഴി മുതലായ വൈദികപ്രമുഖന്മാരെ അയച്ചുതന്നു് പുനരൈക്യത്തെ അദ്ദേഹം കയ്യഴിഞ്ഞു സഹായിച്ചു. അന്നു വളരെ ക്ഷീണിതനായിരുന്നുവെങ്കിലും, മാർ ഈവാനിയോസു് തിരുമേനിയുടെ അന്ത്യശുശ്രൂഷയിൽ സംബന്ധിക്കുന്നതിനായി തിരുവനന്തപുരത്തു വരികയും പുനരൈക്യത്തിന്റെ സ്ഥാപകനോടും ഞങ്ങളോടുമുള്ള സ്നേഹം പ്രകടിപ്പിക്കുകയും ചെയ്തു.

ഇതുപോലെതന്നെയുള്ള പ്രതിസ്നേഹവും കൃതജ്ഞതയുമായിരുന്നു ഞങ്ങൾ എല്ലാവർക്കും തിരുമനസ്സിലേക്കുണ്ടായിരുന്നതു്. മാർ ഈവാനിയോസു് തിരുമേനിയുടെ സഹായമെത്രാനായി എന്നെ നിയമിച്ചുവെന്നറിഞ്ഞപ്പോൾ തിരുമേനി ആദ്യമായി എന്നോടു പറഞ്ഞതു് ഉടനെ എറണാകുളത്തു പോകണം, വലിയപിതാവിന്റെ അനുഗ്രഹം പ്രാപിച്ചുവരണം എന്നായിരുന്നു. അതനുസരിച്ചു ഞാൻ വന്നു. വന്ദ്യപിതാവു് വാത്സല്യപൂർവം എന്നെ സ്വീകരിക്കുകയും അദ്ദേഹം മെത്രാനായ അവസരത്തിൽ ലഭിച്ചമോതിരംതന്നെ എന്റെ കൈവിരലിൽ ഇടുകയും ചെയ്തു. എറണാകുളം അരമന പുനരൈക്യപ്പെട്ടവരായ ഞങ്ങൾക്കു സ്വന്തം ഭവനവും തിരുമനസ്സുകൊണ്ടു് ഞങ്ങൾക്കെല്ലാവർക്കും വത്സലപിതാവുമായിരുന്നു. ഇവിടെ വന്നു വന്ദ്യതിരുമേനിയുമായി സംസാരിച്ചിട്ടുള്ളപ്പോഴെല്ലാം, പുനരൈക്യത്തിനായി കൂടുതൽ ഉന്മേഷത്തോടെ പ്രവർത്തിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടെയാണു് ഞാൻ തിരിച്ചുപോയിട്ടുള്ളതു്. ഈ ബന്ധം സർവോപരി ശക്തിപ്പെടുന്നതിനു് ആ പുണ്യാത്മാവു് ഇടയാക്കട്ടെ. ഇങ്ങനെ വന്ദ്യപിതാവിന്റെ അരശതാബ്ദക്കാലത്തെ നിസ്തുലമായ പരിശ്രമഫലമായി ഇന്നിതാ സുറിയാനി ക

(ശേഷം 9-ാം പേജിൽ)

### ജീവചരിത്രം

(13-ാംപേജ് തുടർച്ച)

ങ്ങൾ, മൂക്കന്നൂർ, കറുകുററി, എറണാകുളം എന്നിവിടങ്ങളിലെ അനാഥശാലകൾ മുതലായവ അവിടുത്തെ ആതുരസംരക്ഷണതല്പരതയുടെ പ്രത്യക്ഷലക്ഷ്യങ്ങളായിരിക്കുന്നു.

ആതുരശുശ്രൂഷണത്തിന് ആശുപത്രികൾ സ്ഥാപിച്ചതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ അതിലേക്കു പ്രത്യേക കന്യാസ്ത്രീസമൂഹങ്ങളെയും അവിടുന്നു ഏർപ്പെടുത്തുകയുണ്ടായി. ചുണങ്ങംവേലി അഗതികളുടെ സഹോദരികൾ, ധർമ്മഗിരി വിശുദ്ധ യൗസേപ്പുപിതാവിൻെറ ആശുപത്രിസഹോദരികൾ, എടക്കുന്നിലെ നസ്രത്തു സഹോദരികൾ, ചേർത്തലയിലെ അസീസി സഹോദരികൾ എന്നിവർ 16 ആതുരാലയങ്ങളിൽ ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇതിനുപുറമെ കർമ്മലീത്താ കന്യാസ്ത്രീകളും ആരാധനമഠാംഗങ്ങളും ഓരോ ആശുപത്രികളിൽ സേവനനിരതരായിരിക്കുന്നു.

26 കർമ്മലീത്താ കന്യകാമഠങ്ങളും 10 ക്ലാരമഠങ്ങളും 15 അഗതികളുടെ സഹോദരികൾക്കായുള്ള മഠങ്ങളും 6 ആരാധനാമഠങ്ങളും 4 തിരുഹൃദയമഠങ്ങളും 4 ആശുപത്രിസഹോദരികളുടെ മഠങ്ങളും നസ്രത്തു സഹോദരികളുടെയും അസീസി സഹോദരികളുടെയും ഓരോ മഠങ്ങളുമാണ് ഇന്ന് അതിരൂപതയിലുള്ളതു. ഇവയിലെല്ലാംകൂടി 797 നിത്യവ്രതവാഗ്ദാനംചെയ്ത കന്യാസ്ത്രീകളും 30 തുണസഹോദരികളും 379 നവകന്യകകളും 120 നൊവിസ്യാത്തുകാരും 127 യോഗാർത്ഥിനികളും ഉണ്ടായിരിക്കുന്നു.

തോട്ടകത്തും അങ്കമാലിയിലുമുള്ള വിൻസെൻഷ്യൻ കോൺഗ്രിഗേഷനും, മൂക്കന്നൂർ ചെറുപുഷ്പ സന്യാസസമൂഹവും അവിടുന്നു സ്ഥാപിച്ചിട്ടുള്ള രണ്ടു സന്യാസസമൂഹങ്ങളാകുന്നു. ഇവയ്ക്കു പുറമെ അതിരൂപതാതിർത്തിക്കുള്ളിൽ 7 കർമ്മലീത്താ സന്യാസാശ്രമങ്ങളും ഉണ്ടായിരിക്കുന്നു.

വിജ്ഞാനവിതരണാർത്ഥമുള്ള അവിടുത്തെ യത്നങ്ങളിൽ പ്രധാനപ്പെട്ടതാണ് 1927-ൽ സമാരബ്ധമായ "സത്യദീപം" പത്രവും 1936-ൽ അവിടുത്തെ മെത്രാൻ പട്ടാഭിഷേക രജതജൂബിലിസ്മാരകമായി ആരംഭിച്ച "മലബാർ മെയിലും". രൂപതാവാർത്തകളും ഔദ്യോഗിക ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ഔദ്യോഗികപത്രികയാണ് 1941-ൽ അവിടുന്നു ആരംഭിച്ച "എറണാകുളം മിസ്സം". ഇതിനും പുറമെ മതാത്മകവും സാമുദായികവുമായ 2800-ൽപരം പുസ്തകങ്ങളുള്ള ഒരു ഡയാസിസൻ സർക്കുലേറ്റിംഗ് ലൈബ്രറിയും ഉണ്ടായിരിക്കുന്നു.

അതിരൂപതയിൽ 141 ഇടവപ്പള്ളികളും 48 കുരിശുപള്ളികളും 78 മററു പള്ളികളും 205 കപ്പേളകളുമാണ് ഇന്നുള്ളത്. കത്തോലിക്കരുടെ ജനസംഖ്യ 299878 ആണ്. 224 വൈദികരും 163 വൈദികവിദ്യാർത്ഥികളും ഉണ്ട്.

അതിരൂപതാഭരണസംബന്ധമായി പല പരിഷ്കാരങ്ങളും അവിടുന്നു നടപ്പാക്കിയിട്ടുണ്ട്. ഇടവകകളുടെ അതിർത്തികൾ നിർണ്ണയിച്ചതും, സർവ്വേപ്ലാൻ അനുസരിച്ച് ഇടവകകളുടെ ഭൂപടങ്ങൾ തയ്യാറാക്കിയതും, അതിരൂപതയിലെ സർവ്വ ഇടവകകളിലും ഭരണസംബന്ധമായ റിക്കാർഡുകൾ ഒരേ രീതിയിൽ നടപ്പാക്കിയതും പള്ളിത്തിരുനാളുകളുടെ ചെലവു നിയന്ത്രിച്ചതും, അവയിൽ ചിലതു മാത്രമാകുന്നു. അതിരൂപതയിലെ ഓരോ ഇടവകയിലെയും സ്ഥിതിവിവരങ്ങൾ തിരുമനസ്സിലേക്കു മനഃപാഠമായിരുന്നു.

ജനങ്ങളുടെ ആത്മീയോന്നതിക്കായുള്ള പല പ്രസ്ഥാനങ്ങളും അവിടുന്നു നടപ്പാക്കി. ഇവയിൽ പ്രധാനപ്പെട്ട ഒന്നാണു തിരുഹൃദയഭക്തി പ്രചരണം. കുടുംബങ്ങളെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുവാൻ അവിടുന്നു തുടരെ ഉദ്ബോധനം നടത്തിക്കൊണ്ടിരുന്നു. ഇതിലേക്കു ഒരു ചെറിയ പുസ്തകംതന്നെ അവിടുന്നു തയ്യാറാക്കി പ്രചരിപ്പിച്ചു. കുടുംബങ്ങളിലെ ദാത്യൂരാധന 1934-ൽ അവിടുന്നു നടപ്പിൽ വരുത്തി. ഇടവകകളിൽ വാർഷികധ്യാനം നിർബന്ധിതമാക്കി. പീഡാനുഭവഭക്തി പ്രചരിപ്പിക്കുന്നതിനു തുടരെ ഉദ്ബോധനങ്ങൾ നൽകിയിരുന്നു. തിരുനാളാഘോഷങ്ങൾ കൂടുതൽ ഭക്തിമയമാക്കിത്തീർത്തു. കൂദാശകളുടെ കർമ്മാനുഷ്ഠാനങ്ങൾക്കു ഒരു ക്രമീകരണം വരുത്തി. കുട്ടികളുടെ മതാഭ്യസനം കൂടുതൽ നിഷ്കർഷിച്ചു. പ്രായം ചെന്നവർക്കുള്ള ഒരു മതപഠനപദ്ധതി എറണാകുളം മിസ്സത്തിൽ പ്രസിദ്ധംചെയ്തു ഇടവകകളിലെ ഭക്തിസമാജങ്ങൾക്കു പ്രചോദനം നൽകി.

വിശുദ്ധ പൗലോസിനോടുകൂടി ഏററം ന്യായപൂർവ്വം അവിടുത്തേക്കും ഇങ്ങനെ പറയാം: "ഞാൻ നല്ല യുദ്ധം ചെയ്തു; എൻെറ ഓട്ടം പൂർത്തിയാക്കി; എൻെറ വിശ്വാസം സംരക്ഷിച്ചു; നീതിയുള്ള ന്യായാധിപതിയായിരിക്കുന്ന എൻെറ കർത്താവു ആ ദിവസത്തിൽ എനിക്കു —എനിക്കു മാത്രമല്ല, തൻെറ വെളിപാടിനെ സ്നേഹിച്ചവർക്കും— പ്രതിഫലമായി തരുവാനിരിക്കുന്ന നീതിയുടെ കിരീടം ഇപ്പോൾ മുതൽ എനിക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു."

(II തിമോത്തി IV 7-8)



മാർ അഗസ്റ്റിൻ തിരുമേനി 1924 നവമ്പർ 16-ാം തീയതി അത്യുന്നത വിസിററർ അപ്പസ്തോലിക്കാ ലെപ്പിസിയെ തിരുമനസ്സിൽനിന്നും എറണാകുളത്തുവച്ചു "പാലിയം" സ്വീകരിക്കുകയും മെത്രാപ്പോലീത്തായായി അധിരോഹിക്കപ്പെടുകയും ചെയ്ത അവസരത്തിൽ എടുത്ത ഫോട്ടോ.

# നിര്യാതനായി

## ഷെവ. ശ്രീ എ സി എം അന്ത്രപ്പേർ



ഷെവ: എ. സി. എം അന്ത്രപ്പേർ അവർകൾ സ്കീന്നർപുരത്തുള്ള എസ്റ്റേററു് ബംഗ്ലാവിൽവച്ച് ജനുവരി 11-ാനു ബുധനാഴ്ച വൈകുന്നേരം 6 മണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. രാവിലെ അദ്ദേഹത്തിനു അസുഖം തോന്നുകയും ഉടനെ തന്നെ അഡ്വൈസറും പത്തനാപുരത്തെയും ഡോക്ടർമാരെ വരുത്തുകയും അവർ വേണ്ട ശുശ്രൂഷകൾ നൽകുകയുംചെയ്തു. എങ്കിലും വൈകുന്നേരമായപ്പോഴേക്കും അദ്ദേഹത്തിൻെറ സ്ഥിതി മോശമാകുകയും 6 മണിക്കു മരിക്കുകയുമാണുണ്ടായതു്.

മൃതദേഹം ചേർത്തലയിലുള്ള ഭവനത്തിലേക്കു കൊണ്ടുപോന്നു. വ്യാഴാഴ്ച വൈകിട്ട് തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി അവിടെ എഴുന്നെള്ളി പരേതൻ്റെ വേണ്ടിയുള്ള ശുശ്രൂഷ നടത്തി. ആലപ്പുഴ മെത്രാൻ ഡോക്ടർ ആറാട്ടുകുളം തിരുമേനിയും വീട്ടിൽവന്നു ഒപ്പീസ്കർമ്മം നിർവ്വഹിച്ചു. വെള്ളിയാഴ്ച കാലത്തു തിരുവല്ലാമെത്രാൻ മാർ അത്തനാസിയോസ് തിരുമേനി സംസ്കാരകർമ്മങ്ങൾ ആരംഭിക്കുന്നതിനുമുമ്പായി മരിച്ചവരുടെ ശുശ്രൂഷനടത്തുകയും ഊട്ടിമെത്രാൻ ഡോക്ടർ പടിയറ തിരുമേനി പരേതൻെറ വിശിഷ്ടഗുണഗണങ്ങളെ അനുസ്മരിച്ച് ചരമപ്രസംഗം നിർവ്വഹിക്കുകയുംചെയ്തു റൈററു് റവ. മോൺ. ജോർജ് വലിയപറമ്പത്തു അവർകളുടെ പ്രധാനകാർമ്മികത്വത്തിലാണ് സംസ്കാരശുശ്രൂഷകൾ സമാരംഭിച്ചതു്. മൃതദേഹം മനോഹരമായി അലങ്കരിച്ച രഥത്തിൽ സ്ഥാപിച്ചുകൊണ്ട് ദേവാലയത്തിലേക്കുള്ള വിലാപയാത്ര ആരംഭിച്ചു. നിരവധി വൈദികരും ഉദ്യോഗസ്ഥപ്രമുഖന്മാരും നാനാജാതി മതസ്ഥരുമായ ഒരു വമ്പിച്ച ജനാവലി ചടങ്ങുകളിൽ ആദ്യന്തം സംബന്ധിച്ചു. ദേവാലയത്തിലെത്തിയപ്പോൾ കൊല്ലം, തിരുവല്ല, ഊട്ടി എന്നീ രൂപതകളിലെ മെത്രാന്മാരും എറണാകുളം അതിരൂപതയിലെ അഡ്മിനിസ്ട്രേറ്റർ റൈററു് റവ. ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയും സന്നിഹിതരായിരുന്നു. കൊല്ലംമെത്രാൻ തിരുമേനി ആദ്യമായി ഒപ്പീസ് നടത്തി. തുടർന്നു ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി ചരമപ്രസംഗം നിർവ്വഹിക്കുകയും തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ അവസാനിപ്പിക്കുകയുംചെയ്തു. മൃതദേഹം സിമിത്തേരി കപ്പേളയിൽ പ്രത്യേകം തയാർ ചെയ്തിരുന്ന കല്ലറയിലാണ് സംസ്കരിച്ചതു്. സംസ്കാരാനന്തരം അനേകായിരം സാധുക്കൾക്കു സുഭിക്ഷമായ അന്നദാനവും മററു ദാനധർമ്മങ്ങളും നടന്നു.

പരേതനായ ശ്രീ എ സി. എം. അന്ത്രപ്പേർ ചേർത്തലയിലെ സുപ്രസിദ്ധമായ അന്ത്രപ്പേർ കുടുംബത്തിൽ 1882-ൽ ഭൂജാതനായി. ചെറുപ്പംമുതൽതന്നെ രാജ്യകാര്യങ്ങളിലും സമുദായകാര്യങ്ങളിലും ഇടപെട്ടു പ്രവർത്തിച്ചുപോന്നു. 1092-ൽ പ്രജാസഭാമെമ്പറായിരുന്നു. ചേർത്തല പഞ്ചായത്തുകോടതിയുടെ ആദ്യത്തെ പ്രസിഡൻറുമായിരുന്നു. തിരുകൊച്ചി കർഷകവ്യവസായവാണിജ്യസംഘടനയുടെ അദ്ധ്യക്ഷനായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിവർത്തനപ്രസ്ഥാനകാലത്തു മഹാരാജാവിനേയും ദിവാൻ ഹബീബുള്ളായെയും സന്ദർശിച്ച് അവകാശവാദം നടത്തിയ നിവേദകസംഘത്തിലെ ഒരംഗവും ചങ്ങനാശ്ശേരിയിൽവച്ചു കൂടിയ ജോയിൻറ് ക്രിസ്ത്യൻ കോൺഗ്രസിൻെറ അദ്ധ്യക്ഷനുമായിരുന്നു. മൂന്നുവർഷക്കാലം അഖിലകേരളകത്തോലിക്കാകോൺഗ്രസിൻെറ വൈസ്പ്രസിഡൻറായിരുന്നിട്ടുണ്ട്. ഒരുപ്ലാൻററും വ്യവസായവിദഗ്ധനുമായ ശ്രീ അന്ത്രപ്പേർ ഒരു പരോപകാരതല്പരനും പൊതുകാര്യപ്രസക്തനും കൂടിയായിരുന്നു. തിരുകൊച്ചിയിലെ പല സ്ഥാപനങ്ങളും സംരംഭങ്ങളും ശ്രീ അന്ത്രപ്പേരുടെ മുക്തഹസ്തമായ ഔദാര്യത്തെ ആശ്രയിച്ചിട്ടുള്ളതാണ്. ദേവാലയങ്ങൾ, കന്യകാമഠങ്ങൾ, ആതുരാലയങ്ങൾ മുതലായവയ്ക്കും അദ്ദേഹത്തിൽനിന്നു ഉദാരമായ സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. പെരുമ്പടപ്പുതമ്പുരാനിൽനിന്നു മുൻകാലത്തു മാടമ്പിസ്ഥാനം ലഭിച്ചിട്ടുള്ള ചേർത്തല അരങ്ങുംപറമ്പിൽ കുടുംബത്തിലെ ഏതൽക്കാലകാരണവരായിരുന്നു ശ്രീ അന്ത്രപ്പേർ. അദ്ദേഹത്തിൻെറ സേവനങ്ങളെ അഭിനന്ദിച്ച് തിരുസിംഹാസനത്തിൽനിന്നും അദ്ദേഹത്തിനു വിശുദ്ധ ഗ്രിഗറിയുടെ മാടമ്പിസ്ഥാനം നൽകി.

R. I. P.

—o—

### ഇററാലിയൻ പ്രസിഡൻറ് മാർപ്പാപ്പായെ സന്ദർശിച്ചു

ഇററാലിയൻപ്രസിഡണ്ട് സിഞ്ഞോർ ഗ്രോഞ്ചിയും കുടുംബാംഗങ്ങളും ഒരു രഹസ്യസന്ദർശനത്തിനു വത്തിക്കാനിൽ സ്വീകരിക്കപ്പെട്ടു. സന്ദർശനമദ്ധ്യേ പ്രസിഡൻറ് അവർകൾ മാർപ്പാപ്പായ്ക്കു ക്രിസ്തുമസ് മംഗളങ്ങൾ ആശംസിച്ചു.

(14-ാംപേജു തുടർച്ച)

വേണം ആ അപ്പം സ്വീകരിക്കുവാൻ." അന്നു മുതൽ ജോണിക്കും എന്തെന്നില്ലാത്ത ഒരാവേശം. അവൻ പറഞ്ഞു: "അപ്പച്ചാ എനിക്കും വിശുദ്ധകുർബാന സ്വീകരിക്കണം. അതിനു് അപ്പച്ചൻ അച്ചനോടു പറയണം."

സ്കൂൾ അടച്ചു. ആ ഇടവകയിലെ കൊച്ചുകുട്ടികളുടെ ആദ്യകുർബാനസ്വീകരണത്തിനുള്ള അവസരം വന്നു. ജോണിയുടെ ആദ്യകുർബാന സ്വീകരണദിവസവും സമാഗതമായി. രാവിലെ അവൻ വെള്ളവസ്ത്രങ്ങളണിഞ്ഞു് മുടിയുംചെച്ചു് പ്രേമസമ്പന്നരായ മാതാപിതാക്കന്മാരുടെകൂടെ പള്ളിയിലേക്കു യാത്രയായി. കുർബാന ആരംഭിച്ചു: വി. കുർബാനസ്വീകരിക്കുന്നതിനുള്ള സമയമായി. ജോണിയുടെ ഹൃദയം ആഹ്ലാദത്തിരതല്ലൽകൊണ്ടു മറിയുകയാണ്. അവൻ ഈശോയെ കൈക്കൊണ്ടു. കർമ്മാദികളെല്ലാം കഴിഞ്ഞു് മാതാപിതാക്കന്മാരോടൊത്തു് ജോണി അവന്റെ കൊച്ചുഭവനത്തിലെത്തി. അന്നവിടെ ഒരു കല്ല്യാണമായിരുന്നെന്നു ചുരുക്കത്തിൽ പറയാം. ജോണി ഉള്ളിലുരുവിട്ടുകയാണ്: "ഞാൻ ഈശോയെ കൈക്കൊണ്ടു.

* * *

പുലർകാലത്തിലെ മന്ദമാരുതൻ ജോണിയുടെ മുഖകമലത്തെ മന്ദംമന്ദം തലോടിക്കൊണ്ടു് കടന്നുപോയി. ഇന്നു ജോണി ഒരു പത്താംക്ലാസ്സു വിദ്യാർത്ഥിയാണ്. അവന്റെ സുഖസൗകര്യങ്ങളെല്ലാം തൃണവൽഗണിച്ചുകൊണ്ടു് ആ കൊച്ചുത്യാഗി പഠിക്കയാണ്. എന്തിനു്? ഇക്കൊല്ലം അവനു പാസ്സാകണം. പ്രേമസമ്പന്നരായ ആ മാതാപിതാക്കൾ അവനു അവസരോചിതമായ സാരോപദേശങ്ങൾ നൽകും. അവന്റെ വിശ്രമസമയം പല നല്ല പുസ്തകങ്ങളും മാസികകളും അവൻ വായിക്കും. അവന്റെ മനസ്സു മിഷ്യൻ പ്രവർത്തനത്തിലേക്കു് ദ്രുതഗതിയിൽ പായുകയാണ്.

X X X

ജോണിയുടെ പരീക്ഷാഫലം പുറത്തായി. അവൻ ഫസ്റ്റു്ക്ലാസ്സിൽ ജയിച്ചു. മാത്തുച്ചേട്ടന്റെ കുടുംബം ദൈവത്തിനു കൃതജ്ഞതാസ്തോത്രങ്ങൾ വർഷിച്ചു.

ദിനരാത്രങ്ങൾ പിന്നേയും അഞ്ചെട്ടുകഴിഞ്ഞു. ജോണി അവന്റെ ഇംഗിതത്തെ മാതാപിതാക്കന്മാരെ അറിയിച്ചു. അവനു മിഷൻപ്രവർത്തനത്തിനു പോകണം. പ്രേമസമ്പന്നരായ മാതാപിതാക്കന്മാക്കു് പുത്രന്റെ വേർപാടിൽ സന്താപമുണ്ടായിരുന്നെങ്കിലും ആ വാത്സല്യസന്താനത്തെ ദുഃഖിപ്പിക്കുന്നതിനോ അതിനുമുപരിയായി ദൈവേഷ്ടത്തിനു കീഴ്‌വഴങ്ങാതിരിക്കുന്നതിനോ അവർ ഉദ്യമിഞ്ഞില്ല. മാത്തുച്ചേട്ടൻ നേരത്തെ ചെയ്തിരുന്ന വാഗ്ദാനം പൂർത്തിയാകുവാൻ പോകുകയാണ്. അയാൾ ഇക്കാര്യത്തെപ്പററി തന്റെ ഭാര്യയോടു പോലും നേരത്തെ പറഞ്ഞിരുന്നില്ല.

X X X

മാത്തുച്ചേട്ടന്റേയും അന്നച്ചേടത്തിയുടേയും വാത്സല്യധാമത്തിന്റെ വേർപാടാണിന്നു്. ജോണി പോകുന്നതു് ബനാറിസിലുള്ള ഒരു മിഷൻരംഗത്തേക്കാണ്; ആത്മാക്കളെ ശേഖരിക്കാൻ; ക്രിസ്തുവിനുവേണ്ടിവേലചെയ്യുവാൻ.

എക്സ്പ്രസ്സ് വണ്ടി പോകുന്നതിനുമുൻപുതന്നെ മാതാപിതാക്കന്മാരും സഹോദരിയുമൊത്തു് ജോണി റയിൽവേസ്റ്റേഷനിൽ എത്തിക്കഴിഞ്ഞു. ട്രെയിൻ വിടുന്നതിനുള്ള സമയമായി. അവന്റെ വേർപാടിൽ പ്രകൃതികൂടി സ്തംഭിച്ചുപോയപോലെ അവക്കു തോന്നി. കേവലം 15 വയസ്സുമാത്രം പ്രായമുള്ള ഒരു ബാലൻ ഇത്ര ദീർഘമായ ഒരു യാത്ര ചെയ്യുന്നല്ലോ എന്നോർത്തപ്പോൾ മാത്തുച്ചേട്ടന്റേയും അന്നച്ചേടത്തിയുടേയും ഹൃദയത്തിൽ പരിഭ്രമമുണ്ടായി.

ജോണി പറയുകയാണ്: "അപ്പച്ചാ, അമ്മച്ചി, നിങ്ങളുടെ മാതൃകാപരമായ ജീവിതവും ദൈവാനുഗ്രഹവും മാത്രമാണ് എന്നെ ഈ വഴിയിൽ എത്തിച്ചതു്. ദൈവം നിങ്ങളെ അനുഗ്രഹിക്കും. അപ്പച്ചാ, ദൈവത്തിനു സമപ്പിച്ചതു ദൈവത്തിനുതന്നെ."

ആ വത്സലമാതാപിതാക്കളിൽ കൃതാർത്ഥതയുടെ ബാഷ്പപ്രവാഹമുണ്ടായി. ജയഘോഷത്തോടെ ചൂളംവിളിച്ചുകൊണ്ടു് വണ്ടി പാഞ്ഞുപോയി.



വന്ദ്യ ദിവ്യശ്രീ അഗസ്റ്റീൻ കണ്ടത്തിൽ 1911 ഡിസമ്പർ 3-ാം തിയതി കാണ്ടിയിൽവച്ചു് ഡെലഗാഡപ്പസ്തോലിക്കാ സലേസ്കി തിരുമേനിയിൽനിന്നു മെത്രാഭിഷേകം സ്വീകരിച്ച അവസരത്തിൽ എടുത്ത ഫോട്ടോ.

## ജീവചരിത്രം

(2-ാംപേജ് തുടർച്ച)

ക്കു പാലൃം നൽകുകയും ചെയ്തു മെത്രാപ്പോലീത്തായായി, പാലൃസ്ഥാനവസ്ത്രവിഭൂഷിതനായി, ഒരു കൊല്ലം തികയുന്നതിനു മുൻപു പരിശുദ്ധ പിതാവിനെ സന്ദർശിച്ചു കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനായി 1925 ഏപ്രിൽ 11-ാംനു അവിടുന്നു റോമിലേക്കു പുറപ്പെട്ടു. സാർവ്വത്രികസഭയുടെ ജൂബിലി, വത്തിക്കാൻ മിഷ്യനറി പ്രദർശനം, വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമകരണ മഹാമഹം മുതലായ ചടങ്ങുകളിൽ അവിടുന്നു സംബന്ധിച്ചു. തന്റെ സാമന്തമെത്രാനായിരുന്ന കുര്യാളശേരി മാർതോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ദേഹവിയോഗവേളയിൽ അവിടുന്നു സന്നിഹിതനായിരുന്നു. ഈ യാത്രാവേളയിൽ കേരളീയസൂറിയാനി ഹയരാർക്കിയുടെ കൃതജ്ഞതാപത്രമടങ്ങിയ ഉപഹാരം മാർപ്പാപ്പാ തിരുമനസ്സിലേക്കു അവിടുന്നു സമർപ്പിച്ചു.

റോമാസന്ദർശനശേഷം തിരുമേനി പാരീസ്, ലണ്ടൻ, ഡബ്ലിൻ, ലൂർദ്ദ് മുതലായ നഗരങ്ങളും തീർത്ഥാടകന്ദ്രങ്ങളും സന്ദർശിച്ചു. പലസ്തീനാ സന്ദർശിക്കണമെന്നുണ്ടായിരുന്ന ആഗ്രഹം ആരോഗ്യഹാനിമൂലം പൂർത്തിയാക്കുവാൻ തിരുമനസ്സിലേക്കു സാധിച്ചില്ല. 1925 ഒക്ടോബർ 6-ാംനു-വിദേശപര്യടനംകഴിഞ്ഞു അവിടുന്നു തിരിച്ചെത്തി. 1926 ഡിസംബർ 21-ാംനു അവിടത്തെ ഗുരുപ്പട്ടരജതജൂബിലി സാഘോഷം കൊണ്ടാടപ്പെട്ടു. തിരുമനസ്സിലെ ഗുരുപ്പട്ട രജതജൂബിലി സ്മാരകമാണ് എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയുടെ മുൻപിൽ സ്ഥാപിതമായിരിക്കുന്ന മനോഹരമായ കപ്പേള.

1925-ൽതന്നെ അവിടുന്നു സാമന്തരൂപതകൾ സന്ദർശിക്കുകയുണ്ടായി. കുറവിലങ്ങാട്, ചമ്പക്കുളം, മുട്ടുചിറ, ഭരണങ്ങാനം, പാലാ, പുളിങ്കുന്നു, കാഞ്ഞിരപ്പള്ളി, മാന്നാനം, കടുത്തുരുത്തി മുതലായ സ്ഥലങ്ങൾ ഈ യാത്രയിൽ അവിടുന്നു സന്ദർശിച്ചു.

1936-ൽ അവിടത്തെ മെത്രാൻപട്ടാഭിഷേകരജതജൂബിലി അതിഗംഭീരമായ തോതിൽ എറണാകുളത്തുവച്ചു ആഘോഷിക്കപ്പെട്ടു. തദവസരത്തിൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് "തിരുസിംഹാസനസഹായി" എന്ന മഹനീയസ്ഥാനം അവിടുത്തേക്കു കല്പിച്ചുനൽകുകയുണ്ടായി. ഒരു ഇന്ത്യാക്കാരനു് ഈ മഹനീയസ്ഥാനം ലഭിച്ചതു് ഇതാദ്യമായിട്ടായിരുന്നു.

1953 നവമ്പർ 19-ാം തീയതി റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി അവിടത്തെ സഹായമെത്രാനായി തിരഞ്ഞെടുക്കപ്പെട്ടു. പ്രസ്തുത നവമ്പർ 30-ാംനു എറണാകുളത്തുവച്ചുതന്നെ സഹായമെത്രാൻ തിരുമനസ്സിലെ പട്ടാഭിഷേകവും നടന്നു. പ്രസ്തുത വർഷം ഡിസംബർ 31-ാംനു അവിടത്തെ ചിരകാലപ്രയത്നഫലമായ തലശ്ശേരി രൂപത സ്ഥാപിതമായി.

1955 ഏപ്രിൽ 29-ാം തീയതി തിരുമേനിക്കു ഏററവും ആനന്ദകരമായ ഒരു സുദിനമായിരുന്നു. അന്നാണു കേരളീയസൂറിയാനിഹയരാർക്കിയുടെ അധികാരാതിർത്തി തെക്കു കന്യാകുമാരിവരേയും, വടക്കു മംഗലാപുരം രൂപതാപ്രദേശവും, കിഴക്കു മൈസൂർ, ഊട്ടി, കോയമ്പത്തൂർ രൂപതാപ്രദേശങ്ങളും ഉൾപ്പെടത്തക്കവണ്ണം വികസിപ്പിച്ചുകൊണ്ടു് പൗരസ്ത്യതിരുസംഘത്തിന്റെ കല്പനയുണ്ടായതു്.

മോസ്റ്റ് റവ. അഗസ്റ്റീൻ കണ്ടത്തിൽ തിരുമേനി മെത്രാൻപട്ടം സ്വീകരിച്ചതിനുശേഷമുള്ള ഇക്കഴിഞ്ഞ 44 കൊല്ലക്കാലം കേരളീയസൂറിയാനിസമുദായത്തിനു പൊതുവിലും, എറണാകുളം അതിരൂപതക്കു പ്രത്യേകിച്ചും ചെയ്തിട്ടുള്ള സേവനങ്ങൾ ഭാവിതലമുറ എന്നെന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതാണ്. കേരളീയസൂറിയാനിസമുദായത്തിന്റേയും റീത്തിന്റേയും അവകാശസംരക്ഷണകാര്യത്തിൽ അവിടുന്നു എപ്പോഴും ജാഗരൂകനായിരുന്നു. ഹയരാർക്കിയുടെ അതിർത്തി വിപുലപ്പെടുത്തിക്കിട്ടുന്നതിനു അവിടുന്നു എന്തുമാത്രം പരിശ്രമിച്ചിരുന്നുവെന്നു ഇക്കഴിഞ്ഞ ആഗസ്റ്റ് 13-ാംനു അവിടുന്നു പുറപ്പെടുവിച്ച ഇടയലേഖനംതന്നെ മതിയായ തെളിവാകുന്നു. "വ്യക്തിപരമായി പറയുകയാണെങ്കിൽ, ഇക്കാര്യങ്ങളെല്ലാം സാധിച്ചുകിട്ടുന്നതിനു നമ്മുടെ സാമന്തമെത്രാന്മാരുടെ സഹകരണത്തോടുകൂടി നാം വളരെയേറെ പരിശ്രമിച്ചിട്ടുണ്ടു്. ആ പരിശ്രമങ്ങളെല്ലാം സഫലമായതിൽ നാം പ്രത്യേകം ദൈവത്തോടു നന്ദിപറയുന്നു. നമ്മുടെ കീഴിലുള്ള ജനങ്ങളുടെ ആദ്ധ്യാത്മികപുരോഗതിക്കും ഇൻഡ്യയിലെ ക്രൈസ്തവസഭയുടെ സുസ്ഥിതിക്കും ക്രമപ്രവൃദ്ധമായ വളർച്ചയ്ക്കും അവ യഥാർത്ഥത്തിൽ സഹായകമാകുമെന്നാണു നമ്മുടെ ആത്മാർത്ഥമായ വിശ്വാസം" എന്നാണു പ്രസ്തുത ഇടയലേഖനത്തിൽ അവിടുന്നു പ്രസ്താവിച്ചിരിക്കുന്നതു്.

എറണാകുളം അതിരൂപതയിൽ ഇന്നു കാണുന്ന ബഹുമുഖമായ അഭിവൃദ്ധി അവിടുത്തെ നിസ്തന്ദ്രയത്നത്തിന്റെ ഫലമാകുന്നു. ഭരണീയരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉൽക്കർഷത്തിനുവേണ്ടി തന്റെ ജീവിതകാലം മുഴുവൻ അവിടുന്നു ദീർഘദൃഷ്ടിയോടുകൂടി യത്നിച്ചു. ഇന്നു അതിരൂപതയുടെ നാനാഭാഗത്തും കാണുന്ന വിവിധ സ്ഥാപനങ്ങൾതന്നെ അതിനു തെളിവാകുന്നു.

വിദ്യാഭ്യാസകാര്യത്തിൽ അവിടത്തെ അഭിനിവേശത്തിന്റെ പ്രത്യക്ഷലക്ഷ്യമാണ് മൂവാററുപുഴ നിർമ്മലാകോളേജും അതിരൂപതയുടെ വിവിധ ഭാഗങ്ങളിലുള്ള അനവധി സെക്കണ്ടറിസ്കൂളുകളും പ്രൈമറിസ്കൂളുകളും. അതിരൂപതാ അതിർത്തിക്കുള്ളിൽ രണ്ടു കോളേജുകളും 31 ഹൈസ്കൂളുകളും 36 ഇംഗ്ലീഷ് മിഡിൽസ്കൂളുകളും 134 പ്രൈമറിസ്കൂളുകളും 132 ഗ്രാൻറില്ലാത്ത കുടിപ്പള്ളിക്കൂടങ്ങളും 5 ഇൻഡസ്ട്രിയൽസ്കൂളുകളും 2 ടിച്ചേഴ്സ് ട്രെയിനിങ്ങ്സ്കൂളുകളും 25 ബോർഡിങ്ങുകളുമുണ്ടു്. ഏകദേശം 73000 ത്തോളം വിദ്യാർത്ഥികൾ ഈ വിദ്യാലയങ്ങളിൽ അദ്ധ്യയനം നടത്തിവരുന്നു.

ആതുരസംരക്ഷണം ഒരു ജീവിതവ്രതമായി അവിടുന്നു സ്വീകരിച്ചിരുന്നു. അതിരൂപതയുടെ നാനാഭാഗങ്ങളിൽ ഇന്നു കാണുന്ന ആശുപത്രികളും അനാഥമന്ദിരങ്ങളും അവിടത്തെ ജീവകാരുണ്യസേവനങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു. ധർമ്മഗിരി, അങ്കമാലി, ചേർത്തല, വെച്ചൂർ, ഇടപ്പള്ളി, മൂക്കന്നൂരു്, പെരിഞ്ഞൊഴ മുതലായ സ്ഥലങ്ങളിൽ ആശുപത്രികളും വേറെ 9 സ്ഥലങ്ങളിൽ ഡിസ്പെൻസറികളും, ചേർത്തല ഒരു കുഷ്ഠരോഗാസ്പത്രിയും ആതുരസേവനത്തിലേർപ്പെട്ടിരിക്കുന്നു.

ചേർത്തലയിലെയും ചെങ്ങലിലെയും അബലാസങ്കേതങ്ങൾ, എടക്കുന്നിലെ നസ്രത്തുഭവനം, കോതമംഗലത്തേയും ഞാറയ്ക്കലെയും അഗതിമന്ദിരങ്ങൾ, മുണങ്ങംവേലി, പെരുമാന്നൂർ, പെരിഞ്ഞൊഴ, മലയാററൂർ എന്നി സ്ഥലങ്ങളിലെ സാധുവൃദ്ധജനമന്ദിര

(ശേഷം 12-ാംപേജിൽ)



Reg. No. M. 2293

# Sathya Deepam

Vol. 29 | Ernakulam January 18, 1956 | No. 23

## "ആധുനികസാവൂളിന്റെ" മതംമാററം

[എസ്. കുന്നന്താനം]

സമയം വെളുപ്പിനു നാലുമണി. പരുമലസെമിനാരിയിൽനിന്നു് ഒരു കാർ കാർത്തികപ്പള്ളിക്കു പുറപ്പെടുന്നു. അപ്പോൾ പക്ഷികൾ കരയുന്നതുകേട്ടിട്ടു് ആ കാറിനോടും അതിലുള്ളവരോടും അവ അന്ത്യയാത്രപറയുന്നതായി തോന്നി. അത്ര വിലാപസൂചകമായിരുന്നു ആ ശബ്ദം. യാത്രക്കാരായി ഡ്റൈവറും, ഏതോ ഗൗരവാവഹമായ സംഗതിയെപ്പററി ദൃഢനിശ്ചയംചെയ്തു് ഗാംഭീര്യത്തോടെ ഇരിക്കുന്ന തികഞ്ഞ ധിഷണാശാലിയും പ്രശാന്തമതിയുമായ ഒരു മെത്രാപ്പോലീത്തായും മാത്രം. ഓടിയടുക്കുന്ന അന്ധകാരത്തെ തള്ളിനീക്കിക്കൊണ്ടു് കാറും, തന്നെ ആ ഉദ്യമത്തിൽനിന്നു വ്യതിചലിപ്പിക്കുവാൻ ഒരുമ്പെടുന്ന പൈശാചികപ്രലോഭനങ്ങളെ പുറംകൈകൊണ്ടു് തട്ടിനീക്കിക്കൊണ്ടു് അദ്ദേഹവും ഒന്നുപോലെ മുന്നേറുകയാണു്. കാർ കാർത്തികപ്പള്ളിലെത്തി. യാത്ര അവിടെ അവസാനിക്കുന്ന ലക്ഷണമില്ല. പിന്നെയും തെക്കോട്ടു് അതിവേഗം ഉരുണ്ടുനീങ്ങുകയാണു് വണ്ടിച്ചക്രങ്ങൾ. ഇദ്ദേഹം എങ്ങോട്ടായിരിക്കാം?

1937 നവമ്പർ 29-ാം തീയതി. അന്നാണു് ആ മഹാസംഭവം നടന്നതു്. അതിനു ദൃക്സാക്ഷിയായി പൂർവ്വാധികം ശോഭയോടെ ബാലസൂര്യൻ ഉദിച്ചുയർന്നു. തിരുവനന്തപുരം അരമന ചാപ്പലിൽ മെത്രാപ്പോലീത്താ മാർ ഇവാനിയോസ് തിരുമേനി ദിവ്യബലിയർപ്പിക്കുന്നു. ഗാഗുൽത്തായിലെ ആ കുരിശിൻചുവട്ടിൽ വേറൊരു മെത്രാപ്പോലീത്താ അഞ്ജലീബദ്ധനായി, നമ്രശിരസ്കനായി, ജാനുസ്ഥിതനായി നിലകൊള്ളുന്നു. അല്പംകഴിഞ്ഞു് ആ യോഗിവര്യന്റെ മുമ്പിൽ മുട്ടുകുത്തി സത്യപ്രതിജ്ഞ നടത്തുന്നതായിട്ടാണു് അദ്ദേഹത്തെ വീണ്ടും നാം കാണുന്നതു്. അങ്ങനെ മട്ടാഞ്ചേരിയിൽവച്ചു തന്റെ പിതാക്കന്മാർ വിയോജിപ്പിച്ച ആ ആലാത്തുണ്ടുകൾ ജോസഫ് മാർ സെവേരിയോസ് തിരുമേനി വീണ്ടും യോജിപ്പിച്ചു.

"ആധുനികസാവൂൾ" ശെമ്മാശനായിരുന്ന കാലത്തു്, അവിടുന്നു പിതൃനിര്യാണശേഷം സ്നേഹിച്ചിരുന്ന ജ്യേഷ്ഠസഹോദരൻ കത്തോലിക്കാസഭയിൽ പ്രവേശിച്ചു. അദ്ദേഹത്തെ ശാപവചനങ്ങളാകുന്ന ശരങ്ങൾ എറിയുന്ന വക്കുവേണ്ട ഒത്താശകൾ നൽകിക്കൊണ്ടു് "സാവൂൾ" പിൻതുണയായി വർത്തിച്ചിരുന്നു. അന്നു അതിനേ കഴിവുണ്ടായിരുന്നുള്ളു.

1933 മേയ് 25-ാം തീയതി അദ്ദേഹം മെത്രാനായി. കേവലം മൂന്നുവയസ്സുപ്രായം തികഞ്ഞിട്ടില്ലാതിരുന്ന മലങ്കരറീത്തിന്റെ നാമ്പുനുള്ളുവാനായിരുന്നു അന്നു മുതൽ അദ്ദേഹത്തിന്റെ ശ്രമം. പല പണിയും നോക്കി. ഫലിച്ചില്ല. അപ്രതിഹതമായ അതിന്റെ അഭിവൃദ്ധികണ്ടിട്ടു് "സാവൂളി"നസഹ്യമായി. വേറെ ഒരടവാണു് പിന്നീടു നോക്കിയതു്. കത്തോലിക്കരുടെ വംശവിച്ഛേദംവരുത്തുവാനായി ആ നാമം പറയുന്നവരെയെല്ലാം പിടിച്ചുകെട്ടുവാനുള്ള "അധികാരപത്ര"ത്തോടുകൂടി പരുമലയ്ക്കു തിരിച്ചു. മലങ്കരറീത്തിന്റെ മെത്രാപ്പോലീത്തായായ ആ താപസശ്രേഷ്ഠനെ പിടികൂടിയെങ്കിലല്ലാതെ തന്റെ ഉദ്ദേശം ഫലമണിയുകയില്ലെന്നു അദ്ദേഹം മനസ്സിലാക്കി. ആ യതിവര്യനെ ഒരു "ദ്വന്ദ്വയുദ്ധ"ത്തിൽ പരാജയപ്പെടുത്താമെന്നുള്ള പ്രത്യാശയോടെ അതിനുവേണ്ട "കരുക്കൾ"—ചരിത്രരേഖകളാകുന്ന ആയുധങ്ങൾ—ശേഖരിക്കുവാൻതുടങ്ങി.

കത്തോലിക്കരും അകത്തോലിക്കരും എഴുതിയിട്ടുള്ള സഭാചരിത്ര-



ങ്ങൾ അവിടുന്നു വായിച്ചു; ഒരു താരതമ്യപഠനംതന്നെ നടത്തി. ചോദ്യംചെയ്യപ്പെടുവാൻ വഴിയുണ്ടെന്നുകണ്ട ചില ചരിത്രസംഭവങ്ങൾ മനഃപൂർവ്വം അകത്തോലിക്കാചരിത്രകാരന്മാർ വിട്ടുകളഞ്ഞിട്ടുള്ളതായി അദ്ദേഹത്തിനു മനസ്സിലായി. കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങളെ അധികരിച്ചു് എഴുതിയിട്ടുള്ള ധാരാളം പുസ്തകങ്ങൾ അവിടുന്നു മനസ്സില്ലാമനസ്സോടെ വായിച്ചു. ബ: പ്ലാസിഡ് അച്ചൻ എഴുതിയ "തിരുസഭയും മാർപ്പാപ്പായും" അദ്ദേഹത്തെ വളരെയധികം ആകർഷിച്ചു. അതു പലവുരു വായിച്ചു. അതുപോലെതന്നെ "അന്ത്യോക്യാ പാത്രിയർക്കീസ്" മുതലായവയും. ഫലമോ? ഗ്രന്ഥപാരായണം "ഉർവ്വശീശാപ"മായിട്ടാണു പരിണമിച്ചതു്. "സാവൂളി"ന്റെ ആന്തരികനേത്രങ്ങൾ തുറന്നു. പത്രോസാകുന്ന കരിങ്കൽപ്പാറമേൽ നമ്മുടെ കർത്താവു സ്ഥാപിച്ച സഭ—നരകവാതിലുകൾക്കു് അജയ്യമായ സഭ— കത്തോലിക്കാസഭയാണെന്നും താൻ നാനാപ്രകാരേണയും പീഡിപ്പിച്ചുകൊണ്ടിരുന്നതു് അവളെത്തന്നെയാണെന്നും അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു.

17-ാം നൂററാണ്ടിൽ മലങ്കരസഭയ്ക്കുണ്ടായ പിളർപ്പിനെ യോജിപ്പിക്കുന്ന പാലംപണി പൂർത്തിയാക്കുവാൻ "തിരഞ്ഞെടുക്കപ്പെട്ട പാത്ര"മായി അദ്ദേഹം അനേകരിൽനിന്നു വേർതിരിക്കപ്പെട്ടു. എന്നാൽ കാൽ മുമ്പോട്ടുവയ്ക്കുവാൻ അല്പം മടി. ജനിച്ചുവളർന്ന ഓർത്തഡോക്സ് സുസഭയേയും വൈദികമേലദ്ധ്യക്ഷന്മാരേയും ചാർച്ചക്കാരെത്തന്നേയും ഉപേക്ഷിക്കുവാൻ ഒരു വിഷമം. അവസാനം ഈ പ്രലോഭനങ്ങളെ അദ്ദേഹം ജയിച്ചു. ദിവ്യനാഥനുവേണ്ടി അതിനെയെല്ലാം വിട്ടുപേക്ഷിച്ചു; സത്യത്തിന്റെ മുമ്പിൽ തലകുനിച്ചു; മനസ്സാക്ഷിയുടെ പ്രേരണയ്ക്കു വശംവദനായി; കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു.

മനസ്സാക്ഷിയുടെ സ്വരം എന്നും അദ്ദേഹത്തെ നയിച്ചിരുന്നു. സത്യസഭ യാക്കോബായസഭയാണെന്നു വിശ്വസിച്ചിരുന്നപ്പോൾ അവളുടെ സർവ്വവിധമായ ഉന്നമനത്തിനുവേണ്ടി അദ്ദേഹം അവിശ്രാന്തം പരിശ്രമിച്ചു. കത്തോലിക്കാസഭയ്ക്കു അന്നദ്ദേഹം സാവൂളായിരുന്നു. അദ്ദേഹത്തിന്റെ സമുദായസ്നേഹത്തിനു് ഒരുദാഹരണമാണു് ഇന്നും അവിടുത്തെ മാതൃസഹോദരി തനിച്ചു യാക്കോബായസഭയിൽ നില്ക്കുന്നതു് (ഭർത്താവും മററും കത്തോലിക്കാസഭയിൽ). തിരുമേനി വൈദികനായിരുന്നകാലത്തു് ആ സഹോദരി കത്തോലിക്കാസഭയിൽ ചേരുവാനാഗ്രഹിച്ചു് അദ്ദേഹത്തോടു് അനുവാദം ചോദിച്ചു. "ഒരിക്കലും നരകത്തിൽപോകുവാൻ ഞാൻ അനുവദിക്കയില്ല" എന്നുപറഞ്ഞു് അദ്ദേഹം അവരെ തടഞ്ഞു. വാസ്തവം മനസ്സിലാക്കി തിരുമേനി പുനരൈക്യപ്പെട്ടപ്പോൾ അവരെ അറിയിച്ചില്ലപോലും.

കത്തോലിക്കാസഭയിൽ പ്രവേശിച്ചതിനുശേഷമോ? "അകത്തോലിക്കരുടെ പ്രേഷിതനായ" പൗലോസായിരുന്നു തിരുമേനി. ആലവിട്ടലയുന്ന ആടുകളെ സുരക്ഷിതമായ ആലയിലേക്കു ആനയിക്കുവാൻ ആയുസ്സും ആരോഗ്യവും പണയപ്പെടുത്തി അദ്ദേഹം അദ്ധ്വാനിച്ചു. അതിനു മതിയായ തെളിവാണു് ആടുകളെ മേയിച്ചുകൊണ്ടിരിക്കെ, മേച്ചിൽസ്ഥലത്തു മരിച്ചുവീണ ആ ഇടയന്റെ ചിത്രം!

"കാലമാകുന്ന മണൽത്തിട്ടയിൽ മായാത്ത പാദമുദ്രകൾ പതിച്ചിട്ടു്" അദ്ദേഹം ദിവംഗമിച്ചു. പ്രഥമ ചരമവാർഷികമാണിന്നു്. അദ്ദേഹം നല്ല സ്ഥലത്തു വിതച്ചിരുന്ന സുവിശേഷവിത്തിൽനിന്നു് ആയിരംമേനി വിളവാണു് ഈ ഒരുവർഷത്തിനിടയിൽ ശേഖരിച്ചതു്. ഇതു കൺകുളിർക്കെ കണ്ടുകൊണ്ടു് അദ്ദേഹം ഇന്നു സന്തോഷിക്കുകയാണു്. സർവ്വശക്തൻ അദ്ദേഹത്തിനു നിത്യാശ്വാസം നൽകട്ടെ! അവിടുത്തെ മക്കളായ ഞങ്ങൾ—താതന്റെ വിയോഗത്തിൽ വിലപിക്കുന്ന ഞങ്ങൾ—ആശ്വസിപ്പിക്കപ്പെടട്ടെ! ദിവ്യനാഥന്റെ ശക്തിമത്തായ പ്രാർത്ഥന, ഒരിടയനും ഒരുതൊഴുത്തുമാകുവാനുള്ള പ്രാർത്ഥന, തന്നിൽ എല്ലാവരും ഒന്നാകുവാനുള്ള അവിടുത്തെ പ്രാർത്ഥന വേഗത്തിൽ നിറവേറട്ടെ! പുനരൈക്യമാകുന്ന തരു മലയാളദേശത്തു നട്ടുപിടിപ്പിച്ചവരേയും നനച്ചു വളർത്തിയവരേയും പ്രാർത്ഥനകളിലും ബലികളിലും സർവ്വദാ സ്മരിക്കാം.

## സ്വർഗ്ഗരാജ്ഞി

ദേവമാതാവിന്റെ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ചു് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാർക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്, എറണാകുളം- 1



## ബാലരംഗം

### 55-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

നാരകത്തിൽ കായ്ച്ച
നാരങ്ങ = 6

### പ്രശ്നം നമ്പ്ര് 56

(തോമസ് ടി. മണ്ഡപത്തിൽ
Reg. No. 1)

ബാലലോകത്തിൽ വളരെയധികം പടർന്നുപിടിച്ചിട്ടുള്ള ഒരു ശീലമാണു് ഞാൻ. യുവലോകത്തിനു ഞാനൊരു "ഫാഷനാ"ണു്. ചുരുക്കം ചില യുവതികൾക്കും എന്നോടു മമതയുണ്ടു്. എന്റെ പേരിനു നാലക്ഷരമേയുള്ളു. ഒന്നും രണ്ടും അക്ഷരങ്ങൾ ചേർന്നാൽ ഞാൻ തീയുടെ ഒഴിയാമിത്രമാണു്. മൂന്നും നാലും അക്ഷരങ്ങൾ ചേർന്നാൽ ഞാൻ ഒരു ബലപരീക്ഷണമായി. ഒന്നും നാലും അക്ഷരങ്ങൾ ചേർന്നാൽ ഞാനൊരു കാട്ടുമൃഗമായി മാറും. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

### "ദൈവത്തിനു സമർപ്പിച്ചതു് ദൈവത്തിനു്"

(ചിന്നമ്മ ജേക്കബ്ബ്, പുത്തൻപുര)

മാത്തുച്ചേട്ടന്റെയും അന്നച്ചേട്ടത്തിയുടേയും ദാമ്പത്യവല്ലരിയിൽ മൊട്ടിട്ടു വികസിച്ചുവരുന്ന രണ്ടു ഇളം പുഷ്പങ്ങളാണു് ജോണിയും സിസിലിയും; ഇരുപതുകൊല്ലത്തെ ദാമ്പത്യജീവിതത്തിൽ ദൈവം അവർക്കു നൽകിയ സുരഭിലകുസുമങ്ങൾ.

മാത്തുച്ചേട്ടന്റെ ആ കൊച്ചുഭവനത്തിൽ ചില നിയമങ്ങളെല്ലാം അയാൾ നടപ്പിലാക്കിയിട്ടുണ്ടു്. അതു പരിഷ്കാരത്തിന്റെ കൂത്തരങ്ങല്ല. മററു ധനവാന്മാരുടെ ഭവനങ്ങളിലെപ്പോലെ അത്യാഡംബരമായ ജീവിതസജ്ജീകരണമോ പൂക്കളാൽ അലംകൃതമായ ഉദ്യാനങ്ങളോ അവിടെ കാണ്മാനില്ല.

ജോയിയുടെ ജനനവേളയിൽ ആ പിഞ്ചുകുഞ്ഞിനെ മാത്തുച്ചേട്ടൻ ദൈവത്തിനു സമർപ്പിച്ചു. കടിഞ്ഞൂൽഫലം പള്ളിക്കു് എന്നൊരു വഴക്കം പൂർവ്വക്രിസ്ത്യാനികളുടെ ഇടയിൽ നടപ്പുണ്ടല്ലോ. അതുപോലെ ഒരു സമർപ്പണമായിരിക്കാം മാത്തുച്ചേട്ടന്റേതു്.

മാസങ്ങൾ, അല്ല വർഷങ്ങൾ തന്നെ പലതു കഴിഞ്ഞു. വസന്തകാലം വന്നു. പുഷ്പങ്ങളെല്ലാം വികസിച്ചു് അവയുടെ സൗരഭ്യത്തെ വാനിൽ പരത്തുകയാണു്. ജോണിക്കു് 7-ാം സിസിലിക്കു് 5-ാം വയസ്സു പ്രായമായി. ജോണി മൂന്നിലും സഹോദരി ഒന്നിലുമാണു് പഠിക്കുന്നതു്.

മാത്തുച്ചേട്ടന്റെ ചട്ടങ്ങളിലൊന്നാണു് ആ കുടുംബം മുഴുവനും ദിവസവും ദിവ്യപൂജയിൽ സംബന്ധിക്കണമെന്നതു്. എന്തെല്ലാം ജോലിത്തിരക്കുകളുണ്ടെങ്കിലും ശരി, മാതാപിതാക്കന്മാർ തങ്ങളുടെ വത്സലസന്താനങ്ങളുമൊത്തു് എല്ലാ ദിവസവും ദിവ്യപൂജയിൽ ഭക്തിയോടുകൂടി സംബന്ധിക്കും. അന്നച്ചേട്ടത്തിയേക്കാൾ മാത്തുച്ചേട്ടനു ഇക്കാര്യത്തിൽ നിർബന്ധമാണുപോലും. ആ വത്സലസന്താനങ്ങൾക്കു് പള്ളിയിൽനിന്നു പോരുന്നവഴി അവരുടെ മാതാപിതാക്കന്മാരോടു് പലതും ചോദിക്കാനുണ്ടാകും. മാതാപിതാക്കന്മാർ കുട്ടികൾക്കു സംശയനിവാരണം വരുത്തിക്കൊടുക്കുക പതിവാണു്. കുട്ടികളെ വേദപഠനക്ലാസിൽ മാത്തുച്ചേട്ടൻതന്നെ കൊണ്ടുചെന്നാക്കും.

ജോണി സ്കൂളിലെല്ലാവരുടെയും അഭിമാനപാത്രമാണു്. സൽസ്വഭാവത്തിൽ അവൻ മുന്നോടിയാണു്, ഒരു മാതൃകാവിദ്യാർത്ഥിയാണവൻ. അദ്ധ്യാപകന്മാരുടെ കണ്ണിലുണ്ണിയാണവൻ. അവന്റെ കർത്തവ്യനിർവ്വഹണത്തെക്കുറിച്ചും സത്യസന്ധതയെക്കുറിച്ചും ആ ഇടവകയിലെ വികാരിയച്ചൻതന്നെ പലപ്പോഴും പ്രശംസിച്ചുപറയാറുണ്ടു്.

ഒരു ദിവസം ജോണി തന്റെ പിതാവിനെ സമീപിച്ചു ചോദിക്കുകയാണു്: "അപ്പച്ചാ, നമ്മൾ എന്നും ദിവ്യപൂജയിൽ സംബന്ധിക്കുമ്പോൾ അപ്പച്ചനും അമ്മച്ചിക്കും അച്ചൻ ഒരപ്പം തരുന്നുണ്ടല്ലോ. എന്താണു് ഞങ്ങൾക്കു് തരാത്തതു്?" ഉത്തരത്തിനു ആകാംക്ഷയോടെ അവൻ കാത്തിരിക്കയാണു്. മാത്തുച്ചേട്ടൻ പറഞ്ഞു: "മകനെ അതു് വെറും അപ്പമല്ല. അതിൽ കരുണാനിധിയായ ഈശോ എഴുന്നെള്ളിയിരിപ്പുണ്ടു്. മനുഷ്യമക്കളോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്തെപ്രതി ഈശോ സ്ഥാപിച്ച കുർബാന എന്ന കൂദാശയാണതു്. കുമ്പസാരിച്ചു നമ്മിലുള്ള പാപങ്ങളെയെല്ലാം നിർമ്മൂലനം ചെയ്തു ആത്മശുദ്ധിവരുത്തി

(ശേഷം 13-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1